بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 8

ലക്കം 10-11

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 മാർച്ച് 9–16 /ഹി.ശം. 1402 അമാൻ 9–16/ ഹിജ്റ 1444 ശഅ്ബാൻ 16–23

## അല്ലാഹുവിന്റെ വചനം

وَآخَرِينَ مِنۡهُمۡ لَمَّا يَلۡحَقُوا بِهِمۡ ۚ وَهُوَ الۡعَزِيزُ الۡحَكِيمُ ۝ ذٰلِكَ فَضۡلُ اللّٰهِ يُؤۡتِيهِ مَن يَشَاءُ ۚ وَاللّٰهُ ذُو الۡفَضۡلِ الۡعَظِيمِ ۝ (سورۃ جمعہ:4تا5)

‘അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുന്നേൽപിക്കുന്നതാണ്.) അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു.’(62:4)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹു ത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയ വും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# ബയ്അത്തിന്റെ നിബന്ധനകൾ

1. ജീവിതാവസാനംവരെ സൃഷ്ടിപൂജയിൽനിന്ന് (ശിർക്കിൽനിന്ന്) വിട്ടു നിൽക്കുന്നതാണ്.

2. കളവ്, വ്യഭിചാരം, ദുർന്നോട്ടം, എല്ലാ വിധത്തിലുമുള്ള ദുഷ്കർമങ്ങൾ, ചതി, പരദ്രോഹം, വിശ്വാസവഞ്ചന, സമാധാനഭംഗമുണ്ടാക്കൽ, രാജ്യദ്രോഹം തുടങ്ങിയ ദുർമാർഗങ്ങളിൽനിന്ന് ദൂരപ്പെട്ടിരിക്കുന്നതും എന്തുതന്നെ വികാരാവേശങ്ങൾ വന്നാലും ശരീരേച്ഛകൾക്ക് അടിമപ്പെട്ടുപോകാതിരിക്കുന്നതുമാണ്.

3. അല്ലാഹുവിന്റേയും നബി(സ)തിരുമേനിയുടേയും കൽപനകളനുസരിച്ച് അഞ്ചുനേര നമസ്കാരങ്ങളും കൃത്യമായി നിർവഹിക്കുന്നതും സാധ്യമാകുന്നിടത്തോളം തഹജ്ജുദ് നമസ്കാരം നിർവഹിക്കുന്നതും നബി(സ)തിരുമേനിയുടെപേരിൽ സ്വലാത്തും സലാമും ചൊല്ലുന്നതും ദിവസവും തന്റെ കുറ്റങ്ങൾക്കായി മാപ്പിരക്കുന്നതും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുന്നതും ദൈവസ്മരണയും(ദിക്റെ ഇലാഹി)സ്തോത്രവും(ഹംദ്)നിത്യശീലമാക്കുകയും ചെയ്യുന്നതാണ്.

4. ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ടുകൊണ്ട് ആർക്കുംതന്നെ, ദൈവസൃഷ്ടികൾക്ക് പൊതുവായും മുസ്ലിമീങ്ങൾക്ക് പ്രത്യേകിച്ചും നാവുകൊണ്ടോ, കൈകൊണ്ടോ മറ്റു പ്രകാരത്തിലോ അന്യായമായ ഒരു ക്ലേശവും ഉണ്ടാക്കുന്നതല്ല.

5. സന്താപാവസരത്തിലും സന്തോഷവേളകളിലും സുഖത്തിലും കഷ്ടപ്പാടിലും അനുഗ്രഹ ലബ്ധിയിലും ആപൽഘട്ടത്തിലും എല്ലാ അവസ്ഥയിലും അല്ലാഹുവിനോടു വിശ്വസ്തത പുലർത്തുന്നതും ദൈവഹിതത്തിൽ സംതൃപ്തനായിരിക്കുകയും ചെയ്യുന്നതാണ്. ദൈവമാർഗത്തിൽ എല്ലാ വിധത്തിലുള്ള മാനഹാനിയും ക്ലേശങ്ങളും വരിക്കുവാൻ സന്നദ്ധനായിരിക്കുന്നതാണ്. എന്തുതന്നെ വിപത്തു നേരിട്ടാലും മുഖം തിരിച്ചുകളയാതെ മുമ്പോട്ടു കാൽവയ്ക്കുന്നതുമാണ്.

6. എല്ലാതരത്തിലുള്ള ദുരാചാരങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും സ്വയം ഒഴിഞ്ഞുമാറുകയും വിശുദ്ധ ഖുർആനിന്റെ എല്ലാ ആജ്ഞകൾക്കും പൂർണമായി വിധേയനായിരിക്കുകയും എല്ലാ വഴികളിലും ദൈവവചനങ്ങൾക്കും തിരുനബി വചനങ്ങൾക്കും അനുസൃതമായി ചരിക്കുകയും ചെയ്യുന്നതാണ്.

7. അഹംഭാവം, മിഥ്യാഭിമാനം മുതലായവ പൂർണമായും ഉപേക്ഷിക്കുകയും വിനീതവും ലളിതവും സംസ്കാരപൂർണവും ശാന്തവും അനാഡംബരവുമായ ജീവിതം നയിക്കുകയും ചെയ്യുന്നതാണ്.

8. ദീനിനേയും ദീനിന്റെ അന്തസ്സിനേയും ഇസ്ലാമിന്റെ ക്ഷേമത്തേയും സ്വന്തം ജീവനെക്കാളും മുതലിനെക്കാളും മാനത്തെക്കാളും സന്തതികളെക്കാളും മറ്റു പ്രിയങ്കരമായ എല്ലാറ്റിനെക്കാളും കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ്.

9. അല്ലാഹുവിന്റെ സകല സൃഷ്ടികളോടും ആത്മാർഥമായ സഹാനുഭാവം പ്രകടിപ്പിക്കുന്നതും അല്ലാഹു നല്കിയ കഴിവുകളും അനുഗ്രഹങ്ങളും മുഖേന മനുഷ്യകുലത്തിന് ഉപകാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.

10. നല്ല കാര്യങ്ങളിൽ അനുസരണം പുലർത്തുമെന്ന് സമ്മതിക്കുന്നതോടൊപ്പം കുടുംബങ്ങളിലോ, ഭൗതിക ഇതരബന്ധങ്ങളിലോ, സേവകഭാവങ്ങളിലോ കാണപ്പെടാത്ത സവിശേഷമായൊരു സുദൃഢസാഹോദര്യബന്ധം ഈ വിനീതനുമായി(ഹദ്റത്ത് അഹ്മദു(അ)മായി) പുലർത്തുന്നതും അതു മരണംവരെ നിലനിറുത്തിപ്പോരുന്നതുമാണ്. (ഇൻശാ അല്ലാഹ്)

(ഇശ്തിഹാർ തക്മീലെ തബ്ലീഗ് 1889 ജനുവരി 12)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

ബദ്ർ ആഴ്ചപ്പതിപ്പ് "മസീഹ് മൗഊദ് സ്പെഷ്യൽ പതിപ്പ്"

**വിഷയങ്ങൾ** പേജ് നമ്പർ


| വിഷയങ്ങൾ | പേജ് നമ്പർ |
|---|---|
| വിഷയവിവരവും പത്രാധിപക്കുറിപ്പും | 2 |
| ഖുത്‌ബ ജുമുഅ 2023 ഫെബ്രുവരി 3 | 3 |
| ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രം; തവക്കുൽഅലല്ലായുടേയും ദുആ സ്വീകാര്യതയുടേയും ദർപ്പണത്തിൽ | 9 |
| ഗ്രന്ഥരചനകളിലും മതപരമായ സംവാദങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ദൈവപിന്തുണകൾ | 13 |
| ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം കഴിഞ്ഞുകടന്ന മഹാത്മാക്കളുടെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ | 16 |
| ഹുദൂർ അയ്യദഹുല്ലായുടെ യൂറോപ്പ് പര്യടനം | 18 |


لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മഹ്ദിമസീഹ്(അ)ന് ഹദ്റത്ത് മുഹമ്മദു നബി(സ) യോടുള്ള പ്രേമം

മുഹബ്ബത്ത് അതിജയിക്കുന്നതിന്റെ പേരാണ് ഇശ്ഖ്. സ്നേഹത്തിന്റെ അതിജയത്തിന്റെ പേരാണ് പ്രേമമെന്നോ, സ്നേഹം അതിജയിക്കുന്ന അവസ്ഥയുടെ പേരാണ് അനുരാഗമെന്നോ നമുക്കതിനെ ഭാഷാന്തരം ചെയ്യാം.

ശരീരത്തിലും ആത്മാവിലും സ്വയം വലയം ചെയ്തു നില്ക്കുന്ന ഒന്നാണ് മുഹബ്ബത്ത്. ആ സ്ഥാനത്തുനിന്നും സ്നേഹത്തെ മുന്നോട്ടു നയിക്കുന്നതാണ് ഇശ്ഖ്. ഇശ്ഖ് അഥവാ അനുരാഗം അത്ഭുതകരങ്ങളായ സ്വഭാവങ്ങളും അടയാളങ്ങളും വെളിപ്പെടുത്തുകയും ഫലങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

മനുഷ്യൻ തന്റെ പ്രേമഭാജനത്തിന്റെ വർണത്തിൽ വിഭൂഷിതനാകാൻ ആഗ്രഹിക്കുന്നുവെന്നതാണ് മുഹബ്ബത്തിന്റെ മറ്റൊരു പ്രത്യേകത. തന്റെ പ്രേമഭാജനത്തിന്റെ അനക്കവും അടക്കവും, ഇരുത്തവും കിടത്തവും, നടത്തവും നിറുത്തവും അവൻ ഇഷ്ടപ്പെടുന്നു. അതേപോലെ തന്റെ ജീവിതവും ആക്കിത്തീർക്കാൻ അവൻ ശ്രമിക്കുന്നു. തന്റെ പ്രേമഭാജനത്തെ വരവണ്ണം പിൻപറ്റുകയും അനുസരിക്കുകയും ചെയ്യുന്നു. പ്രേമഭാജനത്തിനു വേണ്ടി സർവവും ബലിയർപ്പിക്കുന്നു.

ഹദ്റത്ത് മുഹമ്മദുനബി(സ)യോടുള്ള സ്നേഹം കേവലം വാക്കുകളിലൂടെ പ്രകടിപ്പിക്കുകയും എന്നാൽ, ആ മഹാത്മാവിനോടുള്ള അനുസരണം തന്റെ വഴിയായി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവൻ തന്റെ വാദത്തിൽ സത്യസന്ധനായിരിക്കുകയില്ല. പ്രേമഭാജനത്തോടുള്ള സ്നേഹം സ്വന്തം അസ്തിത്വത്തെ ഇല്ലാതാക്കുന്നു. പൂർണമായും അനുസരണത്തിൽ, തന്നെ ലയിപ്പിക്കുന്നു. പ്രേമഭാജനത്തിന് ഇഷ്ടമില്ലാത്തതൊന്നും അവൻ ചെയ്യുകയില്ല. പ്രേമി, പ്രേമഭാജനത്തിൽ തന്നെ ലയിപ്പിക്കുന്നുവെന്നതാണ് പ്രേമത്തിന്റെ ആദ്യത്തെ പ്രത്യേകത. ഈ പ്രത്യേകതയില്ലെങ്കിൽ അവിടെ സ്നേഹമില്ല. പ്രേമവുമില്ല. വെറും ആത്മപ്രശംസയാണത്. യാഥാർഥ്യം ഒന്നും അതുൾക്കൊള്ളുന്നില്ല. കവികളുടെ ഭാവനകളെക്കാളുപരി അതിന് ഒരു പ്രസക്തിയുമില്ല. അതിന്റെ പിന്നിൽ അമലുകൾ ഇല്ല. അതുകൊണ്ടുതന്നെ കാര്യങ്ങൾക്കൊന്നും ആകർഷണ ശക്തിയുണ്ടാകുകയില്ല. കേൾക്കുന്നവരിൽ അതൊരു സ്വാധീനവും ഉണ്ടാക്കുകയുമില്ല.

എന്നാൽ, നന്മയുടേയും ഔദാര്യങ്ങളുടേയും ഉറവിടമായ ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)യെ യഥാർഥമായി സ്നേഹിക്കുന്നവന്റെ ഓരോ കാര്യവും ആ സ്നേഹത്തിന്റെ പരിശുദ്ധമായ അരുവിയിൽനിന്ന് മുങ്ങിയെടുത്തിട്ടുള്ളതായിരിക്കും. അതിന്റെ നിറവും പരിമളവും ജനഹൃദയങ്ങളിൽ ആഴ്ന്നിറങ്ങുന്നതാണ്.

നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിന്റെ ഒരു പ്രത്യേകത ആ മഹാത്മാവിന്റെ യഥാർഥ സൗന്ദര്യം തിരിച്ചറിയുക എന്നതാണ്. അത് സ്വന്തം ജീവിതത്തിൽ വെളിപ്പെടുത്തുക എന്നതാണ്. സ്നേഹിക്കുന്നവരിൽ വെളിപ്പെടുന്ന പ്രേമഭാജനത്തിന്റെ ഉത്കൃഷ്ടമായ സ്വഭാവ ഗുണങ്ങൾ, മറ്റുള്ളവർക്ക് അജ്ഞാതമായിരിക്കും. അക്കാരണത്താൽ അവർക്ക് സ്നേഹത്തിന്റെ യഥാർഥ നിറം ആസ്വദിക്കാൻ കഴിയുകയില്ല.

നബി(സ)യോടുള്ള സ്നേഹത്തിന്റെ ഒരു ലക്ഷണം നബിയുടെമേൽ ആവർത്തിച്ചാവർത്തിച്ച് സ്വലാത്ത് ചൊല്ലണമെന്നുള്ള അതിയായ ആഗ്രഹമാണ്. അല്ലാഹു നബി(സ)യുടെ പദവികൾ ഉന്നതിയിൽനിന്ന് ഉന്നതിയിലേക്ക് ഉയർത്തുന്നതിനുവേണ്ടിയാണിത്. അപരിമിതമായ സവിശേഷഗുണങ്ങളുടെ ഉടമസ്ഥൻ അല്ലാഹു മാത്രമാണ്. മറ്റുള്ളവർക്കെല്ലാം അഭിവൃദ്ധിപ്പെടാൻ അറ്റമില്ലാത്ത മൈതാനം അവൻ ഒരുക്കിയിരിക്കുന്നു. അതുകൊണ്ട് നബി(സ)ന് കൂടുതൽക്കൂടുതൽ അഭിവൃദ്ധി ഉണ്ടാകണമെന്ന് ആഗ്രഹിക്കലും ആ മഹാത്മാവിന്റെ ദിവ്യപ്രകാശം ലോകം മുഴവൻ വ്യാപിക്കണമെന്ന് പ്രാർഥിക്കലും, അതുമുഖേന ദുൻയാവിന്റെ ഇരുട്ട് മാറണമെന്ന് ആശിക്കുന്നതുമെല്ലാം നബി(സ)യെ സ്നേഹിക്കുന്നുവെന്നതിനുള്ള വ്യക്തമായ അടയാളങ്ങളാണ്.

നബി(സ)യോടുള്ള ഇശ്ഖിന്റെ മറ്റൊരു ലക്ഷണം, ആ മഹാത്മാവിന്റെ പ്രേമി ആ മഹാത്മാവ് കൊണ്ടുവന്ന ദീനിന്റെ പുരോഗതിയ്ക്കായി എപ്പോഴും പ്രവർത്തനനിരതനായിരിക്കും എന്നതാണ്. തന്റെ പ്രേമഭാജനത്തിന്നെതിരിൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്ക് തൃപ്തികരമായ മറുപടി നല്കുന്നതാണ്. ആ മഹാത്മാവിന്റെ സത്യം ഏതുവിധേനയും ലോകത്ത് പ്രകാശിപ്പിക്കുന്നതാണ്. ആ മഹാത്മാവിന്റെ പരിശുദ്ധ ജീവിതവും മനോഹരമായ സ്വഭാവഗുണങ്ങളും മലീമസമാക്കി ചിത്രീകരിക്കുന്നത് ഒരിക്കലും അദ്ദേഹം സഹിക്കുകയില്ല. ഇസ്‌ലാമിന്റെ സംരക്ഷണത്തിനും സേവനത്തിനും എല്ലാവിധ ത്യാഗത്തിനും അദ്ദേഹം തയ്യാറായിരിക്കും.

പ്രേമത്തിന്റെ അവസാന ചുവട് എന്ന് പറയുന്നത് വിലയനത്തിന്റെ നില വീണ്ടും ഉയർത്തി സ്വന്തം അസ്തിത്വത്തിൽ പ്രേമഭാജനത്തെ കാണാൻ കഴിയുക എന്നതാണ്. പ്രേമഭാജനംതന്നെ, പ്രേമിയുടെ അസ്തിത്വത്തിലൂടെ, പ്രവർത്തനങ്ങളിലൂടെ വീണ്ടും പ്രകടമാകുക. പ്രേമിയുടെ വരവ് പ്രേമഭാജനത്തിന്റെ വരവായി മാറുക. അതിന്റെ പേരാണ് പ്രതിബിംബനം അഥവാ ബുറൂസ്.

സ്നേഹം ഉളവാകുന്ന 5 വശങ്ങളാണ് ഇവിടെപ്പറഞ്ഞത്. ഇതെല്ലാം വാഗ്ദത്ത മഹ്ദീ മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദിൽ നമുക്ക് കാണാൻ കഴിയും. നമ്മുടെ ഈ ഉമ്മത്തിൽ വലിയ വലിയ ഔലിയാക്കൾ കഴിഞ്ഞു കടന്നിട്ടുണ്ട്. പക്ഷേ, സത്യം പറഞ്ഞാൽ നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ്(അ)ന്റെ ചുവടു എവിടെയാണോ നിലകൊള്ളുന്നത് അതിന്റെ അയലത്തുപോലും എത്താൻ അവർക്കാർക്കും കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. അദ്ദേഹത്തിന്റെ ലിഖിതങ്ങൾ വായിക്കുന്ന ആർക്കും ഈ യാഥാർഥ്യം സമ്മതിക്കാതെ തരമില്ല.

ഒന്നാമതായിപ്പറഞ്ഞത് നബി(സ)യോടുള്ള അനുസരണമാണ്. അല്ലാഹു തന്നോടുള്ള അനുസരണവും തന്റെ റസൂലിനോടുള്ള അനുസരണവും കൂട്ടിച്ചേർത്താണ് പറഞ്ഞിട്ടുള്ളത്; ഒരു കൈയിലെ അടുത്തു നില്ക്കുന്ന രണ്ടു വിരലുകൾപോലെ.

വിശുദ്ധ ഖുർആനിൽ പറയുന്നു:

**വമൻയുത്വിഇല്ലാഹ വ റസൂലഹൂ ഫഖദ് ഫാസ ഫൗസൻ അളീമാ** അല്ലാഹുവിനേയും അവന്റെ റസൂലിനേയും ആരാണോ അനുസരിക്കുന്നത് അവൻ തീർച്ചയായും മഹത്തായ വിജയം പ്രാപിക്കുന്നതാണ്.(33:72)

**ഖുൽ അത്വീഉല്ലാഹ വ അത്വീഉർറസൂല** പറയുക, അല്ലാഹുവിനെ അനുസരിക്കുക, അവന്റെ ദൂതനേയും അനുസരിക്കുക.(24:55)

**മൻയുത്വിഇർറസൂല ഫഖദ് അത്വാഅല്ലാഹ്** ഏതൊരാൾ റസൂലിനെ അനുസരിക്കുന്നുവോ തീർച്ചയായും അയാൾ അല്ലാഹുവിനെ അനുസരിച്ചു. (4:81)

**ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹ്** എന്നെ പിന്തുടരുക എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കും (3:32)

അല്ലാഹുവിനെ അനുസരിക്കലും അവന്റെ റസൂലിനെ അനുസരിക്കലും ഒരേയൊരു കാര്യം തന്നെയാണ്. അല്ലാഹുവിന്റെ കല്പനകളെ അനുസരിക്കൽ തന്നെയാണ് അല്ലാഹുവിന്റെ റസൂലിനെ അനുസരിക്കൽ. നബി(സ)യുടെ ജീവിതമാതൃകയെ പിൻപറ്റൽ അല്ലാഹുവിനെ അനുസരിക്കലാണ്. ഹദ്റത്ത് മിർസാ ഗുലാംഅഹ്‌മദ്(അ) തന്റെ അറബി ഗ്രന്ഥമായ ആയിനയെ കമാലാത്തെ ഇസ്‌ലാമിൽ പറയുന്നു: "എന്റെ അവസ്ഥ ഉദാരവാനായ അല്ലാഹു നല്ലവണ്ണം അറിയുന്നു. അവൻ എന്നിൽ സമ്പൂർണമായ നിലയിൽ ബർക്കത്തുകൾ ഇറക്കിയിരിക്കുന്നു. നബി(സ)തിരുമേനിയെ പിൻപറ്റുന്നതിൽ ചൂടേറിയ ഒരു പ്രകൃതി നല്കി എന്നെ അയച്ചിരിക്കുന്നു; യഥാർഥ അനുസരണത്തിന്റെ വഴികൾ ജനങ്ങളെ പഠിപ്പിക്കാൻ. വൈജ്ഞാനികപരവും കർമപരവുമായുള്ള അശ്രദ്ധക്കുറവുകൊണ്ട് അവരെ മൂടിക്കൊണ്ടിരിക്കുന്ന കൂരിരുട്ടിൽനിന്ന് അവരെ പുറത്തുകൊണ്ടുവരാൻ അവൻ എന്നെ അയച്ചിരിക്കുന്നു. എന്റെ ആത്മാവിൽ ഞാൻ സമ്പാദിച്ചെടുത്ത എന്തെങ്കിലും അറിവുണ്ടെന്ന വാദം എനിക്കില്ല. എന്നല്ല എന്റെ കഴിവില്ലായ്മയും നിസ്സാരതയും ഞാൻ ആദ്യമെ സമ്മതിച്ചുകൊള്ളുന്നു. പക്ഷേ, എന്നെപ്പോലെ നിസ്സാരനും എളിയവനും നിരക്ഷരനുമായ ഒരാളെ ഉദാരവാനായ അല്ലാഹു തന്റെ ശിക്ഷണത്തിൽ എടുത്തു എന്ന കാര്യവും മറച്ചു വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആ സത്യപരമായ യാഥാർഥ്യങ്ങളെക്കുറച്ചും സമ്പൂർണമായ ഈശ്വരജ്ഞാനങ്ങളെക്കുറിച്ചും എനിക്ക് അറിയിച്ചു തന്നു. സകല ചിന്തകന്മാരെക്കാളും അധികം ഞാൻ ചിന്തിച്ചാലും ഒരു ദീർഘകാലം അതു തുടർന്നുകൊണ്ടിരുന്നാലും എനിക്ക് ആ യാഥാർഥ്യങ്ങളും ഈശ്വരജ്ഞാനങ്ങളും പ്രാപിക്കാൻ സാധിക്കുമായിരുന്നില്ല." (പേജ് 34, 35)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതം പഠനവിധേയമാക്കുമ്പോൾ തുടക്കംമുതലെ ആ മഹാത്മാവ് ഇതേ വഴിയിലൂടെ സഞ്ചരിച്ചു വന്നതായി നമുക്ക് കാണാൻ കഴിയുന്നു. അല്ലഹുവിനോടും അവന്റെ റസൂലിനോടുമുള്ള അനുസരണം അദ്ദേഹത്തിന്റെ ശരീരത്തിന്റെ ഭാഗമായിരുന്നു. ആരംഭത്തിൽതന്നെ നമസ്കാരങ്ങളിലും ദൈവസ്മരണയിലും മുഴുകി. പൊതുവെ പള്ളിയിൽത്തന്നെയായിരുന്നു അധികവും കഴിഞ്ഞിരുന്നത്. പള്ളിയിൽ ഉലാത്തുമ്പോഴും വിശുദ്ധ ഖുർആൻ പാരായണം ചെയ്തിരുന്നു. കണ്ണീർ ധാരധാരയായി ഒഴുകാറുണ്ടായിരുന്നു. രാത്രികൾ കഴിച്ചിരുന്നത് നഫ്ൽ നമസ്കാരങ്ങളിലും ദിക്റെ ഇലാഹിയിലും ആയിരുന്നു. എന്തെങ്കിലും ജോലി ചെയ്യാൻ ആഗ്രഹമുണ്ടോ എന്ന് പിതാവ് ഒരിക്കൽ അന്വേഷിപ്പിച്ചു. മറുപടി അയച്ചത്, താൻ ആരുടെ പണിക്കാരനാണോ ആകേണ്ടിയിരുന്നത്, അവന്റെ പണിക്കാരൻ ആയിക്കഴിഞ്ഞിരിക്കുന്നു എന്നായിരുന്നു. നുബുവ്വത്ത്കുടുംബത്തിന്റെ പാരമ്പര്യമനുസരിച്ച് ദിവ്യപ്രകാശത്തിന്റെ നേതൃത്വം വഹിക്കുന്നതിന് മാസങ്ങളോളം നോമ്പു പിടിക്കാൻ ഒരു സ്വപ്നത്തിൽ പറയപ്പെ

(ശേഷം പേജ് 15ൽ)

# ഖുത്ബ ജുമുഅ

**നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധഖുർആനിനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. വിശുദ്ധഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും.**

ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സത്യദാസനെ വിശുദ്ധ ഖുർആനിന്റെ പ്രചാരണത്തിനുവേണ്ടി അല്ലാഹു അയക്കുകയുണ്ടായി, വിശുദ്ധ ഖുർആനിന്റെ സംരക്ഷണത്തിനുവേണ്ടി അയക്കുകയുണ്ടായി. ജനങ്ങളിൽനിന്ന് മറഞ്ഞുകിടക്കുന്ന ജ്ഞാനങ്ങൾ അദ്ദേഹത്തെ പഠിപ്പിച്ചു. ആ മഹാത്മാവ് മുഖേന വിശുദ്ധ ഖുർആനിന്റെ അനുഗ്രഹങ്ങളുടെ ഒരു നീരുറവ ഒഴുക്കുകയുണ്ടായി. ആ മഹാത്മാവ് വന്നതുതന്നെ ലോകത്ത് വിശുദ്ധ ഖുർആനിന്റെ ഭരണം സ്ഥാപിക്കുന്നതിനു വേണ്ടിയായിരുന്നു.

ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ മാത്രമാണ്, ഖുർആനിക ജ്ഞാനങ്ങളും അധ്യാപനങ്ങളും മനസ്സിലാകുന്നത്. അഹ്മദിയ്യ ജമാഅത്ത് മാത്രമാണ് ലോകത്ത് ഈ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതും.

വാഗ്ദത്ത മസീഹി(അ)ൽ വിശ്വസിക്കുന്നവർ ഇന്ന്........ലോകത്തോടു പറയേണ്ടതുണ്ട്. നമ്മുടെമേൽ കുഫ്ർ ഫത്വ പുറപ്പെടുവിക്കുന്നവർക്ക് അഹ്മദികൾ വെറും കെട്ടുകഥകൾ മാത്രം പറയുന്നവരല്ലെന്നും ജീവൽ ഗ്രന്ഥത്തിലും ജീവൽ ദൂതനിലും വിശ്വസിക്കുന്നവരുടെമേൽ ദിവ്യാനുഗ്രഹങ്ങൾ ഇന്നും ഇറങ്ങുമെന്ന് വിശ്വസിക്കുന്നവരാണെന്നും കാണിച്ചു കൊടുക്കേണ്ടതുണ്ട്. അല്ലാഹു ഇന്നും സംസാരിക്കുന്നുവെന്ന് വിശ്വസിക്കുന്നവരാണവർ.

ഭൂരിഭാഗം മുസ്‌ലിമീങ്ങളും വിശുദ്ധ ഖുർആനിനെ വിട്ടുകളഞ്ഞുവെന്നതാണ് സത്യം. പക്ഷേ, എന്നിട്ടും വിശുദ്ധ ഖുർആനിന്റെ പ്രകാശങ്ങളും ബർക്കത്തുകളും അതിന്റെ പ്രഭാവങ്ങളും എപ്പോഴും ജീവനുള്ളതും പുതുപുത്തനായി ഇരിക്കുന്നതുമാണ്. അങ്ങനെ ഞാൻ ഈ നേരത്ത് അത് തെളിയിക്കുന്നതിനുവേണ്ടി അയക്കപ്പെട്ടിരിക്കുന്നു. അല്ലാഹു എപ്പോഴും അതാതിന്റെ നേരത്ത് തന്റെ ദാസന്മാരെ അതിന്റെ സഹായത്തിനും പിന്തുണയ്ക്കും വേണ്ടി അയച്ചുകൊണ്ടിരുന്നു. കാരണം അല്ലാഹു ഇന്നാ നഹ്നു നസ്സൽന്നദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ(15:10) അതായത് സത്യമായും ഈ പ്രബോധനഗ്രന്ഥം ഇറക്കിയതു നാം തന്നെയാണ്. തീർച്ചയായും നാംതന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്, എന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു.”

**ഞാൻ ഉൾക്കാഴ്ചയോടെ പറയുന്നു, വിശുദ്ധ ഖുർആനിലെ ഏതെങ്കിലും കാര്യം അവതരിപ്പിക്കുക. അത് അതിന്റെ സ്ഥാനത്ത് ഒരു ദൃഷ്ടാന്തവും ദിവ്യാത്ഭുതവുമായിരിക്കും.**

**വിശുദ്ധ ഖുർആൻ ലക്ഷ്യമാക്കുന്നത് മുഴുവൻ ലോകത്തിന്റേയും പരിഷ്കരണമാണ്. അത് സംബോധന ചെയ്യുന്നത് ഏതെങ്കിലും പ്രത്യേക ജനതയെ അല്ല. പ്രത്യുത അത് പരസ്യമായി പ്രഖ്യാപിക്കുന്നു, മുഴുലോകത്തിനുംവേണ്ടി ഇറങ്ങിയതാണെന്ന്.**

അല്ലാഹു നിങ്ങൾക്ക് വിശുദ്ധ ഖുർആൻ പോലുള്ള ഗ്രന്ഥം നല്കിക്കൊണ്ട് നിങ്ങളെ സഹായിച്ചിരിക്കുന്നു. ഞാൻ സത്യമായും പറയുന്നു, **നിങ്ങളെ വായിച്ചു കേൾപിച്ച ഈ ഗ്രന്ഥം ക്രിസ്ത്യാനികൾ വായിച്ചു കേൾപ്പിച്ചിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ല.**

അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചിട്ടുള്ളത് ഇസ്‌ലാമിന്റെ സത്യത്തിന് ജീവസുറ്റ തെളിവുകൾ നല്കുന്നതിനുവേണ്ടിയാണ്. നബി(സ)തിരുമേനിയെ പരിപൂർണമായും പിൻപറ്റിയതുകൊണ്ട് 13 നൂറ്റാണ്ടുകൾക്കു മുമ്പേ വെളിപ്പെട്ട അനുഗ്രഹങ്ങൾ ഇക്കാലത്തും വെളിപ്പെടുത്തുന്നതിനുവേണ്ടിയാണ്.

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൈവജ്ഞാനപരമായ മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതകളേയും മഹത്വത്തേയും കുറിച്ച് വിവരിക്കുന്ന ഹൃദയസ്പൃക്കായ ഖുത്ബ ജുമുഅ**

**ഖുത്ബ ജുമുഅ 2023 ഫെബ്രുവരി 03/1401 തബ്ലീഗ് 03**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ - الرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ - صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ -

ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശുദ്ധ ഖുർആനിന്റെ കൃപാതിരേകം വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: “അതിന്റെ കൃപാതിരേകത്തിന്റേയും അനുഗ്രഹങ്ങളുടേയും മൂല്യം എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നു. അത് നബി(സ)തിരുമേനിയുടെ കാലത്തുണ്ടായിരുന്നതുപോലെ എല്ലാകാലത്തും പ്രകടവും തിളക്കമാർന്നതുമാണ്.” (മൽഫൂദാത്ത് വാള്യം 3, പേജ് 57, 1984 പതിപ്പ്)

വീണ്ടും ആ മഹാത്മാവ് പറയുന്നു: ഭൂരിഭാഗം മുസ്‌ലിമീങ്ങളും വിശുദ്ധ ഖുർആനിനെ വിട്ടുകളഞ്ഞുവെന്നതാണ് സത്യം. പക്ഷേ, എന്നിട്ടും വിശുദ്ധ ഖുർആനിന്റെ പ്രകാശങ്ങളും ബർക്കത്തുകളും അതിന്റെ പ്രഭാവങ്ങളും എപ്പോഴും ജീവനുള്ളതും പുതുപുത്തനായി ഇരിക്കുന്നതുമാണ്. അങ്ങനെ ഞാൻ ഈ നേരത്ത് അത് തെളിയിക്കുന്നതിനുവേണ്ടി അയക്കപ്പെട്ടിരിക്കുന്നു. അല്ലാഹു എപ്പോഴും അതാതിന്റെ നേരത്ത് തന്റെ ദാസന്മാരെ അതിന്റെ സഹായത്തിനും പിന്തുണയ്ക്കും വേണ്ടി അയച്ചുകൊണ്ടിരുന്നു. കാരണം അല്ലാഹു **ഇന്നാ നഹ്നു നസ്സൽന്നദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ**(15:10) അതായത് സത്യമായും ഈ പ്രബോധനഗ്രന്ഥം ഇറക്കിയതു നാം തന്നെയാണ്. തീർച്ചയായും നാം തന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്, എന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു.”(മൽഫൂദാത്ത് വാള്യം 8,പേജ് 116–117, 1984 പതിപ്പ്)

ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സത്യദാസനെ വിശുദ്ധ ഖുർആനിന്റെ പ്രചാരണത്തിനുവേണ്ടി അല്ലാഹു അയക്കുകയുണ്ടായി, വിശുദ്ധ ഖുർആനിന്റെ സംരക്ഷണത്തിനുവേണ്ടി അയക്കുകയുണ്ടായി. ജനങ്ങളിൽനിന്ന് മറഞ്ഞുകിടക്കുന്ന ജ്ഞാനങ്ങൾ ആദ്ദേഹത്തെ പഠിപ്പിച്ചു. ആ മഹാത്മാവ് മുഖേന വിശുദ്ധ ഖുർആനിന്റെ അനുഗ്രഹങ്ങളുടെ ഒരു നീരുറവ ഒഴുക്കുകയുണ്ടായി. ആ മഹാത്മാവ് വന്നതുതന്നെ ലോകത്ത് വിശുദ്ധ ഖുർആനിന്റെ ഭരണം സ്ഥാപിക്കുന്നതിനു വേണ്ടി യായിരുന്നു.

പക്ഷേ, ദൗർഭാഗ്യവശാൽ, നാമധാരികളായ പണ്ഡിത വർഗം ആ മഹാത്മാവ് വാദം പുറപ്പെടുവിച്ചതുമുതൽത്തന്നെ അതിനെ എതിർക്കുക എന്നത് തങ്ങളുടെ ലക്ഷ്യമാക്കി മാറ്റുകയും തെളിവും ബുദ്ധിപരമായ ഒരു കാര്യവും കേൾക്കാൻ കൂട്ടാക്കാതിരിക്കുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങളേയും വഴിപിഴപ്പിച്ചുകൊണ്ടിരിക്കുകയാണ്. സ്വയം അറിവും ദൈവിക ജ്ഞാനവുമില്ലാത്തവരാണെന്ന് മാത്രമല്ല സർവ്വശക്തനായ അല്ലാഹു ഈ ദൗത്യത്തിന് അയച്ചവന്റെ വഴിയിൽ തടസ്സങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും അത് അവർ വിശുദ്ധ ഖുർആനിന്റെ സേവനമായി കണക്കാക്കുകയും ചെയ്യുന്നു!!

പാക്കിസ്താനിൽ ഇടയ്ക്കിടെ ഈ പണ്ഡിതന്മാർ പ്രകോപിതരാകാറുണ്ട്. അവരോടൊപ്പം വിലകുറഞ്ഞ പ്രശസ്തിക്കുവേണ്ടി ചില രാഷ്ട്രീയക്കാരും സർക്കാർ ഉദ്യോഗസ്ഥരും ചേർന്നുകൊണ്ട് അഹ്മദികളെ പല കാരണങ്ങളാൽ അക്രമങ്ങൾക്ക് കുറിമാനമാക്കുന്നു. കഴിഞ്ഞ കുറച്ചു കാലമായി ഇക്കൂട്ടർ അഹ്മദികൾക്കെതിരെ വിശുദ്ധ ഖുർആനിനെ നിന്ദിച്ചുവെന്നും വളച്ചൊടിച്ചുവെന്നുമുള്ള കേസുകൾ കെട്ടിച്ചമച്ചുണ്ടാക്കാൻ ശ്രമിക്കുന്നു. അല്ലാഹു അവരുടെ ദ്രോഹപ്രവൃത്തികളിൽനിന്ന് സംരക്ഷിക്കുകയും ഈ വ്യാജവും ക്രൂരവുമായ ആരോപണത്തിൽ അറസ്റ്റിലായ അഹ്മദികളെ

വേഗത്തിൽ മോചിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ ഉണ്ടാക്കുകയും ചെയ്യുമാറകട്ടെ.

എന്തായാലും, ഞാൻ പറഞ്ഞു വന്നതുപോലെ, ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ മാത്രമാണ്, ഖുർആനിക ജ്ഞാനങ്ങളും അധ്യാപനങ്ങളും മനസ്സിലാകുന്നത്. അഹ്മദിയ്യ ജമാഅത്ത് മാത്രമാണ് ലോകത്ത് ഈ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതും.

വിശുദ്ധ ഖുർആനിന്റെ മഹത്ത്വത്തെയും പ്രാധാന്യത്തെയും അതിന്റെ സ്ഥാനത്തെയും മഹിമയെയും കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വചനങ്ങളിലും രചനകളിലും വിവരിച്ചതും നമുക്ക് നൽകിയതുമായ ജ്ഞാനം ഇന്ന് ഞാൻ വിവരിക്കുന്നതാണ്.

വിശുദ്ധ ഖുർആനിന്റെ സമ്പൂർണവും പരിപൂർണവുമായ അധ്യാപനത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു:

വിശുദ്ധ ഖുർആൻ അതിന്റെ അധ്യാപനങ്ങളിൽ സമ്പൂർണമാണെന്നതും അതിന് പുറത്ത് ഒരു സത്യവുമില്ലെന്നതുമാണ് എന്റെ മതം. കാരണം അല്ലാഹു പറയുന്നു: **വ നസ്സൽനാ അലയ്ക്കൽ കിതാബ തിബ്‌യാനൻ ലികുല്ലി ശയ്ഇൻ മാ ഫർറത്നാ ഫിൽകിതാബി മിൻ ശയ്ഇൻ**(16:90) (ഈ ഗ്രന്ഥത്തെ എല്ലാ കാര്യങ്ങളും വിശദീകരിക്കുന്നതും അനുസരണം പുലർത്തുന്നവർക്ക് മാർഗദർശകവും കാരുണ്യവും സുവിശേഷവുമായി നാം നിനക്ക് അവതരിപ്പിച്ചിരിക്കുന്നു). അതായത് ഈ ഗ്രന്ഥത്തിൽനിന്ന് നാം ഒന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ, അതിനോടൊപ്പം ആ മഹാത്മാവ് പറയുന്നു: “എന്റെ വിശ്വാസമെന്തെന്നാൽ വിശുദ്ധ ഖുർആനിൽനിന്ന് എല്ലാ മതപരമായ വിഷയങ്ങളും വേർതിരിച്ചെടുക്കുന്നതും അനുമാനിക്കുന്നതും അല്ലാഹുവിന്റെ ഇച്ഛയനുസരിച്ച് അതിന്റെ സങ്കീർണതയുടെ ശരിയായ വ്യാഖ്യാനം നൽകുന്നതും ഒരു ഗവേഷകന്റേയോ ഒരു മൗലവിയുടേയോ ജോലിയല്ല. അതിന്റെ വിശദാംശങ്ങളും വ്യാഖ്യാനങ്ങളും വിവരിക്കാനും ആഴത്തിൽച്ചെന്ന് അതിന്റെ അറിവിന്റെയും ജ്ഞാനത്തിന്റെയും മുത്തുകൾ പുറത്തെടുക്കാനുമുള്ള കഴിവ് എല്ലാവർക്കും നൽകിയിട്ടില്ല.”ആ മഹാത്മാവ് പറഞ്ഞു, പ്രത്യുത ഇത് പ്രത്യേകിച്ചും നുബുവ്വത്ത് അല്ലെങ്കിൽ ഉന്നതമായ വിലായത്തിന്റെ (ദൈവത്തിൽ വിലയം പ്രാപിച്ച അവസ്ഥ)പദവിയിലെത്തിയവരുടെയും ദൈവിക വെളിപാടുകൾ മുഖേന സഹായം ലഭിച്ചവരുടെയും പ്രവൃത്തിയാണ്.”

ആർക്കാണോ അല്ലാഹു കഴിവുകൾ നല്കിയിട്ടില്ലാത്തത്, ജ്ഞാനംതന്നെ നല്കിയിട്ടില്ലാത്തത്, ഈശ്വരജ്ഞാനം തന്നെ നല്കിയിട്ടില്ലാത്തത് അവർക്ക്ചെയ്യാനുള്ളത്, കഴിഞ്ഞുകടന്നഖുർആൻ വ്യാഖ്യാതാക്കൾ, തഖ്‌വയിലൂടെ നടന്നു നീങ്ങിയിരുന്ന നമ്മുടെ പഴയ ഇമാമുമാർ എഴുതിയിട്ടുള്ള തഫ്സീറുകൾ മുന്നിൽ വെക്കുകയും അതനുസരിച്ച് കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക എന്നതാണ്. സ്വന്തമായി തെറ്റായ വ്യാഖ്യാനം നൽകാൻ നിൽക്കാതെ വിശുദ്ധ ഖുർആനിന്റെ ബാഹ്യമായ അറിവുകൾ എത്രയുണ്ടോ അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക എന്നതാണ്.”

ആ മഹാത്മാവ് പറയുന്നു: “വെളിപാടിന്റെയും വിലായത്തിന്റേയും പ്രകാശത്താൽ വിഭൂഷിതരും ഇല്ഹാം മുത്വഹ്ഹറൂൻ അഥവാ പരിശുദ്ധരാക്കപ്പെട്ടവരും മുഖേന നിസ്സംശയം വിശുദ്ധ ഖുർആനിന്റെ മറഞ്ഞു കിടക്കുന്ന ജ്ഞാനങ്ങൾ തുറക്കപ്പെടുമെന്നതാണ് അല്ലാഹുവിന്റെ സുന്നത്ത്. അല്ലാഹു തന്റെ വിശിഷ്ട ദാസന്മാർക്ക് വിശുദ്ധ ഖുർആനിന്റെ അഗാധമായ ജ്ഞാനങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുന്നു.

അപ്രകാരം നബി(സ)തിരുമേനി വിശുദ്ധ ഖുർആനിലില്ലാത്തതായി ഒന്നും നൽകിയിട്ടില്ലെന്നും അവർക്ക് ബോധ്യപ്പെടുത്തുന്നു. ഹദീഥുകളിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നുവെന്നും ഇവിടെ അങ്ങനെ പറഞ്ഞിട്ടുണ്ടെന്നും ചിലർ പറയാറുണ്ട്. എന്നാൽ, അല്ലാഹു വിശുദ്ധ ഖുർആനിന്റെ അറിവും ജ്ഞാനവും നൽകുമ്പോൾ, നബി(സ) തിരുമേനി വിശുദ്ധ ഖുർആനിൽനിന്ന് പുറത്ത് ഒന്നും സംസാരിച്ചിട്ടില്ലെന്ന് അതിൽനിന്ന് വ്യക്തമാകുന്നതാണ്.”(അൽഹഖ് മുബാഹഥ ലുധിയാന, റൂഹാനീ ഖസാഇൻ വാല്യം 4, പേജ് 80–81)

ഇക്കാലഘട്ടത്തിൽ, വിശുദ്ധ ഖുർആനിന്റെ അറിവും ജ്ഞാനവും പ്രദാനം ചെയ്യുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു അയച്ചിരിക്കുന്നു.

മാർഗദർശനത്തിന്റെ ആദ്യമാർഗം വിശുദ്ധഖുർആനാണെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“നിങ്ങളുടെ രക്ഷാ മാർഗത്തിന്നായി അല്ലാഹു നിങ്ങൾക്ക് മൂന്ന് കാര്യങ്ങൾ നല്കിയിരിക്കുന്നു എന്നതാണെന്റെ മതം. അവയിൽ പ്രഥമസ്ഥാനം ഖുർആനാണ്. ഇതിൽ അല്ലാഹുവിന്റെ ഏകത്വത്തേയും പ്രതാപത്തേയും മഹത്വത്തേയും കുറിച്ച് പറഞ്ഞിരിക്കുന്നു. യഹൂദികളിലും ക്രിസ്ത്യാനികളിലും ഉണ്ടായിരുന്ന അഭിപ്രായഭിന്നതകൾക്കുള്ള തീരുമാനം ചെയ്യപ്പെട്ടിരിക്കുന്നു.” അതായത് അല്ലാഹു ഹദ്റത്ത് ഈസായ്ക്ക് തന്റെ സാമീപ്യം നല്കി അനുഗ്രഹിച്ചിട്ടില്ലെന്നുള്ള യഹൂദികളുടെ വീക്ഷണംപോലെ. പക്ഷേ, പറഞ്ഞു:

“ഇപ്രകാരംതന്നെ അല്ലാഹുവിനെയല്ലാതെ മറ്റാരേയും ആരാധിക്കുന്നത് വിശുദ്ധ ഖുർആനിൽ വിലക്കപ്പെട്ടിരിക്കുന്നു.” ഒന്നു പറഞ്ഞത്, ഈസായുടെമേൽ ഉന്നയിക്കപ്പെട്ട ആക്ഷേപം തെറ്റാണെന്നാണ്. രണ്ടാമത് പറഞ്ഞത് അല്ലാഹുവിനെയല്ലാതെ മറ്റാരേയും ആരാധിക്കരുതെന്നാണ്. മനുഷ്യനേയോ, മൃഗങ്ങളെയോ, സൂര്യനെയോ, ചന്ദ്രനെയോ, മറ്റേതെങ്കിലും നക്ഷത്രത്തേയോ, കാര്യഹേതുക്കളെയോ, സ്വന്തം നഫ്സിനെയോ. ആരാധിക്കരുതെന്ന് പറഞ്ഞ് വിശുദ്ധ ഖുർആൻ വിലക്കിയിരിക്കുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു എല്ലാത്തരം ശിർക്കുകളും നിരോധിക്കുകയും അതിനെ കുറിച്ച് ഉപദേശിക്കുകയും അത് തുറന്നു പറയുകയും ചെയ്തിരിക്കുന്നു. അതിനാൽ നിങ്ങൾ ജാഗ്രത പാലിക്കുക, ദൈവിക അധ്യാപനങ്ങൾക്കും ഖുർആനിക നിർദ്ദേശങ്ങൾക്കും എതിരായി ഒരു ചുവടുപോലും വെക്കരുത്. ഖുർആനിലെ എഴുന്നൂറ് കൽപ്പനകളിൽ ഒന്നുപോലും അവഗണിക്കുന്നവൻ സ്വകരങ്ങളാൽ മോക്ഷത്തിന്റെ മാർഗം കൊട്ടിയടക്കുകയാണ് ചെയ്യുന്നതെന്ന് ഞാൻ സത്യമായും പറയുന്നു. യഥാർഥവും സമ്പൂർണവുമായ മോക്ഷത്തിന്റെ മാർഗങ്ങൾ ഖുർആനാണ് തുറന്നുകാട്ടിയത്, മറ്റുള്ളവയെല്ലാം അതിന്റെ പ്രതിഛായകളായിരുന്നു. അതിനാൽ നിങ്ങൾ വിശുദ്ധ ഖുർആൻ ശ്രദ്ധാപൂർവ്വം വായിക്കുക, നിങ്ങൾ ഖുർആനിനെക്കാൾ കൂടുതലായി, മറ്റൊന്നിനേയും സ്നേഹിച്ചിട്ടില്ലാത്ത വിധം സ്നേഹിക്കുക. കാരണം അല്ലാഹു എന്നെ സംബോധന ചെയ്തു കൊണ്ടു പറഞ്ഞു, അൽഖയ്റു കുല്ലുഹു ഫിൽഖുർആനി എല്ലാ വിധത്തിലുള്ള നന്മകളും വിശുദ്ധ ഖുർആനിലുണ്ട്. സത്യവും ഇതുതന്നെയാണ്. അതിനുമേൽ മറ്റു വസ്തുക്കളെ മുന്തിക്കുന്നവർക്ക് അഹോ കഷ്ടം! നിങ്ങളുടെ സകല വിജയങ്ങളുടേയും മോക്ഷത്തിന്റേയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഓരോ ആവശ്യവും വിശുദ്ധഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധഖുർആനിൽ കാണാത്തതായില്ല. പുനരുത്ഥാനനാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് ഖുർആനാകുന്നു. നിങ്ങൾക്ക് നേരിട്ട് സന്മാർഗ്ഗം നല്കാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻ കീഴിൽ ഖുർആനല്ലാതെ മറ്റൊന്നില്ല.”

ചുരുക്കത്തിൽ മാർഗദർശനത്തിന്, മതപരമായ മാർഗ്ഗദർശനത്തിന് ഖുർആനുമായുള്ള ബന്ധം അത്യന്താപേക്ഷിതമാണ്. ഈ അധ്യാപനവും ഈ ചിന്തയും വെച്ചു പുലർത്തുന്ന, തന്റെ അനുയായികളെ ഈ രീതിയിൽ ഉപദേശിക്കുന്ന വ്യക്തിക്ക് വിശുദ്ധ ഖുർആനിൽ എന്തെങ്കിലും വളച്ചൊടിക്കാൻ കഴിയുമോ? അവർ അൽപമെങ്കിലും സ്വബോധത്തോടുകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു.

വീണ്ടും പറയുന്നു: വിശുദ്ധ ഖുർആൻ പോലുള്ള ഗ്രന്ഥം നിങ്ങൾക്ക് ദാനം ചെയ്ത അല്ലാഹു നിങ്ങളോട് ഒരുപാട് ഔദാര്യം ചെയ്തിരിക്കുകയാണ്. നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട ആ ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് അവതരിച്ചിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ലെന്നും നിങ്ങൾക്ക് നല്കപ്പെട്ട ഈ അനുഗ്രഹവും സന്മാർഗ്ഗവും തൗറാത്തിനു പകരം യഹൂദികൾക്ക് നല്കിയിരുന്നെങ്കിൽ അവരിൽ ചില കക്ഷികൾ പരലോക നിഷേധികളാകുമായിരുന്നില്ലെന്നും ഞാൻ സത്യമായും നിങ്ങളോടു പറയുന്നു. അതുകൊണ്ട് നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് വലിയ സമ്പത്താണ്. ഖുർആൻ വന്നില്ലായിരുന്നെങ്കിൽ മുഴുലോകവും അഴുകിയ മാംസപിണ്ഡം പോലെയാകുമായിരുന്നു. അതാണ് ഖുർആൻ! ഇതിന്നെതിരിലുള്ള എല്ലാ രക്ഷാമാർഗങ്ങളും നിഷ്ഫലമാണ്. ഒരു രക്തക്കട്ട പോലെയാകുന്നു.”

വിശുദ്ധ ഖുർആനിന് എതിരായിട്ടുള്ള മറ്റെല്ലാ മാർഗനിർദ്ദേശങ്ങളും നിഷ്ഫലമാണ്. ഇഞ്ചീൽ കൊണ്ടുവന്ന പരിശുദ്ധാത്മാവ് ദുർബലവും ബലഹീനവുമായ ഒരു പ്രാവിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെട്ടത്. ഹദ്റത്ത് ഈസാ(അ)യുടെമേൽ ഹദ്റത്ത് ജിബ്‌രീൽ(അ) വെളിപ്പെട്ടത് ഒരു പ്രാവിന്റെ രൂപത്തിലായിരുന്നുവെന്ന് പറയപ്പെടുന്നു. അതിനെ പൂച്ചയ്ക്കുപോലും പിടിക്കാൻ കഴിയും. അതുകൊണ്ടാണ് ക്രിസ്ത്യാനികൾ അനുദിനം ബലഹീനതയുടെ കുഴിയിൽ അകപ്പെടുന്നതും, അവരിൽ ആത്മീയത നിലനിൽക്കാത്തതും. ഇപ്പോഴുള്ള അവസ്ഥയെന്തെന്നാൽ, പുറത്തുവരുന്ന കണക്കുകളനുസരിച്ച് ഭൂരിപക്ഷം ക്രിസ്ത്യാനികളും ക്രിസ്തുമതത്തെ തള്ളിപ്പറയുന്നു, അവർക്ക് അതിൽ ആത്മീയത ലഭിക്കുന്നില്ലെന്ന കാരണത്താൽ ക്രിസ്തുമതം ഉപേക്ഷിക്കുകയും ചെയ്യുന്നു. മുസലിമീങ്ങളുടെ ദൗർഭാഗ്യമെന്തെന്നാൽ, ഖുർആനുണ്ടായിട്ടും അതനുസരിച്ച് പ്രവർത്തിക്കാതെ അതിന്റെ ആത്മീയതയിൽ നിന്ന് പ്രയോജനം കരസ്ഥമാക്കുന്നില്ലെന്നതും, ഈ അറിവും ജ്ഞാനവും ലോകത്ത് വ്യാപിപ്പിക്കാൻ അല്ലാഹു അയച്ച മഹാത്മാവിനെ വിശ്വസിച്ചില്ലെന്നതുമാണ്. അദ്ദേഹം പറയുന്നു: ‘അവരുടെ എല്ലാ വിശ്വാസവും പ്രാവിനെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു, എന്നാൽ, ഖുർആനിലെ പരിശുദ്ധാത്മാവ് ആകാശ ഭൂമികളെ തന്റെ അസ്തിത്വംകൊണ്ട് നിറയ്ക്കുന്ന രീതിയിലുള്ള ഒരു മഹത്തായ രൂപത്തിലാണ് പ്രത്യക്ഷമായത്. ചുരുക്കത്തിൽ ആ പ്രാവിന്റെ സ്ഥാനം എവിടെയിരിക്കുന്നു, വിശുദ്ധ ഖുർആനിൽ പരാമർശിച്ച ഈ മഹത്തായ പ്രകാശത്തിന്റെ സ്ഥാനം എവിടെയിരിക്കുന്നു.”

ശരിയായ രീതിയിൽ വിശുദ്ധ ഖുർആനിന്റെ കൽപനകളനുസരിച്ച് പ്രവൃത്തിക്കുകയാണെങ്കിൽ ഒരാഴ്ച കൊണ്ട് ഒരാളെ ശുദ്ധീകരിക്കാൻ അതിന് കഴിയും. പ്രത്യക്ഷമോ അപ്രത്യക്ഷമോ ആയ ലക്ഷ്യങ്ങൾ ഇല്ലായിരുന്നെങ്കിൽ, നിങ്ങൾ അതിൽനിന്ന് സ്വയം ഓടിപ്പോകുന്നില്ലെങ്കിൽ, നിങ്ങളെ പ്രവാചകന്മാരെപ്പോലെയാക്കാൻ ഖുർആന് കഴിയുന്നതാണ്. അതായത്, പരിപൂർണമായും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ പാലിക്കുകയും അതിന്റെ എല്ലാ കൽപനകളും അനുസരിക്കുകയും ചെയ്താൽ ഒരു വ്യക്തിയെ പ്ര

വാചകന്മാരുടെ വർണത്തിൽ ലയിപ്പിക്കാൻ കഴിയുന്നതാണ്. വിശുദ്ധ ഖുർആനിന്റെ അനുഗ്രഹം മുഖേന ഒരു വ്യക്തിക്ക് പ്രാപിക്കാൻ കഴിയുന്ന ഏറ്റവും ഉന്നതമായ സ്ഥാനമാണിത്.

പറഞ്ഞു: ഖുർആനൊഴികെ മറ്റൊരു ഗ്രന്ഥവും തുടക്കത്തിൽത്തന്നെ തന്റെ അനുയായികൾക്കായി **ഇഹ്ദിനസ്സിറാത്വൽ മുസ്തഖീമ സിറാത്വല്ലദീന അൻഅംത അലയ്ഹിം** എന്ന ദുആ പഠിപ്പിച്ചുകൊണ്ട് പ്രതീക്ഷ നൽകിയിട്ടില്ല. അഥവാ, പൂർവ്വികർക്ക് കാണിച്ചു കൊടുത്ത, നബിമാരുടേയും റസൂൽമാരുടേയും സിദ്ദീഖുമാരുടേയും ശുഹദാക്കളുടേയും സ്വാലിഹീങ്ങളുടേതുമായ അനുഗ്രഹത്തിന്റെ പാതകൾ ഞങ്ങൾക്കും കാണിച്ചു തരേണമേ! അതിനാൽ നിങ്ങൾ ധൈര്യത്തോടുകൂടി മുന്നേറുക, നിങ്ങളുടെ പൂർവ്വികർക്ക് നൽകിയ അനുഗ്രഹങ്ങൾ നിങ്ങൾക്ക് നൽകാൻ ആഗ്രഹിച്ചു കൊണ്ട് ഖുർആൻ നൽകുന്ന ക്ഷണത്തെ നിങ്ങൾ തട്ടിക്കളയരുത്.(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 26–27)

അതുപോലെ, വിശുദ്ധ ഖുർആനിനുശേഷം സന്മാർഗത്തിനുള്ള രണ്ടാമത്തെ മാർഗമായി അവിടന്ന് പറഞ്ഞത് സുന്നത്തും മൂന്നാമത്തേത് ഹദീഥുമാണ്. കാരണം അതു കുറെക്കാലം അഥവാ വർഷങ്ങൾ കഴിഞ്ഞാണ് വരുന്നത്. നൂറുവർഷത്തിലേറെ കാലം കഴിഞ്ഞാണ് വരുന്നത്. പ്രസ്തുത ഹദീഥുകൾ വിശുദ്ധ ഖുർആനിനും സുന്നത്തിനും വിരുദ്ധമാകരുതെന്നത് നിബന്ധനയാണ്.

വിശുദ്ധ ഖുർആനിനെ ആദരിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'ഖുർആനിനെ ആദരിക്കുന്നവർ ആകാശത്തും ആദരിക്കപ്പെടുന്നതാണ്.'

ഇതിനെ വിശദീകരിച്ചുകൊണ്ട് അവിടുന്ന് പറഞ്ഞു: നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധഖുർആനിനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. വിശുദ്ധഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീഥുകളെക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധ ഖുർആനിനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂമുഖത്ത് വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികൾക്കാകമാനം മുഹമ്മദ് മുസ്തഫാ(സ) അല്ലാതെ മറ്റൊരു ദൂതനും ശിപാർശകനുമില്ല. ആകയാൽ, പ്രതാപവാനായ ഈ പ്രവാചകനെ ഹൃദയാത്മനാ സ്നേഹിക്കാൻ നിങ്ങൾ ശ്രമിക്കുക. മറ്റുള്ളവർക്ക് അദ്ദേഹത്തെക്കാൾ മഹത്ത്വം നൽകാതിരിക്കുക; സ്വർഗലോകത്ത് നിങ്ങൾ മോക്ഷം ലഭിച്ചവരായി രേഖപ്പെടുത്തുന്നതിനു വേണ്ടി. ഓർക്കുക, മരണാനന്തരം കരഗതമാകുന്ന ഒന്നല്ല മോക്ഷം. മറിച്ച്, യഥാർഥ മോക്ഷം ഇഹലോകത്തുതന്നെ അതിന്റെ ജ്യോതിസ്സ് പ്രകടമാക്കുന്നു."

ഇഹലോകത്ത് എങ്ങനെയുള്ള ശക്തി ഉണ്ടാകുന്നുവെന്നാൽ, ഈ ലോകത്തുത്തന്നെ മനുഷ്യനിൽ അതിന്റെ വെളിച്ചം പ്രകടമാകുന്നു. എല്ലാ അന്ധകാരത്തേയും നേരിടുന്നതിന് മനുഷ്യൻ തയ്യാറായിത്തീരുന്നു." ഇതിന്റെ പുത്തൻ ഉദാഹരണം കഴിഞ്ഞ ദിവസം ബുർക്കിനോഫാസോയിൽ ശഹീദായ നമ്മുടെ സഹോദരന്മാരിൽ ലഭിക്കുന്നു.

അവിടന്ന് പറയുന്നു: "ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദു നബി(സ) ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിനുകീഴിൽ ആ പുണ്യാത്മാവിന്റെ പദവിയിലുള്ള മറ്റൊരു നബിയും ഇല്ലെന്നും ഖുർആനു കിടനില്ക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരേയും ചിരഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി കാലാകാലത്തേക്കും ജീവിച്ചിരിക്കുന്നതിനു വേണ്ടി ആ മഹാത്മാവിന്റെ(സ) ശരീഅത്തോടു കൂടി ആത്മീയ പിന്തുടർച്ച ഖിയാമത്തുന്നാൾവരെ നിലനില്ക്കുന്നതിനുള്ള അടിത്തറ അല്ലാഹു ഇട്ടിരിക്കുന്നുവെന്നും, ഒടുവിലായി ആ ദിവ്യാത്മാവിന്റെ ആത്മീയ അനുഗ്രഹപ്രാപ്തി മുഖേന ഇസ്ലാമിക സൗധത്തിന്റെ സമ്പൂർത്തീകരണത്തിനായി ഈ വാഗ്ദത്ത മസീഹിനെ ലോകത്തേക്ക് അയച്ചിരിക്കുന്നുവെന്നും ദൃഢമായി വിശ്വസിക്കുന്നവനത്രെ മോക്ഷം പ്രാപിച്ചവൻ."(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 13–14)

ഞങ്ങൾ നഊദുബില്ലാഹ് നബി(സ)തിരുമേനിയെ അവഹേളിക്കുന്നവരാണെന്ന ആക്ഷേപത്തെയും അവിടന്ന് ഇവിടെ ഖണ്ഡിച്ചിരിക്കുന്നു.

തുടർന്ന് വിശുദ്ധ ഖുർആനിനെ ഖാത്തമുൽ കുത്തുബ് എന്ന് വിശേഷിപ്പിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനും വിശുദ്ധഖുർആൻ ഖാത്തമുൽ കുത്തുബും ആകുന്നു. ഇനി മറ്റൊരു കലിമയും നമസ്കാരവും ഉണ്ടാവുക അസംഭവ്യമാണ്. നബി(സ)തിരുമേനി അരുൾചെയ്തതും ചെയ്തു കാണിച്ചതും വിശുദ്ധ ഖുർആനിലുള്ളതും ഉപേക്ഷിച്ചാൽ മോക്ഷം ലഭിക്കുകയില്ല. അത് ഉപേക്ഷിക്കുന്നവൻ നരകത്തിൽ പോകുന്നതാണ്. ഇതാണ് ഞങ്ങളുടെ വിശ്വാസാദർശങ്ങൾ. എന്നാൽ, ഇതോടൊപ്പം മറ്റൊരു സംഗതി കൂടി ഓർക്കേണ്ടതുണ്ട്. ഈ ഉമ്മത്തിനുവേണ്ടി ദിവ്യഭാഷണത്തിന്റെ കവാടം തുറക്കപ്പെട്ടിരിക്കുന്നു. ദൈവിക സംഭാഷണത്തിന്റെയും സംബോധനകളുടെയും കവാടം തുറന്നിരിക്കുന്നു. അതു അടഞ്ഞു പോയിട്ടില്ല. ഈ കവാടം വിശുദ്ധഖുർആനിന്റെയും നബി(സ)തിരുമേനിയുടെയും സത്യതയ്ക്കുള്ള പുതുപുത്തൻ സാക്ഷ്യമായി എന്നെന്നും നിലകൊള്ളുന്നതായിരിക്കും. ഇതിന് അല്ലാഹു വിശുദ്ധ ഖുർആനിൽ **ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ സിറാത്വല്ലദീന അൻഅംത അലയ്ഹിം** എന്ന പ്രാർഥന പഠിപ്പിച്ചിരിക്കുന്നു. സുകൃതം ചെയ്യപ്പെട്ടവരുടെ മാർഗത്തിനായുള്ള പ്രാർഥനയിൽ പ്രവാചകന്മാരുടെ ശ്രേഷ്ഠഗുണങ്ങൾ സ്വായത്തമാക്കുന്നതിലേക്കാണ് സൂചന. പ്രവാചകന്മാർക്ക് നല്കപ്പെട്ട ശ്രേഷ്ഠഗുണം ദിവ്യജ്ഞാനമായിരുന്നുവെന്നത് വ്യക്തമാണല്ലോ. ദിവ്യഭാഷണം മുഖേനയാണ് അവർക്ക് പ്രസ്തുത അനുഗ്രഹം ലഭിച്ചത്. അതിനെ നിങ്ങളും ആഗ്രഹിക്കുക. ഈ പ്രാർഥന ചെയ്യണമെന്ന് നിർദേശിക്കുന്ന വിശുദ്ധ ഖുർആൻ അതിന് ഫലം നല്കാതിരിക്കുമെന്നും ഈ ഉമ്മത്തിലെ ഒരു വ്യക്തിക്കും ഈ സൗഭാഗ്യം ലഭിക്കുകയില്ലെന്നും ചിന്തിക്കരുത്." ഒന്നാമതായി, ഈ ദുആ ചെയ്യുന്നു. നിങ്ങളെല്ലാവരും ദുആ ചെയ്യുക, ഈ സ്ഥാനത്തെത്തിയവർക്ക് ആ പദവി ലഭിക്കുന്നതാണെന്ന് അല്ലാഹു പറയുന്നു. മുസ്ലിമീങ്ങളുടെ അവസ്ഥ വിചിത്രകരമെന്ന് അവിടന്ന് പറയുന്നു. അല്ലാഹുവാണ് ഈ ദുആ പഠിപ്പിച്ചത്. എന്നിട്ട് അവർ പറയുന്നു, ഈ ഉമ്മത്തിലെ ഒരുപാടുപേർ പോയിട്ട് ഒരാൾക്കുപോലും ഈ സൗഭാഗ്യം ലഭിക്കുകയില്ലെന്ന്!! ഈ പദവി ഈ ഉമ്മത്തിൽ ഒരാൾക്കുപോലും കരസ്ഥമാക്കാനാവില്ലെന്ന് അവർ പറയുന്നു! പക്ഷേ, അവിടന്ന് പറയുന്നു: "അവരെ സംബന്ധിച്ചിടത്തോളം പ്രസ്തുത കവാടം ഖിയാമത്തുന്നാൾവരെ അടഞ്ഞിരിക്കുകയാണ്. ഇനി പറയൂ, ഇതുകൊണ്ട് ഇസ്ലാമിന്റെയും നബി(സ)തിരുമേനിയുടെയും അവഹേളനമാണോ സാധ്യമാകുന്നത്? അതല്ല സവിശേഷതയോ? അവഹേളിക്കുന്നുവെന്ന ആക്ഷേപമാണെങ്കിലോ ഞങ്ങളുടെമേലും! ഇനി നിങ്ങൾ പറയൂ, കവാടം കൊട്ടിയടക്കുന്നത് നിങ്ങളാണ്. അല്ലാഹുവാകട്ടെ, ദുആ പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. എന്നിട്ടും നിങ്ങൾ കവാടം അടച്ചുപൂട്ടിക്കൊണ്ട് അവനെ അവഹേളിക്കുന്നവരായി മാറുന്നത് നിങ്ങളോ? അതോ ഞങ്ങളോ? അവിടന്ന് പറയുന്നു: 'ഞാൻ സത്യമായും പറയുന്നു, ഈ വിശ്വാസം വെച്ചു പുലർത്തുന്നവൻ ഇസ്ലാമിനെ അവഹേളിക്കുകയാണ് ചെയ്യുന്നത്. ശരീഅത്തിന്റെ കാതൽ എന്തെന്ന് അവൻ മനസ്സിലാക്കിയിട്ടില്ല. മനുഷ്യൻ നാവുകൊണ്ട് മാത്രം കലിമ ഉരുവിടാതെ അതിനെ യഥാർഥമായി ഗ്രഹിക്കണമെന്നാണ് ഇസ്ലാം ഉദ്ദേശിക്കുന്നത്. സ്വർഗനരകങ്ങളിൽ കാല്പനികമായി വിശ്വാസം കൊള്ളാതെ ഈ ലോകത്തുതന്നെ സ്വർഗീയാവസ്ഥകൾ ശരിയാംവണ്ണം അറിയുകയാണു വേണ്ടത്. ഇഹലോകം, സ്വർഗതുല്യമാകുംവിധം നന്മകൾ ചെയ്യുകയും പ്രാകൃതമനുഷ്യരുടെ പാപങ്ങളിൽനിന്ന് മുക്തി നേടുകയും ചെയ്യുക." അവിടന്ന് പറയുന്നു: "ഇതായിരുന്നു ഇസ്ലാമിന്റെ മഹത്തായ ലക്ഷ്യം. മറ്റൊരു മതത്തിനും സമാനമായൊന്ന് തങ്ങളുടെ മതങ്ങളിൽ അവതരിപ്പിക്കാൻ കഴിയാത്തവിധം പാവനമായ ലക്ഷ്യമാണിത്. ഇതിനു മാതൃക കാണിക്കാനും അവർക്കാവില്ല. പറയാൻ ആർക്കും സാധിക്കും! എന്നാൽ, ആർക്കാണ് കാണിച്ചു തരാൻ കഴിയുക?"(ലക്ചർ ലുധിയാന, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 285–286, 2021 പതിപ്പ്)

അതുകൊണ്ട് വാഗ്ദത്ത മസീഹി(അ)ൽ വിശ്വസിക്കുന്നവർ ഇന്ന് ഈ നിലവാരം സ്വായത്തമാക്കേണ്ടതുണ്ട്. ലോകത്തോടു പറയേണ്ടതുണ്ട്. നമ്മുടെമേൽ കുഫ്ർ ഫത്‌വ പുറപ്പെടുവിക്കുന്നവർക്ക് അഹ്മദികൾ വെറും കെട്ടുകഥകൾ മാത്രം പറയുന്നവരല്ലെന്നും ജീവൽ ഗ്രന്ഥത്തിലും ജീവൽ ദൂതനിലും വിശ്വസിക്കുന്നവരുടെമേൽ ദിവ്യാനുഗ്രഹങ്ങൾ ഇന്നും ഇറങ്ങുമെന്ന് വിശ്വസിക്കുന്നവരാണെന്നും കാണിച്ചു കൊടുക്കേണ്ടതുണ്ട്. അല്ലാഹു ഇന്നും സംസാരിക്കുന്നുവെന്ന് വിശ്വസിക്കുന്നവരാണവർ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഖാത്തമുൽ മുഅ്മിനീനും ഖാത്തമുൽആരിഫീനും ഖാത്തമുന്നബിയ്യീനുമായ നബിയെ അല്ലാഹു നമുക്ക് നല്കി. അതുപോലെ, ഖാത്തമുൽ കുതുബായ ഒരു സമഗ്ര ഗ്രന്ഥം അവൻ അദ്ദേഹത്തിൽ ഇറക്കി. നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണെന്നതു കൊണ്ടും നബി(സ)തിരുമേനിയിൽ നുബുവ്വത്ത് അവസാനിച്ചതുകൊണ്ടും ഒരാളെ കഴുത്തു ഞെരിച്ചു കഥ കഴിക്കുന്നതുപോലെ അവസാനിച്ചു എന്നല്ല അർഥമാക്കുന്നത്. അത്തരം അവസാനിപ്പിക്കൽ അഭിമാനകരമാകുന്നില്ല. നബി(സ)തിരുമേനിയിൽ നുബുവ്വത്ത് അവസാനിച്ചിരിക്കുന്നു എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നുബുവ്വത്ത് സ്വാഭാവികമായ നിലയിൽ നബി(സ) തിരുമേനിയിൽ അവസാനിച്ചു എന്നാണ്. അതായത്, ആദം(അ) തൊട്ട് ഈസാനബി(അ) വരെ വിവിധ വ്യക്തികൾക്ക് വിഭിന്നരീതിയിൽ നല്കപ്പെട്ടിരുന്ന ശ്രേഷ്ഠതകൾ സകലതും നബി(സ)തിരുമേനിയിൽ സമാഹരിക്കപ്പെട്ടു. അങ്ങനെ നബി(സ)തിരുമേനി സ്വാഭാവികമായ നിലയിൽ ഖാത്തമുന്നബിയ്യീനായി. അതുപോലെ, വിവിധ ഗ്രന്ഥങ്ങൾ പകർന്നു കൊടുത്തിട്ടുള്ള ദിവ്യജ്ഞാനങ്ങളെല്ലാം വിശുദ്ധ ഖുർആനോടുകൂടി അവസാനിച്ചു. അങ്ങനെ വിശുദ്ധ ഖുർആൻ ഖാത്തമുൽകുത്തുബായി മാറുകയും ചെയ്തു."(മൽഫൂദാത്ത് വാല്യം 1, പേജ് 341–342, 1984 പതിപ്പ്)

വീണ്ടും പറയുന്നു: നബി(സ)തിരുമേനിയെ വിശേഷിപ്പിച്ചിരിക്കുന്ന ഖാത്തമുന്നബിയ്യീൻ എന്ന പദം കൊണ്ടുതന്നെ സ്വാഭാവികമായും തിരുമേനിയിൽ അവതരിച്ച ഗ്രന്ഥവും ഖാത്തമുൽ കുത്തുബാണെന്നും സകല ശ്രേഷ്ഠതകളും അതുൾക്കൊള്ളുന്നുവെന്നും ആ ശ്രേഷ്ഠതകളൊക്കെത്തന്നെ അതിലടങ്ങിയിരിക്കുന്നുവെന്നും അർഥമാക്കുന്നുണ്ട്.

എന്തെന്നാൽ ഒരു വ്യക്തിയുടെ ആധ്യാത്മിക ശക്തിയും ആത്മചൈതന്യവും അനുസരിച്ചായിരിക്കും അദ്ദേഹത്തിൽ വചനങ്ങളിറങ്ങുക എന്നത് ദൈവവചനത്തെ സംബന്ധിച്ച ഒരു പൊതുതത്ത്വമാണ്. ആ വചനങ്ങൾക്ക് അത്രതന്നെ മഹത്ത്വവും ഉണ്ടായിരിക്കും. നബി(സ)തിരുമേനിയുടെ ആധ്യാത്മികശക്തിയും ആത്മചൈത

ന്യവും ഉന്നതനിലയിലുള്ളതായിരുന്നു. അവിടത്തെക്കാൾ ഉന്നതമായ പദവി ആർക്കും ലഭിച്ചിട്ടില്ല; ഇനിയൊട്ടും ലഭിക്കുകയുമില്ല." ഇതേവരെ ഉണ്ടായിട്ടില്ലാത്തതും ഇനിയൊട്ടും ഉണ്ടാകാത്തതുമായ മഹോന്നത പദവിയാണത്. എന്നിട്ടാണ് ഞങ്ങൾ വാഗ്ദത്ത മസീഹി(അ)നെ നബി(സ)തിരുമേനിയെക്കാൾ മഹാനായി വിശ്വസിക്കുന്നവരാണെന്ന് ആക്ഷേപം ഉന്നയിക്കുന്നത്, നഊദുബില്ലാഹ്. ഞങ്ങൾ നുബുവ്വത്തിനെ അവഹേളിച്ചുവെന്നും ഇവർ ആക്ഷേപിക്കുന്നു. ഈ ഉദ്ധരണികൾക്കുശേഷം അഹ്മദികൾ നുബുവ്വത്തിനെ അവഹേളിക്കുന്നവരാണെന്ന് നീതിബോധമുള്ള ഒരു വ്യക്തിയും പറയുകയില്ല.

അവിടന്ന് പറഞ്ഞു: 'അതുകൊണ്ട് മുൻകാല ഗ്രന്ഥങ്ങളിൽ ഒന്നിനും എത്തിപ്പെടാനാവാത്ത ഉന്നതസ്ഥാനത്താണ് വിശുദ്ധ ഖുർആൻ വിഹരിക്കുന്നത്. എന്തെന്നാൽ, നബിതിരുമേനിയുടെ ആധ്യാത്മികശക്തി മറ്റുള്ളവരെക്കാൾ ഉന്നതമായിരുന്നു. ശ്രേഷ്ഠതയുടെ എല്ലാ ഘട്ടങ്ങളും തിരുമേനിയിൽ അവസാനിക്കുകയും ഔന്നത്യത്തിന്റെ ഉത്തുംഗ ബിന്ദുവിൽ നബി(സ)തിരുമേനി എത്തുകയും ചെയ്തിരുന്നു. ആ പദവിയിൽ അദ്ദേഹത്തിലിറങ്ങിയ വിശുദ്ധ ഖുർആനും ശ്രേഷ്ഠതയുടെ പരകോടി പ്രാപിച്ചിരിക്കുന്നു. നുബുവ്വത്തിന്റെ ശ്രേഷ്ഠതകൾ നബിതിരുമേനിയി(സ)ൽ അവസാനിച്ച തുപോലെ വചനാത്ഭുതങ്ങളും വിശുദ്ധ ഖുർആനിൽ അവസാനിച്ചു. അങ്ങനെ അവിടന്ന് ഖാത്തമുന്നബിയ്യീനും അവിടത്തെ ഗ്രന്ഥം ഖാത്തമുൽ കുത്തുബുമായി മാറി."

അവിടന്ന് പറഞ്ഞു: "വചനാത്ഭുതങ്ങൾക്ക് സാധ്യമായ സകല പദവികളുടെയും ഉത്തുംഗ ബിന്ദുവിലാണ് വിശുദ്ധ ഖുർആൻ വിഹരിക്കുന്നത്. ഒരു വചനത്തിൽ എന്തെല്ലാം സവിശേഷതകളുണ്ടോ മഹത്ത്വങ്ങളുണ്ടോ മഹാത്ഭുതങ്ങളുണ്ടോ അവയെല്ലാം ഇതിലുണ്ട്."

അതായത്, സാഹിത്യസമ്പുഷ്ടിയുടെ കാര്യത്തിലാണെങ്കിലും വിഷയക്രമത്തിന്റെ കാര്യത്തിലാണെങ്കിലും അധ്യാപനങ്ങളുടെ കാര്യത്തിലാണെങ്കിലും ദർശന വൈശിഷ്ട്യത്തിന്റെ കാര്യത്തിലാണെങ്കിലും ദർശനങ്ങൾ ഉളവാക്കുന്ന ഫലങ്ങളുടെ കാര്യത്തിലാണെങ്കിലും ശരി! ചുരുക്കത്തിൽ ഏതുവശത്തൂടെ നോക്കിയാലും വിശുദ്ധ ഖുർആനിന്റെ വൈശിഷ്ട്യം ദൃശ്യമാകുകയും അതിന്റെ ദിവ്യാത്ഭുതം സ്ഥാപിതമാകുകയും ചെയ്യുന്നു. ഇക്കാരണം കൊണ്ടാണ് വിശുദ്ധ ഖുർആൻ ഏതെങ്കിലും പ്രത്യേക കാര്യത്തിൽ ഉദാഹരണം കൊണ്ടുവരാൻ ആവശ്യപ്പെടാതിരുന്നത്. പൊതുവായ നിലയിൽ തുല്യമായത് കൊണ്ടുവരാനാണ് ആഹ്വാനം ചെയ്തത്. അതായത്, ഏതുനിലയിൽ വേണമെങ്കിലും എതിരിട്ടുകൊള്ളുക; സാഹിത്യ സമ്പുഷ്ടിയുടെ കാര്യത്തിലാണെങ്കിലും ശരി. ഒരു പ്രത്യേക കാര്യത്തെ ചൊല്ലി അതു ആഹ്വാനം ചെയ്തില്ല. വിശുദ്ധ ഖുർആനോട് ഏതു നിലയിലും മത്സരിക്കാവുന്നതാണ്. എല്ലാവിധ വിഷയങ്ങളും വിശുദ്ധ ഖുർആനിലുണ്ട്. അതു സാഹിത്യ സമ്പുഷ്ടിയുടെ കാര്യത്തിലാകട്ടെ, ഉദ്ദേശ്യലക്ഷ്യങ്ങളുടെ കാര്യത്തിലാകട്ടെ, അധ്യാപനങ്ങളുടെ കാര്യത്തിലാകട്ടെ, പ്രവചനങ്ങളുടെയും അദൃശ്യകാര്യങ്ങളുടെയും കാര്യത്തിലാകട്ടെ, വിശുദ്ധ ഖുർആനിലുള്ള പ്രവചനങ്ങളുടെയും അദൃശ്യകാര്യങ്ങളുടെയും കാര്യത്തിലാകട്ടെ, ഏതുവിധേന നോക്കിയാലും ദിവ്യദൃഷ്ടാന്തമാണെന്നു ചുരുക്കം."(മൽഫൂദാത്ത് വാള്യം 3, പേജ് 36-37, 1984 പതിപ്പ്)

തുടർന്ന് ഒരു സദസ്സിൽ അവിടന്ന് പറഞ്ഞു: ഖാത്തമുൽകുത്തുബായ വിശുദ്ധ ഖുർആൻ വാസ്തവത്തിൽ കഥകളുടെ സമാഹാരമല്ലെന്ന കാര്യം ഒരിക്കലും വിസ്മരിക്കരുത്. സത്യം മറച്ചുവച്ചു കൊണ്ടും അബദ്ധ ധാരണകൊണ്ടും വിശുദ്ധ ഖുർആൻ കഥാസമാഹാരമാണെന്ന് പറയുന്നവർ സത്യം തിരിച്ചറിയാൻ പ്രാപ്തിയില്ലാത്തവരാണ്. ആ പരിശുദ്ധ ഗ്രന്ഥമാകട്ടെ, മുൻകാല കഥകളെപ്പോലും ഒരു തത്ത്വദർശനമാക്കിയിരിക്കുകയാണ്. അതിൽ വിവരിക്കപ്പെട്ട കഥകൾത്തന്നെ ഒരു തത്ത്വദർശനം എന്ന നിലയിലാണ് അവതരിക്കപ്പെട്ടിരിക്കുന്നത്. അതിലൊരു പാഠവും അഗാധതയുമുണ്ട്. പറഞ്ഞു: ആ കഥകളെപ്പോലും തത്ത്വദർശനമാക്കി എന്നത് മറ്റെല്ലാ ഗ്രന്ഥങ്ങളോടും പ്രവാചകന്മാരോടും അതു ചെയ്ത മഹത്തായ ഔദാര്യമാണ്. അല്ലായിരുന്നെങ്കിൽ ഇന്ന് ഈ കാര്യങ്ങളിൽ പരിഹസിക്കപ്പെടുമായിരുന്നു. പ്രപഞ്ച വസ്തുക്കളുടെ പൊരുളുകളും സവിശേഷതകളും സംബന്ധിച്ച പഠനങ്ങൾ പുരോഗമിക്കുന്ന ഇക്കാലത്ത് ദിവ്യജ്ഞാനത്തിനും സത്യപ്രകാശനത്തിനും ഒരു സംവിധാനം ഒരുക്കിയത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രമാണ്.

മഹാവിജ്ഞാനങ്ങളുടെ വിദഗ്ദ്ധർ ജന്മം ചെയ്തുകൊണ്ടിരിക്കുന്നു. വിവിധങ്ങളായ ശാസ്ത്രവിഷയങ്ങളും മറ്റും മുഖേന ലോകം പുരോഗതി പ്രാപിച്ചു കൊണ്ടിരിക്കുന്നു. വീണ്ടും ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിനു ഒരു സംവിധാനമൊരുക്കി. അതിൽ അതിന്റെ വ്യാഖ്യാനം ഖുർആനികവിജ്ഞാനങ്ങളിലൂടെ സ്വായത്തമാക്കിക്കൊണ്ടും അതിലെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടും മതവും ശാസ്ത്രവും എങ്ങനെ സമരസപ്പെടുന്നുവെന്ന് വാഗ്ദത്ത മസീഹ്(അ) വിവരിച്ചു കാണിച്ചു. അവിടന്ന് പറഞ്ഞു: കുഴപ്പം വർദ്ധിച്ച കാലഘട്ടത്തിൽ ഈ സംഗതികൾക്കെല്ലാം കഥകളിൽ കവിഞ്ഞ സ്ഥാനമുണ്ടായിരുന്നില്ല. ശാസ്ത്രത്തിന്റെ കാലഘട്ടത്തിൽ പരിഹസിച്ചിരുന്നു. ഇരുട്ടിന്റെ കാലമായിരുന്നു അത്. അജ്ഞതയുടെ കാലമായിരുന്നു. അക്കാലത്ത് ജ്ഞാനികൾ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു. അക്കാലത്താണ് ഈ സംഗതികൾ പ്രചരിച്ചിരുന്നത്. ഇതെന്താണെന്ന് പറഞ്ഞ് ജനങ്ങൾ പരിഹസിച്ചിരുന്നു. ശാസ്ത്രജ്ഞരും പരിഹസിച്ചിരുന്നു. പക്ഷേ, അല്ലാഹു വാഗ്ദത്ത മസീഹിനെ അയച്ചുകൊണ്ട് അതിന്റെ വ്യാഖ്യാനവും വിശദീകരണവും ദിവ്യജ്ഞാനവും വിവരിച്ചു കൊടുത്തു.(മൽഫൂദാത്ത് വാള്യം 3, പേജ് 153, 1984 പതിപ്പ്)

പറഞ്ഞു: അല്ലാഹു ഇക്കാലത്ത് തന്റെ വാഗ്ദാനമനുസരിച്ച് വിശുദ്ധ ഖുർആനിന്റെ യഥാർഥ അധ്യാപനത്തെ വിവരിക്കുന്നതിനുവേണ്ടി തന്റെ ദൂതനെ അയക്കുകയും ഇസ്‌ലാമിക അധ്യാപനങ്ങളുടെമേൽ അജ്ഞതയാൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെ അദ്ദേഹം നീക്കുകയും ചെയ്തതിനു മുസ്‌ലിമീങ്ങൾ അല്ലാഹുവിനോടു നന്ദി പറയുകയാണു വേണ്ടത്.

വിശുദ്ധഖുർആനിൽ വിശ്വസിക്കുകയും അതിനെ പിൻപറ്റുകയും ചെയ്യേണ്ടത് എത്രമാത്രം അനിവാര്യമായിട്ടാണ് അവിടന്ന് കണ്ടിരുന്നത്. ഇതു വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "ഞാൻ വിശുദ്ധ ഖുർആനേയും നബി(സ) തിരുമേനിയേയും പിൻപറ്റുന്നതിൽനിന്ന് അൽപം പോലും അങ്ങോട്ടും ഇങ്ങോട്ടും നീങ്ങുന്നത് വിശ്വാസമില്ലായ്മയായി മനസ്സിലാക്കുന്നു. അതിനെ അണുകിട കൈവെടിയുന്നവൻ നരകവാസിയാണെന്നതാണ് എന്റെ വിശ്വാസം." അദ്ദേഹം പറഞ്ഞു: 'ഞാൻ എന്റെ വിശ്വാസത്തെ പ്രസംഗങ്ങളിലും എന്നല്ല അറുപതോളം എന്റെ ഗ്രന്ഥങ്ങളിലും വളരെ വിശദീകരിച്ച് ഇതു പറഞ്ഞിട്ടുമുണ്ട്. രാവും പകലും ഇതേ ചിന്തയിലും വിചാരത്തിലുമാണ് ഞാനിരിക്കുന്നത്."(ലക്ചർ ലുധിയാന, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 259)

നമ്മുടെ എതിരാളികൾ എടുത്തുചാടി നമ്മുടെമേൽ കുഫ്റിന്റെ ഫത്‌വ പുറപ്പെടുവിക്കുന്നു. നമ്മുടെ ഭാഗത്തുനിന്ന് എന്തെങ്കിലും കാര്യം കേട്ടിട്ടുണ്ടെങ്കിൽ നീതിയുടെ തേട്ടമെന്ന് പറയുന്നത് അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ഇക്കാര്യം നീ പറഞ്ഞിട്ടുണ്ടോ ഇല്ലേ എന്ന് എന്നോടു ചോദിക്കുകയായിരുന്നുവേണ്ടത്. അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അത് ഇസ്‌ലാമിക അധ്യാപനം അനുസരിച്ചിട്ടുള്ളതല്ല. അതുകൊണ്ട് വിശദീകരിക്കുക.' പക്ഷേ, അങ്ങനെ അവർ ചെയ്തില്ല. അവിടന്ന് പറഞ്ഞു, അവർക്ക് അല്പംപോലും ശ്രദ്ധയില്ല. കേവലം കുഫ്റിന്റെ ഫത്‌വ പുറപ്പെടുവിക്കുന്നതിന് ഇറങ്ങിപ്പുറപ്പെട്ടിരിക്കുയാണ്." (ലക്ചർ ലുധിയാന, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 259)

അതുകൊണ്ട് നാം എന്തൊന്നാണോ വിവരിച്ചത് അത് ഇസ്‌ലാമിന്റേയും വിശുദ്ധ ഖുർആനിന്റേയും അധ്യാപനത്തിന്റെ വെളിച്ചത്തിലാണ്. ഇതുതന്നെയാണ് എന്റെ വിശ്വാസവും. ഇതനുസരിച്ചാണ് നാം പ്രവർത്തിക്കുന്നതും.

വിശുദ്ധ ഖുർആനിന്റേയും പ്രകൃതിനിയമത്തിന്റേയും യോജിപ്പ് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധവും സമഗ്രവുമായ അധ്യാപനം വിശുദ്ധ ഖുർആനിന്റേതാണ്. മനുഷ്യനാകുന്ന വൃക്ഷത്തിന്റെ ഓരോ ശാഖകളേയും പരിപാലിക്കുന്നത് അതാണ്. ഖുർആനൊരിക്കലും ഒരു വശത്തിൽ മാത്രമല്ല ഊന്നൽ നല്കുന്നത്. അത് ചിലപ്പോൾ ക്ഷമയും വിട്ടുവീഴ്ചയും പഠിപ്പിക്കുന്നു. എന്നാൽ, വിട്ടുവീഴ്ചകൊണ്ട് സൽഫലമുണ്ടാകണമെന്ന ഉപാധിയും വെച്ചിട്ടുണ്ട്. ചിലപ്പോഴാകട്ടെ അവസരോചിതമായി അപരാധിക്കു ശിക്ഷയും വിധിക്കുന്നു. ചില നേരത്ത് മാപ്പാക്കാനും ചില നേരത്ത് ശിക്ഷിക്കാനും കല്പിക്കുന്നു. ചുരുക്കത്തിൽ നമ്മുടെ കൺമുമ്പിലുള്ള അല്ലാഹുവിന്റെ പ്രകൃതി നിയമത്തിന്റെ നേർച്ചിത്രമാണ് ഖുർആൻ എന്നതാണ് വാസ്തവം. അല്ലാഹുവിന്റെ വാക്കും പ്രവൃത്തിയും സമാനമായിരിക്കുമെന്നത് തികച്ചും യുക്തയുക്തമായ കാര്യമാണ്. അതായത് അല്ലാഹുവിന്റെ പ്രവൃത്തികൾ ഏതു രൂപഭാവങ്ങളോടെയാണോ നമുക്കു കാണാൻ ആകുന്നത് അതിനനുസൃതമായിരിക്കണം അല്ലാഹുവിന്റെ സത്യഗ്രന്ഥത്തിന്റെ അധ്യാപനങ്ങളെന്നത് അത്യന്താപേക്ഷിതമാണ്. നമുക്ക് കാണാൻ സാധിക്കുന്ന പൊതുവിലുള്ള നിയമം എന്നത് അല്ലാഹു ചിലപ്പോൾ മാപ്പാക്കുന്നു, ചിലപ്പോൾ ശിക്ഷ നല്കുന്നു. ചിലപ്പോൾ വിട്ടു വീഴ്ച ചെയ്യുന്നു എന്നൊക്കെയാണ്. ഈയൊരു പൊതുതത്ത്വമായിരിക്കണം മതാധ്യാനങ്ങളിലും അവലംബിക്കേണ്ടത്. ഇതുതന്നെ മത ഗ്രന്ഥത്തിലും അതായത് വിശുദ്ധ ഖുർആനിലും അനുവർത്തിക്കപ്പെടേണ്ടതുണ്ട്. അല്ലാതെ പ്രവൃത്തികളിൽനിന്ന് ഒന്നും വാക്കുകളിൽനിന്ന് മറ്റൊന്നും പ്രകടമാകുന്ന അവസ്ഥ ഉണ്ടാകരുത്. ദൈവത്തിന്റെ പ്രവൃത്തിയിൽ എപ്പോഴും സൗമ്യഭാവവും വിട്ടുവീഴ്ചാമനോഭാവവും അല്ല നമുക്കു കാണാൻ കഴിയുന്നത്. മറിച്ച് കുറ്റവാളികൾക്ക് അവൻ വിവിധങ്ങളായ ശിക്ഷകൾ നല്കാറുണ്ട്. അത്തരം ശിക്ഷകളെ കുറിച്ച് മുൻവേദങ്ങളിലും പ്രതിപാദ്യമുണ്ട്. നമ്മുടെ ദൈവം ഹലീം അഥവാ സഹിഷ്ണുതയുള്ളവൻ മാത്രമല്ല ഹക്കീമും അഥവാ യുക്തിയുക്തം പ്രവർത്തിക്കുന്നവനുമാണ്. അവന്റെ രൗദ്രഭാവം അളീം അഥവാ ഉഗ്രവുമാണ്. അവന്റെ പ്രകൃതി നിയമങ്ങൾക്ക് അനുഗുണമായിട്ടുള്ളതായിരിക്കും ഒരു സത്യവേദഗ്രന്ഥം. സത്യപൂർണമായ ദൈവവചനം ഒരിക്കലും അവന്റെ പ്രവൃത്തിക്ക് വിരുദ്ധമായിക്കൂടാ. അല്ലാഹു എപ്പോഴും തന്റെ സൃഷ്ടികളോടു മയത്തോടും ക്ഷമയോടും മാത്രം പെരുമാറുന്നതും ഒരു ശിക്ഷയും നല്കാത്തതുമായി നാം ഒരിക്കലും കണ്ടിട്ടില്ല. ഇപ്പോൾത്തന്നെയും ദുഷ്പ്രകൃതരായ ആളുകൾക്ക് വിനാശകരമായ ഭൂചലനത്തെ കുറിച്ച് അല്ലാഹു നാം മുഖേന ദീർഘദർശനം നടത്തിയിട്ടുമുണ്ട്.

തുടർന്ന് പറയുന്നു: ലോകത്ത് വിശുദ്ധ ഖുർആൻ മാത്രമാണ് ലോകത്ത് ദൈവത്തിന്റെ പ്രവൃത്തികളും മനുഷ്യപ്രകൃതത്തിലും മനുഷ്യമനസ്സാക്ഷിയിലും മുദ്രിതമായ കാര്യങ്ങളും ഉൾക്കൊള്ളുന്ന ദൈവത്തിന്റെ പ്രകൃതിനിയമത്തെ ദൈവത്തിന്റെ

സത്തയ്ക്കും ഗുണവിശേഷങ്ങൾക്കും തദനുസൃതാണെന്ന് വിളിച്ചോതുന്നത്. ക്രിസ്ത്യാനികളുടെ ദൈവം സുവിശേഷങ്ങളുടെ താളുകളിൽ തളച്ചിടപ്പെട്ടിരിക്കുന്നു. സുവിശേഷങ്ങൾ ലഭിക്കാത്ത ജനത ആ ദൈവത്തെ കുറിച്ച് അജ്ഞരാണ്. എന്നാൽ. വിശുദ്ധ ഖുർആൻ വിഭാവനം ചെയ്യുന്ന ദൈവത്തെ കുറിച്ച് ബുദ്ധി വിശേഷമുള്ള ഒരു മനുഷ്യനും അജ്ഞനല്ല. അത് ലോകത്ത് ഏതു ദിക്കിലും അധിവസിക്കുന്നവരാകട്ടെ ഏതു മതസ്ഥരുമാകട്ടെ നാസ്തികർ പോലും ലോകത്തിന്റെ ഘടന കണ്ട് ഒരു പരിധിവരെ ദൈവമുണ്ടെന്ന് വിശ്വസിക്കുന്നവരാണ്. അവരിൽ ഭൂരിഭാഗവും തങ്ങളുടെ പരമ്പരാഗത മത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ കുറിച്ച് ബോധവാന്മാരാണുതാനും.

ഏതായാലും അദ്ദേഹം തുടരുന്നു, സ്വന്തം അസ്തിത്വത്തെ സ്വയം പ്രകടമാക്കുന്ന ദൈവത്തെയാണ് ഖുർആൻ പ്രതിപാദിക്കുന്നത്. അല്ലാതെ ക്രിസ്ത്യാനികളുടെ സ്ഥിതിപോലല്ല. ആ അസ്തിത്വത്തെ കുറുച്ച് മനുഷ്യപ്രകൃതിയും പ്രകൃതിനിയമവും സാക്ഷ്യപെടുത്തുന്നുണ്ട്.

തുടരുന്നു. ഇക്കാലഘട്ടത്തിലും ദൈവം സംസാരിക്കുകയും കേൾക്കുകയും ചെയ്യുന്നെന്ന് സമർഥിക്കുന്ന മതമാണ്. സത്യമതം. ചുരുക്കത്തിൽ സത്യമതത്തിൽ അല്ലാഹു തന്റെ വചനങ്ങളാലും അഭിസംബോധനങ്ങളാലും തന്റെ അസ്തിത്വത്തെ കുറിച്ച് സ്വയം അറിയിക്കുന്നു. ദൈവത്തെ തിരിച്ചറിയുക(ദൈവോപലബ്ധി) വളരെ ദുഷ്കരമായ കാര്യമാണ്. അതു ഭൗതകരായ ധൈഷണികരുടേയും ദാർശനികന്മാരുടേയും പണിയല്ല. എന്തെന്നാൽ, ആകാശഭൂമികളെ കണ്ടുകൊണ്ട് ഈ യുക്തിഭദ്രവും ഉദാത്തവുമായ വ്യവസ്ഥിതിക്ക് ഒരു നിർമാതാവും ഉണ്ടാകേണ്ടതുണ്ട് എന്നുമാത്രമേ സമർഥിക്കാനാകുകയുള്ളു. എന്നാൽ, ആ സൃഷ്ടികർത്താവ് യഥാർഥത്തിൽ നിലവിലുണ്ടെന്ന് അതിലൂടെ തെളിയിക്കപ്പെടുന്നില്ല. ഉണ്ടാകേണ്ടതുണ്ട്, ഉണ്ട് എന്നിവയുടെ ഇടയുലുള്ള അന്തരം പ്രകടമാണ്. ആയതിനാൽ ആ അസ്തിത്വത്തെ കുറിച്ച് യഥാവിധം അറിവു നല്കുന്നത് ഖുർആൻ മാത്രമാണ്. അതു ദൈവത്തെ തിരിച്ചറിയാൻ ഉദ്ബോധിപ്പിക്കുക മാത്രമല്ല ചെയ്യുന്നത് അത് തെളിയിച്ചു കാട്ടുന്നുമുണ്ട്. ആ പരോക്ഷമായ സത്തയെ കുറിച്ച് വിവരം നല്കുന്ന മറ്റൊരു ഗ്രന്ഥവും ആകാശത്തിൻ കീഴിൽ ഇല്ലതന്നെ. ദൈവാസിതികൃത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽ തെളിവുകളുണ്ട്.

സുവിശേഷങ്ങൾ തുടങ്ങി ഇതരമതഗ്രന്ഥൾക്കുമേൽ വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠത തെളിയിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:

വിശുദ്ധ ഖുർആൻ ഒരു സമ്പൂർണവും സജീവവുമായ ദിവ്യാത്ഭുതമാണ്. വചനമാകുന്ന ദിവ്യാത്ഭുതത്തിന്റെ സവിശേഷത എന്നത് അതൊരിക്കലും ഒരു കാലത്തും പഴഞ്ചനാകുകയോ മൃത്യവിന്റെ പിടിയിലമരുകയോ ചെയ്യുന്നതല്ല. ഹദ്റത്ത് മൂസാ(അ)യുടെ അത്ഭുതദൃഷ്ടാന്തങ്ങളുടെ മാതൃക ഇന്നെവിടെ കാണാനാണ്? ജൂതന്മാരുടെ കൈയിൽ ആ വടി ഇന്നുമുണ്ടോ? അതിനു പാമ്പായി രൂപാന്തരപ്പെടാനുള്ള ശക്തിയുണ്ടോ? മുതലായവ. ചുരുക്കത്തിൽ മറ്റെല്ലാ പ്രവാചകന്മാരുടേയും ദിവ്യാത്ഭുതങ്ങൾ അവരോടൊപ്പംതന്നെ കാലഹരണപ്പെട്ടു. എന്നാൽ. നമ്മുടെ നബി(സ) തിരുമേനിയുടെ ദിവ്യാത്ഭുതങ്ങൾ എന്നെന്നും പുതുമയോടുകടി സജീവമായിത്തന്നെ തുടരുന്നു. ആ ദിവ്യാത്ഭുതങ്ങൾ നിലനില്ക്കുന്നതും അവയ്ക്കുമേൽ മൃത്യവിന്റെ പിടിവീഴാത്തതും സുവ്യക്തമായ നിലയിൽ സാക്ഷ്യപ്പെടുത്തുന്നത് നബി(സ)തിരുമേനി തന്നെയാണ് ജീവനുള്ള പ്രവാചകനെന്നും യഥാർഥ ജീവിതം തിരുനബിയ്ക്കല്ലതെ മറ്റാർക്കുംതന്നെ പ്രദാനം ചെയ്യപ്പെട്ടിട്ടില്ലെന്നുമാണ് തിരുനബിയുടെ അധ്യാപനങ്ങളുടെ ഫലങ്ങളും ഐശ്വര്യങ്ങളും ഇന്നേക്ക് 13 ശതാബ്ദങ്ങൾക്കു മുമ്പേയുണ്ടായി അതേ നിലയിൽ തുടരുന്നതുകൊണ്ടാണ് അവ ജീവനുള്ള അധ്യാപനങ്ങളായത്. മറ്റൊരു അധ്യാപനത്തെ കുറിച്ചും അതിന്റെ അനുയായി തനിക്ക് അതുമൂലമുള്ള ഫലങ്ങളും അനുഗ്രഹങ്ങളും വരദാനങ്ങളും ലഭിക്കുന്നുണ്ടെന്നും ഞാനൊരു ആയത്തുല്ലാഹ് അഥവാ ദൈവദൃഷ്ടാന്തമായി നിലകൊള്ളുമെന്നും വാദിക്കുന്ന ഒരു ഉദാഹരണവും ഇന്നു നമ്മുടെ ദൃഷ്ടിയിലില്ല. അതേ സമയം ഇപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കൊണ്ട് വിശുദ്ധ ഖുർആനിന്റെ ഫലസിദ്ധികളുടേയും വരദാനങ്ങളുടേയും മാതൃക ഇന്നും നമുക്ക് ലഭിക്കണം. നബികരീം(സ)നെ ആത്മാർഥതമായി പിന്തുടരുന്നതിലൂടെ പ്രാപ്യമാകുന്ന എല്ലാ നന്മകളും ഫലങ്ങളും ഇന്നും നമ്മൾ പ്രാപിക്കുന്നു.

അതുകൊണ്ട് അല്ലാഹു ഈ ജമാഅത്ത് രൂപീകരിച്ചിട്ടുള്ളത് 13 നൂറ്റാണ്ടുകൾക്കുമുമ്പേ പ്രകടമായതുപോലെ ഇന്നും നബി(സ)തിരുമേനിയെ പൂർണമായും അനുധാവനം ചെയ്യുന്നതിലൂടെ ഐശ്വര്യങ്ങളും ഫലസിദ്ധികളും തുടരുനെന്ന് തെളിയിക്കാനും ഇസ്ലാമിന്റെ സത്യതയ്ക് ജീവനുള്ള സാക്ഷികളെ സമർപിക്കാനും വേണ്ടിയാണ്. അപ്രകാരമുള്ള നൂറുക്കണക്കിന് ദൃഷ്ടാന്തങ്ങൾ ഇതിനകം വെളിപ്പെട്ടു കഴിഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ചില ഗ്രന്ഥങ്ങളിൽ ഇത്തരം ദൃഷ്ടാന്തങ്ങൾ എഴുതി വിശദീകരിച്ചിട്ടുണ്ട്. ജമാഅത്തിന്റെ ഓരോ പുതുപുലരിയും അദ്ദേഹത്തിന്റെ പ്രവചനങ്ങൾ എപ്രകാരമാണ് പുലർന്നതെന്ന് തെളിയിച്ചുകൊണ്ടിരിക്കുന്നുമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നു പറയുന്നു: നാം എല്ലാ ജനതകളുടേയും മതങ്ങളുടേയും നേതാക്കന്മാരോടു നമുക്കെതിരിൽവന്ന് അടയാളം കാണിക്കാൻ ക്ഷണിച്ചതാണ്. പക്ഷേ, അവരിൽ ആർക്കുംതന്നെ തങ്ങളുടെ മതങ്ങളുടെ സത്യസാക്ഷ്യത്തിന് കർമരമായ മാതൃകകാണിക്കാൻ കഴിഞ്ഞില്ല.

നാം അല്ലാഹുവിന്റെ കലാം പരിപൂർമായ അത്ഭുതമാണെന്ന് മനസ്സിലാക്കുന്നു. അതു നാം ഉറച്ചു വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. കാരണം മറ്റൊരു ഗ്രന്ഥത്തിനും അതിനെ നേരിടാൻ കഴിയുകയില്ല.

ഞാൻ തികഞ്ഞ ഉൾക്കാഴ്ചയോടെ പറയട്ടെ, വിശുദ്ധഖുർആനിലെ ഏതുകാര്യം സമർപിച്ചാലും അതു സ്വയമേവ ഒരു അടയാളവും അത്ഭുതവുമായിരിക്കും. ഉദാഹരണത്തിന് അധ്യാപനംതന്നെ നോക്കുക. അത് മഹത്തായൊരു അത്ഭുതമായി കാണപ്പെടുന്നു. തന്നെയുമല്ല അത് യഥാർഥത്തിൽ മുഅ്ജിസത്ത് അഥവാ ദിവ്യദൃഷ്ടാന്തമാകുന്നു. അതെത്രത്തോളം യുക്തിഭദ്രമായ സംവിധാനവും പ്രകൃതിദത്തമായ ആവശ്യങ്ങൾക്ക് അനുഗുണവുമാണെന്നാൽ, മറ്റൊരു അധ്യാപനത്തിനും അതിനുമുമ്പിൽ നിൽക്കാൻ കഴിയില്ല. വിശുദ്ധ ഖുർആനിന്റെ അധ്യാപനം മുൻകാല അധ്യാപനങ്ങളെയെല്ലാം തികവാർന്നതും പരിപൂർണവുമാക്കുന്നതാണ്. ഇപ്പോൾ അധ്യാപനത്തിന്റെ ഒരു വശം മാത്രം പറഞ്ഞുകൊണ്ട് വിശുദ്ധ ഖുർആനിന്റെ അധ്യാപനം ഉന്നതസ്ഥാനീയമാണെന്നും അത്ഭുതമാണെന്നും വ്യക്തമാക്കിത്തരാം. അത് വർത്തമാന കാലത്തിന് അനുസൃതമാണെങ്കിലും കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചാണെങ്കിലും ശരി!

ഉദാഹരണത്തിന് തൗറാത്തിന്റെ പാഠങ്ങൾ പ്രതികാരത്തിലും പ്രതിക്രിയയിലുമാണ് ശക്തി ചെലുത്തുന്നത്. അതായത് കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല്. ഇതിനുപകരം ഇഞ്ചീൽ നല്കുന്ന പാഠങ്ങൾകേവലം പൊറുക്കാനും ക്ഷമിക്കാനും വിട്ടുവീഴ്ച ചെയ്യുന്നതിനുമാണ്. എത്രത്തോളമെന്നാൽ ദുഷ്ടനോടു എതിർക്കരുതെന്നും നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവന് മറ്റേതും തിരിച്ചു കാണിക്കയെന്നും നിന്നോടു വ്യവഹരിച്ചു നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവന്നു നിന്റെ പുതപ്പും വിട്ടുകൊടുക്കയെന്നും ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബന്ധിച്ചാൽ രണ്ടു അവനോടുകൂടെ പോകയെന്നും പഠിപ്പിക്കുന്നു.(മത്തായി 5:39–41). ഇങ്ങനെ എല്ലാ കാര്യത്തിലും എല്ലാ കാര്യത്തിലും തൗറാത്തിന്റേയും ഇഞ്ചീലിന്റേയും അധ്യാനങ്ങളിൽ കാണാൻ കഴിയുന്നതാണ്. തൗറാത്ത് അങ്ങേയറ്റത്തെ നിലപാടെടുക്കുമ്പോൾ ഇഞ്ചീൽ ഇങ്ങേയറ്റത്തെ നിലപാടാണ് സ്വീരിക്കുന്നത്. എന്നാൽ, വിശുദ്ധ ഖുർആൻ എല്ലാ സമയത്തിനും സന്ദർഭത്തിനും യുക്തിഭദ്രമായ മധ്യനിലയിലുള്ള അധ്യാപനങ്ങളാണ് നല്കുന്നത്. എവിടെ നോക്കിയാലും വിശുദ്ധ ഖുർആനിന്റെ പാഠങ്ങൾ ശ്രദ്ധിച്ചാൽ അത് സമയത്തിനും സന്ദർഭത്തിനും അനുയോജ്യമായ അധ്യാപനങ്ങൾ നല്കുന്നതായി കാണാൻ കഴിയും. എല്ലാ അധ്യാപനങ്ങളിലും അകക്കാമ്പ് ഒന്നുതന്നെയാണെന്ന് നമ്മൾ അംഗീകരിക്കുന്നു. എന്നാൽ, തൗറാത്തും ഇഞ്ചീലും രണ്ടുഗ്രന്ഥവും ഓരോരോ കാര്യത്തിലാണ് ഊന്നൽ നല്കിയതെന്ന കാര്യത്തിൽ ആർക്കും തർക്കത്തിന് വകയില്ല. പക്ഷേ, മനുഷ്യപ്രകൃതത്തിന് അനുസൃതമായ അധ്യാപനം വിശുദ്ധ ഖുർആൻ മാത്രമാണ് നല്കിയിട്ടുള്ളത്. തൗറാത്തിലെ അധ്യാപനം അമിതത്വത്തിന്റെ സ്ഥാനത്താണുള്ളത് അതിനാൽ അത് അല്ലാഹുവിൽനിന്നല്ലെന്ന് പറയുന്നത് ശരിയല്ല. പ്രസ്തുത അധ്യാപനം ദൈവത്തിൽനിന്നല്ലെന്ന് നമ്മൾ പറയുകയാണെങ്കിൽ അത് തെറ്റാണ്. തൗറാത്തിലെ അധ്യാപനങ്ങളും ദൈവദത്തം തന്നെയാണ്. യാഥാർഥ്യമെന്തെന്നാൽ, ഇക്കാലഘട്ടത്തിലെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ അത്തരം അധ്യാപനങ്ങൾ വ്യർഥമായിതീർന്നിരിക്കുന്നു. തൗറാത്തും ഇഞ്ചീലും പ്രത്യേകസ്ഥലത്തേക്കുള്ള നിയമംപോലെയാണ്. അതായത് അത് balanced അധ്യാപനമായിരുന്നു. അത് ഇപ്പോൾ കിട്ടിയതാണ്. അന്ന് അത് വ്യർഥമായിരുന്നു. അന്ന് തൗറാത്ത് നല്കിയ പാഠം നിർബന്ധപൂർവം ചെയ്യാനുള്ളതായിരുന്നു. കാരണം തൗറാത്തും ഇഞ്ചീലും പ്രത്യേക സ്ഥലത്തേക്കുള്ള നിയമം പോലെയായിരുന്നു. ഇഞ്ചീലിലും തൗറാത്തിലുമുള്ള അധ്യാപനങ്ങൾ അതതു സ്ഥലങ്ങളിലേക്കുമാത്രം ഉള്ളതായിരുന്നു.

## ത്വാലിബെ ദുആ

**‘അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.’(ജുമുഅ ഖുത്ബ 4–10–2019)**




SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • കലാമുൽ ഇമാം: •

**‘നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!’ (മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

അതുകൊണ്ട് അവയുടെ അധ്യാപനങ്ങളിൽ മറ്റു കാര്യങ്ങളൊന്നും പരിഗണിച്ചിട്ടില്ല. എന്നാൽ, വിശുദ്ധ ഖുർആൻ സകല ലോകത്തേക്കും എല്ലാ മനുഷ്യകുലത്തിനുംവേണ്ടി ഉള്ളതായിരുന്നു. അതുകൊണ്ട് അതിന്റെ അധ്യാപനങ്ങളെ മനുഷ്യപ്രകൃതിക്ക് അനുസൃതമായി വെച്ചിരിക്കുന്നു. ഇതാണ് ഹിക്മത്ത് അഥവാ യുക്തി. ഹിക്മത്ത് എന്നതിന്റെ അർഥം **വള്ഉശ്ശയ്ഇ ഫീ മഹല്ലിഹീ** അതായത് ഏതെങ്കിലും വസ്തുവിനെ അതിന്റെ സ്ഥാനത്ത് വെക്കുക എന്നാണ്. അതിനാൽ ഈ ഹിക്മത്ത് വിശുദ്ധ ഖുർആൻതന്നെയാണ് പഠിപ്പിച്ചിട്ടുള്ളത്.

തൗറാത്ത് പറഞ്ഞതുപോലെ അനാവശ്യമായി കാഠിന്യത്തിന് ഊന്നൽ നല്കുന്നു. പ്രതികാര വാഞ്ച വർധിപ്പിക്കുന്നു. ഇതിനു വിപരീതമായി ഇഞ്ചീൽ അനാവശ്യമായി പൊറുക്കലിന്റെ അധ്യാപനമാണ് നല്കുന്നത്. വിശുദ്ധ ഖുർആൻ ഇതു രണ്ടിനേയും ഒഴിവാക്കി യഥാർഥ അധ്യാപനം നല്കുന്നു.**ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻ മിഥ്ലുഹാ മൻ അഫാ വ അസ്‌ലഹാ ഫഅജ്റുഹൂ അലല്ലാഹി** തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പു ചെയ്യുകയും(അതുമുഖേന) നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്." (42:41) (മൽഫൂദാത്ത് വാല്യം 3, പേജ് 37-40, 1984 പതിപ്പ്).

ഈ ആർജവവും വിശുദ്ധ ഖുർആനിന്റെ മേൽക്കോയ്മയും അദ്ദേഹം തെളിയിച്ചു തെളിയിച്ചു കാണിക്കുമ്പോൾ ആ രാജ്യത്ത് ഇംഗ്ലീഷുകാരുടെ ഭരണമായിരുന്നു. ചർച്ചിന് വലിയ സ്വാധീനമുണ്ടായിരുന്നു. എന്നിട്ടും വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠത കാണിക്കാൻ അദ്ദേഹം തുറന്ന നിലയിൽ വെല്ലു വിളിച്ചു. ഒരു ഭയത്തേയും അടുക്കാനനുവദിച്ചില്ല. കാരണം അല്ലാഹു ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ അയച്ച വരിഷ്ഠാത്മാവായിരുന്നു അദ്ദേഹം. ഈ അധ്യാപനത്തെ പരത്താൻവേണ്ടിയാണ് അദ്ദേഹത്തെ അല്ലാഹു അയച്ചത്. അതാണ് അദ്ദേഹത്തിന്റെ സാഹിത്യങ്ങളിലും അധ്യാപനങ്ങളിലും നമ്മൾ കാണുന്നതും. ഇതുതന്നെയാണ് നമ്മൾക്കും അതായത് അഹ്മദിയ്യാ ജമാഅത്തിനും മുന്നോട്ടു പരത്താനുള്ളതും!

അഹ്മദിയ്യാ ജമാഅത്തിനുമേൽ ആരോപണം ഉന്നയിക്കുന്നവർ, അഹ്മദികൾ വിശുദ്ധ ഖുർആൻ മാറ്റിമറിക്കുന്നുവെന്നും അതിനെ അവഹേളിക്കുന്നുവെന്നും പറയുന്നു. നഊദുബില്ലാഹ്.

വിശുദ്ധ ഖുർആനിന്റെ ആവശ്യകതയേയും പ്രാധാന്യത്തേയും വിവരിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:

"വിശുദ്ധ ഖുർആനിന്റെ ആവശ്യതയിലേക്കുള്ള ഒരു വലിയ തെളിവെന്തെന്നാൽ മുമ്പേയുള്ള സകല ഗ്രന്ഥങ്ങളും മൂസാനബിയുടെ ഗ്രന്ഥമായ തൗറത്ത് മുതൽ ഇഞ്ചീൽവരെയുള്ളവ ഒരു പ്രത്യേക സമൂഹത്തെ അതായത് ബനീ ഇസ്റായേലിനെയാണ് സംബോധന ചെയ്യുന്നത്. വളരെ വ്യക്തമായും കൃത്യമായും അവ പൊതുസമൂഹത്തിന്റെ പ്രബോധനത്തിനല്ല എന്നും പറയുന്നു. മറിച്ച് അവ ബനീഇസ്റായീലിന്റെ അസ്തിത്വത്തിൽ മാത്രം പരിമിതമാകുന്നു. എന്നാൽ, വിശുദ്ധ ഖുർആൻ മുഴുലോകത്തിന്റേയും നന്മയാണ് ലക്ഷ്യമാക്കുന്നത്. അത് ഏതെങ്കിലും പ്രത്യേക സമൂഹത്തെയല്ല അഭിസംബോധന ചെയ്യുന്നത് പ്രത്യുത എല്ലാ മാനവരാശിയേയുമാണെന്നും സകലയാളുകളുടേയും പരിഷ്കരണമാണ് ലക്ഷ്യമെന്നും തുറന്നു പ്രഖ്യാപിക്കുന്നു.

സംബോധിതരുടെ കാര്യത്തിലും തൗറാത്തിന്റേയും വിശുദ്ധ ഖുർആനിന്റേയും അധ്യാപനങ്ങൾ തമ്മിൽ വലിയ അന്തരമുണ്ട്. ഉദാഹരണമായി തൗറാത്ത് രക്തം ചിന്തരുതെന്ന് പറയുന്നു. വിശുദ്ധ ഖുർആനും രക്തം ചിന്തരുതെന്ന് പറയുന്നുണ്ട്. പ്രത്യക്ഷത്തിൽ വിശുദ്ധ ഖുർആനിൽ തൗറാത്തിലെ ഈ അധ്യാപനം ആവർത്തിച്ചതായി തോന്നാം. എന്നാൽ, ആവർത്തനമല്ല. തൗറാത്തിലെ അധ്യാപനം ബനീഇസ്റായിലിനോടു മാത്രമായിരുന്നു. ബനീ ഇസ്റാഈലിനെ മാത്രമാണ് രക്തം ചിന്തുന്നതിൽനിന്ന് തടഞ്ഞത്. മറ്റുള്ളവരുമായി തൗറാത്തിന് കാര്യമൊന്നുമില്ല. എന്നാൽ, വിശുദ്ധ ഖുർആനിന്റെ ഈ അധ്യാപനം മുഴുലോകത്തിനുമാണ്. മുഴുവൻ മനുഷ്യകുലത്തേയും രക്തം ചിന്തുന്നതിൽനിന്ന് തടഞ്ഞിരിക്കുന്നു. അതുപോലെ തന്നെ വിശുദ്ധ ഖുർആനിന്റെ സകല അധ്യാപനങ്ങളുടേയും ലക്ഷ്യം സകല മനുഷ്യരുടേയും നന്മയാകുന്നു. തൗറാത്തിന്റെ ലക്ഷ്യം ബനീഇസ്റാഈലിൽമാത്രം പരിമിതമാണ്."(കിതാബുൽ ബരിയ്യ റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 85)

വിശുദ്ധ ഖുർആൻ, തൗറത്തിൽ ഇല്ലാത്തതായ എന്തു തൗഹീദും കാര്യങ്ങളുമാണ് കൊണ്ടുവന്നതെന്ന് ചോദിക്കുന്നത് പാതിരിമാരുടെ തികഞ്ഞ അബദ്ധമാകുന്നു. പ്രത്യക്ഷത്തിൽ ഒരു അല്പജ്ഞാനി തൗറാത്തിൽ നോക്കുമ്പോൾ അവിടേയും തൗഹീദും ആരാധനയ്ക്കുള്ള പാഠങ്ങളും മനുഷ്യരോടുള്ള കടമകളും പറഞ്ഞതായി കാണുന്നതാണ്. അപ്പോൾപ്പിന്നെ എന്തുപുതിയ കാര്യമാണ് വിശുദ്ധ ഖുർആൻ പറഞ്ഞത്! എന്നാൽ, ദൈവവചനത്തിലൊരിക്കലും ചിന്തിക്കാത്തവന് മാത്രമെ, ഈയൊരു അബദ്ധചിന്ത ഉണ്ടാകുകയുള്ളു. ഓർക്കുക ദൈവത്വത്തിന്റെ നല്ലൊരു പങ്ക് എങ്ങനെയുള്ളതാണെന്നാൽ, തൗറാത്തിൽ അതിന്റെ പേരും അടയാളവും പോലുമില്ല. തൗറാത്തിൽ തൗഹീദിന്റെ അതിസൂക്ഷ്മമായനിലകളെ കുറിച്ച് ഒരിടത്തും പറഞ്ഞിട്ടില്ല. ഖുർആൻ നമ്മളിൽ പ്രകടിപ്പിക്കുന്നത് തൗഹീദ് എന്നു പറയുന്നത് കേവലം ബിംബങ്ങളേയും ആൾദൈവങ്ങളേയും മൃഗങ്ങളേയും മൂലകങ്ങളേയും ആകാശഗോളങ്ങളേയും ശയ്ത്വാന്മാരേയും ആരാധിക്കുന്നതിൽനിന്ന് പിന്മാറി നില്ക്കുതിന്റെ പേരല്ലെന്നാണ്. പ്രത്യുത തൗഹീദിനെ മൂന്നായി തരംതിരിക്കുന്നു. ഒന്ന് സാധാരണ ജനങ്ങൾ. അതായത് ദൈവകോപത്തിൽനിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവർ. രണ്ട് സവിശേഷരായിട്ടുള്ളവർ. അതായത് അവർ സാധാരണക്കാരെ അപേക്ഷിച്ച് പ്രത്യേകമായ ദൈവസമീപ്യം ആഗ്രഹിക്കുന്നവരാകുന്നു. മൂന്ന് പ്രത്യേകമായും സവിശേഷപ്പെട്ടവർ. അതായത് ദൈവസാമീപ്യത്തിൽ തികവ് ആഗ്രഹിക്കുന്നവർ. ഒന്നാമത്തെ തലത്തിലുള്ള തൗഹീദ് അല്ലാഹു അല്ലാത്തതിനെ ആരാധിക്കുക എന്നതാണ്. അതായത് നിന്ദിതവും സൃഷ്ടിക്കപ്പെട്ടവയുമാണെന്ന് അറിയുന്നവയെ അത് ഭൂമിയിലുള്ളതാണെങ്കിലും ആകാശത്തുള്ളതാണെങ്കിലും അവയെ ആരാധിക്കുന്നതിൽനിന്ന് വിട്ടുനില്ക്കുക.

തൗഹീദിന്റെ രണ്ടാമത്തെ തലത്തിൽ തന്റേയും മറ്റുള്ളവരുടേയും സകല ഇടപാടിലും യഥാർഥ രീതിയിൽ സ്വാധീനമുണ്ടാക്കുന്നവൻ അല്ലാഹുവാണെന്ന് മനസ്സിലാക്കുക. ശിർക്കിൽ അകപ്പെടുന്ന തരത്തിൽ കാര്യഹേതുക്കൾക്ക് ഊന്നൽ നല്കാതിരിക്കുക. ഉദാഹരണം സയ്ദ് ഇല്ലായിരുന്നെങ്കിൽ തനിക്ക് ഇന്ന നഷ്ടമുണ്ടാകുമായിരുന്നു. ബക്ർ ഇല്ലെങ്കിൽ താൻ നശിച്ചുപോകുമായിരുന്നു എന്ന് പറയാതിരിക്കുക. ഇത് ജനങ്ങളിൽ പ്രതീക്ഷ അർപിക്കലാണ്. ഇത് ശിർക്ക് അഥവാ ബഹുദൈവാരാധനയാണ്. ഇതു തൗഹീദിന് വിരുദ്ധമാകുന്നു. അതായത് ഇത്തരം വാക്കുകൾ സയ്ദിനേയും ബക്റിനേയും അവർ എന്തെങ്കിലുമൊക്കെയാണെന്നുകരുതി പറയുകയാണെങ്കിൽ അതും ശിർക്കുതന്നെയാകുന്നു. മൂന്നാമത്തെ തലത്തിലുള്ള തൗഹീദ് എന്താണെന്നാൽ, ദൈവത്തോടുള്ള സ്നേഹത്തിൽ തന്റെ വ്യക്തിത്വത്തേയും അതിന്നിടയിൽനിന്ന് ഒഴിവാക്കേണ്ടതാണ്. തന്റെ വ്യക്തിത്വത്തെ അല്ലാഹുവിന്റെ മഹത്വത്തിൽ ലയിപിക്കുക. ഈ തൗഹീദ് തൗറാത്തിൽ എവിടെയാണുള്ളത്? അതുപോലെതന്നെ തൗറാത്തിൽ സ്വർഗനരകങ്ങളെ പറ്റി എവിടെയൊക്കെയോ സൂചനകളുണ്ടെന്നല്ലാതെ ഒന്നുംതന്നെ കാണാൻ സാധ്യമല്ല. അതുപോലെ സമ്പൂർണമായ ദൈവ ഗുണങ്ങളെ പറ്റി പരാമർശംപോലുമില്ല. തൗറാത്തിൽ വിശുദ്ധ ഖുർആനിൽ പറഞ്ഞതുപോലെ **ഖുൽ ഹുവല്ലാഹു അഹദ് അല്ലാഹുസ്സമദ് ലം യലിദ് വലം യൂലദ് വലം യകുൻല്ലഹു കുഫുവൻ അഹദ്**(അൽഇഖ്‌ലാസ്:2-5) എന്നുണ്ടായിരുന്നെങ്കിൽ ക്രിസ്ത്യാനികൾ സൃഷ്ടിപൂജയുടെ നാശത്തിൽനിന്ന് പിന്മാറുമായിരുന്നു. അതുപോലെ തൗറാത്ത് അവകാശങ്ങളുടെ തലങ്ങൾ ശരിയായി വിവരിച്ചിട്ടില്ല. എന്നാൽ, വിശുദ്ധ ഖുർആൻ ആ അധ്യാപനവും നല്ലനിലയിൽ വിവരിക്കുന്നുണ്ട്. ***ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽഇഹ്സാനി വ ഈതാഇദിൽ ഖുർബാ***(16:91) നീതി പുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ അന്യർക്കും സഹായം നല്കുന്നതിനും അല്ലാഹു കല്പിക്കുന്നു. അതായത് മനുഷ്യകുലത്തോടുള്ള നിങ്ങളുടെ സമീപനം സഹാനുഭൂതി സ്വാഭാവികമായ ആവേശത്താലായിരിക്കണം. ഔദാര്യം എന്ന നിലയിലാകരുത്. അതായത് മാതാവ് കുട്ടിയോടു കാണിക്കുന്ന സഹാനുഭൂതിപോലെയാകണം. അതുപോലെ തന്നെ തൗറാത്തിൽ ദൈവസ്തിത്വത്തേയും അവന്റെ ഏകത്വത്തേയും അവന്റെ സമ്പൂർണമായ സവിശേഷ ഗുണങ്ങളേയും ബൗദ്ധികമായ സമർപിച്ചിട്ടില്ല. എന്നാൽ, വിശുദ്ധ ഖുർആൻ ഈ എല്ലാ വിശ്വാസങ്ങളും കൂടാതെ ദൈവഭാഷണത്തിന്റെ ആവശ്യകതകളും പ്രവാചകത്വത്തേയും ബൗദ്ധികമാ തെളിവുകൾകൊണ്ട് സ്ഥാപിച്ചിരിക്കുന്നു. എല്ലാ വിഷയങ്ങളേയും താത്ത്വികമായി വിവരിച്ചുകൊണ്ട് സത്യാന്വേഷികൾക്ക് മനസ്സിലാക്കാൻ എളുപ്പമാക്കിയിരിക്കുന്നു. ഈ എല്ലാ തെളിവുകളും മറ്റൊരാളുടെ സമർഥനം ആവശ്യമില്ലാത്തവിധം വിശുദ്ധ ഖുർആനിൽ തികവുറ്റ നിലയിൽ കാണാവുന്നതാണ്. ഈ വിശുദ്ധ ഖുർആനിൽ ഇല്ലാത്ത ഒരു തെളിവുകൊണ്ടും ദൈവാസ്തിക്യം തെളിയിക്കാൻ സാധിക്കുകയില്ല.

വിശുദ്ധ ഖുർആനിന്റെ ആവശ്യകതയിലേക്ക് മറ്റു തെളിവുകൾക്കു പുറമെ നേരത്തെ അവതരിച്ച ഗ്രന്ഥങ്ങൾ അതായത് മൂസാനബിയുടെ തൗറാത്ത് മുതൽ ഇഞ്ചീൽ വരെയുള്ള ഗ്രന്ഥങ്ങൾ ഒരു പ്രത്യേക സമുദായം അതായത് ബനീ ഇസ്റാഈലിനെ മാത്രമാണ് സംബോധന ചെയ്യുന്നതെന്നതും ഒരു തെളിവാകുന്നു. തൗറാത്ത്, അതിന്റെ അധ്യാപനങ്ങൾ പ്രയോജനപ്പെടുക പൊതുജനങ്ങൾക്കല്ലെന്നും ഒരു പ്രത്യേക ജനത, അതായത് ബനുഇസ്റാഇൽക്കാർക്കുമാത്രം നിജപ്പെടുത്തിയതാണെന്നും വ്യക്തമായ ഭാഷയിൽ പറയുന്നു. എന്നാൽ, വിശുദ്ധ ഖുർആൻ മുഴുവൻ മനുഷ്യകുലത്തിന്റേയും നന്മയാണ് ലക്ഷ്യം വെക്കുന്നത്. അതു ഒരു പ്രത്യേകസമുദായത്തെയല്ല സംബോധന ചെയ്യുന്നത്. പ്രത്യുത വ്യക്തമായും പറയുന്നു, അതു സകല മനുഷ്യർക്കു വേണ്ടിയും ഇറങ്ങിയതും അതിന്റെ ലക്ഷ്യം സകലരുടേയും നന്മുമാകുന്നു.

വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതയും സ്ഥാനമാനങ്ങളും സംബന്ധിച്ച് വേറേയും ഉദ്ധരണികളുണ്ട്. അതു പിന്നീട് വിവരിക്കാം. ഇൻശാഅല്ലാഹ്.

നൂറുൽ ഇസ്‌ലാം വകുപ്പിന്റെ
പ്രവർത്തന സമയം:
രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.
**1800 3010 2131**
ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതചരിത്രം; ദൈവസമർപണത്തിന്റേയും ദുആ സ്വീകാര്യതയുടേയും ദർപണത്തിൽ

**മുനീർ അഹ്മദ് ഖാദിം, നാളിർ ഇസ്‌ലാഹ് വ ഇർശാദ് സൗത്ത്ഇന്ത്യാ**

(2022 ഖാദിയാൻ ജൽസ സാലാനയിൽ ചെയ്ത പ്രസംഗം)

ബഹുമാനപ്പെട്ട അധ്യക്ഷരേ! മാന്യ ശ്രോതാക്കളേ! നിങ്ങൾ കേട്ടതുപോലെ എന്റെ പ്രസംഗവിഷയം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതചരിത്രം; ദൈവസമർപണത്തിന്റേയും ദുആ സ്വീകാര്യതയുടേയും ദർപണത്തിൽ. അല്ലാഹുവിൽ ആശ്രയം കൊള്ളുകയും അവനിൽ സർവവും ഭരമേല്പിക്കുകയും അവന്റെ തിരുസന്നിധിയിൽ പ്രാർഥനയ്ക്കായി കുനിയുകയും ചെയ്യുക എന്നത് യഥാർഥത്തിൽ വേർതിരിക്കാനാവാത്ത രണ്ടു സവിശേഷഗുണങ്ങളാണ്. ആരാണോ അല്ലാഹുവിൽ ആശ്രയം കൊള്ളുന്നത് അവൻ ദുൻയാവിലെ മറ്റു ആശ്രയങ്ങളും കാര്യങ്ങളുമായി ബന്ധം വിച്ഛേദിക്കുകയും അല്ലാഹുവിൽ പൂർണമായി ആത്മാർപണം ചെയ്യുന്നവൻ എന്ന പറയപ്പെടുകയും ചെയ്യുന്നു. അവന്റെ കൈകൾ അല്ലാഹുവിലേക്ക് മാത്രമായിരിക്കും ഉയരുന്നത്. അതിനാൽ വിശുദ്ധ ഖുർആനിൽ അത്തരം ഭരമേല്പിക്കുന്നവരേയും അവരുടെ ദുആകളേയും പരാമർശിച്ചുകൊണ്ട്, അവർ ശത്രുക്കളുടെ ഫിത്നകളിൽനിന്ന് സുരക്ഷിതരായിരിക്കാൻ അല്ലാഹുവിൽ ആശ്രയം അർപിച്ചുകൊണ്ട് ഈ ദുആ ചെയ്യുന്നു: *റബ്ബനാ അലയ്ക്ക തവക്കൽനാ വ ഇലയ്ക്ക അനബ്നാ വ ഇലയ്ക്കൽ മസീർ* ഞങ്ങളുടെ നാഥാ! ഞങ്ങളുടെ കാര്യങ്ങൾ ഞങ്ങൾ നിന്നെ ഭരമേല്പിച്ചുകൊള്ളുന്നു. നിന്നിലേക്കുതന്നെ ഞങ്ങൾ മടങ്ങുന്നു. അവസാന മടക്കം നിന്നിലേക്കു തന്നെയാണ്.(60:5)

*വസിഅ റബ്ബുനാ കുല്ല ശയ്ഇൻ ഇൽമൻ അലല്ലാഹി തവക്കൽനാ റബ്ബനഫ്തഹ് ബയ്നനാ വ ബയ്ന ഖൗമിനാ ബിൽഹഖി* ഞങ്ങളുടെ നാഥൻ സർവകാര്യങ്ങളെ സംബന്ധിച്ചും വിപുലമായ അറിവുള്ളവനാകുന്നു. അല്ലാഹുവിങ്കൽമാത്രം ഞങ്ങൾ സർവ കാര്യങ്ങളും ഭരമേല്പിച്ചിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളുടേയും ഞങ്ങളുടെ ജനങ്ങളുടേയും സത്യമനുസരിച്ച് നീ തീരുമാനം കല്പിക്കേണമേ!(7:90).

ഞാനെന്റെ പ്രസംഗത്തിന് ആരംഭം കുറിക്കുന്നത് നബി(സ)തിരുമേനിയുടെ ഒരു ദുആയോടുകൂടിയാണ്. ഇതിൽനിന്ന് നബി(സ)തിരുമേനി എത്രമാത്രം ദുആ ചെയ്യുന്നയാളും അല്ലാഹുവിൽ ആത്മസമർപണം ചെയ്യുന്ന ആളുമായിരുന്നുവെന്ന് മനസ്സിലാകുന്നുണ്ട്.

ഹദ്റത്ത് ഇബ്നു അബ്ബാസിൽ(റ)നിന്ന് നിവേദനം. നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു:

അല്ലാഹുവേ! ഞാൻ നിന്നെ അനുധാവനം ചെയ്യുന്നു. നിന്നിൽ വിശ്വസിക്കുന്നു. നിന്നിൽ സർവതും ഭരമേല്പിക്കുന്നു. നിന്നിലേക്ക് കുനിയുന്നു. നിന്റെ സഹായത്തോടെ ശത്രുവിനെ നേരിടുന്നു. അല്ലാഹുവേ! ഞാൻ നിന്റെ അന്തസ്സിന്റെ അഭയം തേടുന്നു. നീ അല്ലാതെ ഒരു ആരാധ്യനുമില്ല. നീ എന്നെ വഴികേടിൽനിന്ന് രക്ഷിച്ചാലും. നീ ജീവിച്ചിരിക്കുന്നവനാണ്. നിന്നെക്കൂടാതെ മറ്റാർക്കും നിലനില്പില്ല. ജിന്നിനും ഇൻസിനുമെല്ലാം മരണം വിധിക്കപ്പെട്ടിരിക്കുന്നു.(മുസ്‌ലിം, കിതാബുദ്ദിക്ർ, ഖുത്ബാത്തെ മസ്റൂർ വാല്യം 3, പേജ് 224)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തവക്കുൽ(അല്ലാഹുവിൽ സർവവും ഭരമേല്പിക്കൽ, ദുആ അഥവാ പ്രാർഥന എന്നീ വിഷയങ്ങൾ മനസ്സിലാക്കിത്തന്നുകൊണ്ട് പറയുന്നു: ആത്മസമർപണം ചെയ്യുന്നവൻ തന്നെയാണ് സർവവും അല്ലാഹുവിൽ ഭരമേല്പിക്കുന്നവനും. അതായത് സർവവും ഭരമേല്പിക്കുന്നവനാകാൻ ആത്മസമർപണം ചെയ്യുന്നവനാകേണ്ടത് നിബന്ധനയാണ്. എന്തുകൊണ്ടെന്നാൽ, മറ്റുള്ളവരെ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന ബന്ധങ്ങൾ ഉള്ളിടത്തോളം ശുദ്ധമായ അല്ലാഹുവിലുള്ള സമർപണം എപ്പോൾ ഉണ്ടാകാനാണ്. എല്ലാ ബന്ധങ്ങളും വിച്ഛേദിച്ച് അല്ലാഹുവിലേക്ക് തിരിയുമ്പോൾ അവൻ ദുൻയാവുമായിട്ടുള്ള ബന്ധം പൊട്ടിക്കുകയും അല്ലാഹുവിൽ തന്നെ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. സമ്പൂർണമായ തവക്കലുണ്ടാകുമ്പോഴാണ് ഇതു സംഭവിക്കുന്നത്; നമ്മുടെ നബി(സ)തിരുമേനി സമ്പൂർണ ആത്മാർണം ചെയ്തിരുന്ന ആളായിരുന്നതുപോലെ. അപ്രകാരംതന്നെ സമ്പൂർണ തവക്കുൽ ചെയ്തിരുന്ന ആളുമായിരുന്നു. അതുകൊണ്ടുതന്നെയാണ് ഇത്രയധികം പ്രതാപമുണ്ടായിരുന്ന ഗോത്രത്തലവന്മാരേയും സമുദായത്തിന്റെ നേതാക്കന്മാരേയും അല്പംപോലും വകവെക്കാതിരുന്നതും അവരുടെ എതിർപുകൾ ഒട്ടുംതന്നെ ബാധിക്കാതിരുന്നതും. സർവശക്തനായ അല്ലാഹുവിൽ ആ മഹാത്മാവിന് അസാധാരണമായ വിശ്വാസമുണ്ടായിരുന്നു. ഇത്ര വലിയ ഭാരം ആ മഹാത്മാവ് വഹിച്ചതും മുഴുലോകത്തിനും ഒരു പരിഗണനയും നല്കാതെ നേരിട്ടതും അതുകൊണ്ടാണ്. തവക്കുലിന്റെ ലോകത്ത് സമാനതകളില്ലാത്ത വലിയൊരു മാതൃകയാണിത്. അതുകൊണ്ട് അതിൽ അല്ലാഹുവിനെ ഇഷ്ടപ്പെട്ടുകൊണ്ട് ലോകത്തെ എതിരാളികളാക്കി മാറ്റുന്നു. എന്നാൽ, അല്ലാഹുവിനെ കാണാത്തിടത്തോളം അതിനുശേഷം മറ്റൊരു കവാടം തുറക്കപ്പെടുമെന്നുള്ള പ്രതീക്ഷ ഉണ്ടാകാത്തിടത്തോളം ഈ അവസ്ഥ ഉണ്ടാകുകയില്ല. ഈ പ്രതീക്ഷയും ദൃഢവിശ്വാസവുമുണ്ടാകുമ്പോൾ അവർ പ്രിയപ്പെട്ടവരെ അല്ലാഹുവിന്റെ വഴിയിൽ ശത്രുവാക്കി തീർക്കുന്നു. അല്ലാഹു വേറെ കൂട്ടുകാരെ ഉണ്ടാക്കുമെന്ന് അവർക്കറിയാം. അവർ സ്വത്തുവകകൾ കൈവെടിയുന്നു, അതിനെക്കാൾ ഉത്തമമായത് കിട്ടുമെന്ന ദൃഢവിശ്വാസം അവർക്കുണ്ടാകുന്നു.

പറഞ്ഞതിന്റെ ചുരുക്കം അല്ലാഹുവിന്റെ ഇഷ്ടത്തെ മുന്തിക്കുക എന്നതാണ് അല്ലാഹുവിൽ പൂർണമായും ആത്മാർപണം ചെയ്യൽ. പിന്നെ ആത്മാർപണം ചെയ്യലും അല്ലാഹുവിനെ ഭരമേൽപിക്കലും ഇരട്ടകളാണ്. തബ്ത്തുൽ അഥവാ ആത്മാർപണം ചെയ്യലിന്റെ രഹസ്യമാണ് തവക്കുൽ അഥവാ ഭരമേല്പിക്കൽ. തവക്കുലിന്റെ നിബന്ധനയാണ് തബത്തുൽ. നമ്മുടെ മതം ഇക്കാര്യത്തിലാണ്.(മൽഫൂദാത്ത്)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ന്റെ സീറത്തുൽ മഹ്ദി എന്ന ഗ്രന്ഥത്തിൽനിന്ന് തവക്കുലിനേയും ദുആ സ്വീകാര്യതയേയും സംബന്ധിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അല്പം ചില ഈമാൻ വർധക നിവേദനങ്ങൾ ഞാൻ സമർപിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുപമമായ തവക്കുൽ(അല്ലാഹുവിൽ പരിപൂർണമായും ഭരമേല്പിക്കൽ) എന്തായിരുന്നു. അദ്ദേഹത്തിന് അല്ലാഹുവിന്റെ സത്തയിൽ എത്രമാത്രം വിശ്വാസമായിരുന്നു.

ഹദ്റത്ത് ചൗദരീ ഹാക്കിം അലി സാഹിബ് തഹ്സീൽദാർ(റ) വിവരിക്കുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: നമുക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുമ്പോൾ ഉദാഹരണത്തിന് ശത്രു ചിലപ്പോൾ കേസുകൊടുക്കുകയോ അല്ലെങ്കിൽ അതുപോലുള്ള മറ്റെന്തെങ്കിലും കാര്യം നേരിടേണ്ടി വരികയോ ചെയ്യുമ്പോൾ അല്ലാഹു നമ്മുടെ വീട്ടിൽ വന്നതുപോലെ നമുക്കു തോന്നുന്നു.(സീറത്തുൽ മഹ്ദി, വാല്യം 2, ഭാഗം 4, നിവേദനം 1169)

ഏതെങ്കിലും എതിരാളിയുമായി സംവാദമുണ്ടാകുമ്പോൾ അല്ലാഹുവിൽമാത്രം വിശ്വാസം അർപിക്കുമായിരുന്നു. അവനോടു സഹായം തേടുമായിരുന്നു. അവനെക്കൂടാതെ മറ്റാരിലെങ്കിലും നിന്ന് സഹായം തേടുന്നത് ഉചിതമായി മനസ്സിലാക്കിയിരുന്നില്ല. ഹദ്റത്ത് മുൻശീ സഫ്ർ അഹ്മദ് സാഹിബ് കപൂർത്തലവി(റ) വിവരിക്കുന്നു, ആഥമുമായുള്ള വാദപ്രതിവാദത്തിൽ ആഥം ഒരിക്കൽ ചില ചോദ്യങ്ങൾ ചോദിച്ചു. അതിനുള്ള മറുപടി പെട്ടെന്ന് നൽകാനാകുകയില്ലെന്ന് കണ്ട് നമ്മുടെ ചിലയാളുകൾ പരിഭ്രമിച്ചുപോയി. ചിലയാളുകൾ ഒരു കമ്മിറ്റി നിശ്ചയിച്ച് വിശുദ്ധഖുർആനിൽനിന്നും ഇഞ്ചീലിൽനിന്നും ഉദ്ധരണികളെടുത്തുകൊടുത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സഹായിക്കാമെന്ന് കരുതി. ഹദ്റത്ത് മുൻശീ സഫ്ർ അഹ്മദ് സാഹിബ് പറയുന്നു: ഞാൻ ഹദ്റത്ത് അബ്ദുൽകരീം സാഹിബിനോടു തമാശയായി ചോദിച്ചു: നുബുവ്വത്തുകളും കൂടിയാലോചനയിലൂടെയാണോ നടക്കുന്നത്. ഇത്രയുമായപ്പോൾ ഹദ്റത്ത് സാഹിബ്(ഹദ്റത്ത് മസീഹ് മൗഊദ്(അ)) ആഗതരായി. ഹുദൂർ കുറച്ചു കാര്യങ്ങൾ പറഞ്ഞ് പോകാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് അബ്ദുൽകരീം സാഹിബ് എഴുന്നേറ്റുനിന്ന് പറഞ്ഞു, നാളത്തെ മറുപടിയ്ക്കുവേണ്ടി കുറച്ചു കൂടിയാലോചിച്ചാൽ നന്നായിരുന്നു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ചിരിച്ചുകൊണ്ടു പറഞ്ഞു: ''താങ്കളുടെ ദുആ മാത്രം മതിയായതാണ്.'' പെട്ടെന്ന് പോകുകയും ചെയ്തു. മിർസാ സാഹിബ് ഉലമായിനെ രഹസ്യമാക്കി വെച്ചിരിക്കുകയാണ്, അവരാണ് അദ്ദേഹത്തെ ഗ്രന്ഥങ്ങളെഴുതാൻ സഹായിക്കുന്നതെന്ന് ആക്ഷേപിക്കുന്നവർക്കുള്ള മറുപടി കൂടിയാണ് ഈ നിവേദനം.(സീറത്തുൽ മഹ്ദീ നിവേദനം 515)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അല്ലാഹുവിന്റെ സത്തയിൽ എത്രമാത്രം മാതൃകാപരമായ തവക്കുലായിരുന്നു ഉണ്ടായിരുന്നത്. അദ്ദേഹം അവനു പുറമെ ആരിലെങ്കിലും അല്പംപോലും വിശ്വാസം അർപിക്കുന്നത് കുഫ്റായി കണ്ടിരുന്നു. അതിന് ഹദ്റത്ത് മുൻശീ സഫ്ർ അഹ്മദ് സാഹിബ് കപൂർത്തലവി(റ)ന്റെ മറ്റൊരു നിവേദനം സമർപിക്കുകയാണ്. അദ്ദേഹം പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മൈഗ്രെയിനിന്റെ അസുഖമുണ്ടായിരുന്നു. ഇതിൽ വിദഗ്ദ്ധനായ ഒരു ഡോക്ടറെ സംഡിച്ച് കേൾപിക്കപ്പെട്ടു. അദ്ദേഹത്തിന് ചെലവു നല്കി എവിടെയോ ദൂരത്തുനിന്ന് വിളിച്ചുകൊണ്ടുവന്നു. അദ്ദേഹം ഹുദൂറിനെ(അ) പരിശോധിച്ചു. എന്നിട്ട് രണ്ടു ദിവസത്തിനുള്ളിൽ താങ്കളെ സുഖപ്പെടുത്തുമെന്ന് പറഞ്ഞു. ഇതുകേട്ട് ഹദ്റത്ത് സാഹിബ് ഉള്ളിൽപ്പോയി. ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന് ഒരു കുറിപ്പെഴുതി: ഈ വ്യക്തിയെക്കൊണ്ട് ഞാനൊരിക്കലും ചികിത്സിപ്പിക്കുകയില്ല. ഇയാൾ ദൈവത്വവാദമാണ് പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നത്. അയാൾക്ക് തിരിച്ചുപോകാനുള്ള പണവും കൂടുതലായി 25 രൂപയും കൊടുത്തയച്ചു. ഇതുകൊടുത്ത് അയാളെ തിരിച്ചയക്കാനും പറഞ്ഞു. അങ്ങനെതന്നെയാണുണ്ടായതും.(സീറത്തുൽ മഹ്ദി, നിവേദനം 1038)

ഇനി ഞാൻ ദുആ സ്വീകാര്യതയെ സംബന്ധിച്ച് സീറത്തുൽ മഹ്ദിയിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഈമാൻ വർധക നിവേദനങ്ങൾ സമർപിക്കുകയാണ്.

മുഫ്തി മുഹമ്മദ് സാഹിബ് എന്നോടു പറഞ്ഞു: ദുആ കേവലം ഒരു ആരാധനയാണെന്നും അക്കാരണത്താൽ അല്ലാഹു തന്റെ നിയതിനിയമം മാറ്റുകയില്ലെന്നും അത് അതിന്റെ നിശ്ചിത വഴിയിലൂടെ ചലിക്കുന്നുവെന്നുമുള്ള സർ സയ്യിദ് അഹ്മദ് ഖാൻ സാഹിബിന്റെ വിശ്വാസം അദ്ദേഹം പ്രകടിപ്പിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ബർക്കാത്തുദ്ദുആ എന്ന പുസ്തകം എഴുതി പ്രസിദ്ധീകരിച്ചു. അതിൽ തെളിവുകളോടുകൂടി ദുആ കേവലം ആരാധന അല്ലെന്നും പ്രത്യുത അതിന്റെ ഫലമായി

അല്ലാഹു തന്റെ നിയതിനിയമം മാറ്റുന്നുവെന്നും സ്ഥാപിച്ചു. കാരണം അവൻ സർവശക്തനാണ്. അവന്റെ തന്റെ നിയതിനിയമത്തിനും അതീതനാണ്. ഇതിനെ സംബന്ധിച്ചുള്ള സർ സയ്യിദ് അഹ്മദിന്റെ വിശ്വാസം ശരിയല്ലെന്ന് ഇസ്ലാമികാധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിച്ചു. ഈ ഗ്രന്ഥം അച്ചടിച്ച് തയ്യാറായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന്റെ ഒരു കോപ്പി സർ സയ്യിദ് അഹ്മദിനും അയപ്പിച്ചു. അതു കിട്ടിയപ്പോൾ സർ സയ്യിദ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു കത്തെഴുതി. ആ കത്തിൽ ഖേദം പ്രകടിപ്പിക്കുന്നു എന്ന നിലയിൽ എഴുതി: ''ഞാൻ ഈ രംഗത്തുള്ള ആളല്ല. അതുകൊണ്ട് എനിക്ക് തെറ്റു സംഭവിച്ചു. താങ്കൾ എന്താണോ എഴുതിയത് അതുതന്നെയായിരിക്കും ശരിയായിട്ടുള്ളത്.'(സീറത്തുൽ മഹ്ദി, നിവേദനം 830)

ഇനി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ സ്വീകാര്യതയുടെ മഹത്തായ ദിവ്യാത്ഭുതങ്ങൾ അവതരിപ്പിക്കുകയാണ്:

ഹദ്റത്ത് ഈസാ(അ)നെ ക്രിസ്ത്യാനികൾ ചില സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ദൈവമാക്കിയിരിക്കുകയാണ്. അതിൽ അവർ പറയുന്നു, അദ്ദേഹം രോഗികളെ സുഖപ്പെടുത്തിയിരുന്നു. വികലാംഗരെ ആരോഗ്യവാന്മാരാക്കിയിരുന്നു. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നല്കിയിരുന്നു. മരിച്ചവരെ ജീവിപ്പിച്ചിരുന്നു. വാസ്തവത്തിൽ ഇതുകൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായി കാഴ്ചയില്ലാത്തവർക്ക് കാഴ്ച നല്കുകും ആത്മീയമായി മരിച്ചവരിൽ ആത്മീയമായ ആത്മാവ് ഊതുകയും ചെയ്തുവെന്നാണ്. ബാഹ്യമായി കണ്ണിനു രോഗം ബാധിച്ചുകഴിഞ്ഞ ചിലർക്കും സുഖം നല്കി എന്നതിലും സംശയമൊന്നുമില്ല. അവർ എങ്ങനെയുള്ള രോഗികളായിരുന്നുവെന്നാൽ അവർ മരണാസന്നരായിരുന്നു. അതുകൊണ്ടാണ് ക്രിസ്ത്യാനികൾ അദ്ദേഹത്തെ ദൈവമാക്കിയത്.

അത്തരം രോഗശമനവും അത്തരം ജീവിതത്തിന്റെ ഉദാഹരണവും എന്നല്ല അതിനെക്കാളുപരി ഉദാഹരണങ്ങൾ മുഹമ്മദീമസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനീ(അ)ന്റെ അനുഗ്രഹീത ജീവിതത്തിലും നമുക്ക് കാണാൻ കഴിയുന്നു. അതായത് അല്ലാഹു അദ്ദേഹത്തിന്റെ ദുആയുടെ ഫലമായി ഡോക്ടർമാർ ചികിത്സയില്ലെന്ന് പറഞ്ഞു തള്ളുകയും മരണാസന്നരായി കഴിയുകയും ചെയ്ത ചില രോഗികൾക്ക് ശിഫാ അഥവാ രോഗശാന്തി നല്കി.

ഹദ്റത്ത് മൗലവി മുഹമ്മദ് ഇബ്റാഹീം സാഹിബ് ബഖാപൂരി(റ) വിവരിക്കുന്നു: ''ഒരിക്കൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു, എന്റെ കണ്ണുകളിൽനിന്ന് വെള്ളം ഒഴുകിക്കൊണ്ടേയിരിക്കുന്നുവെന്നും എനിക്കുവേണ്ടി ദുആ ചെയ്താലും എന്നും പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:''ദുആ ചെയ്യുന്നതാണ്. തുടർന്ന് പറഞ്ഞു: താങ്കൾ മൗലവി സാഹിബിൽനിന്ന് 'അത്രീഫൽ സമാനീ' അതായത് ത്രിഫലം(കടുക്ക, നെല്ലിക്ക, താന്നി എന്നിവയുടെ മിശ്രിതം) വാങ്ങി കഴിക്കുക. അൽഹംദുലില്ലാഹ് അതിനുശേഷം എനിക്ക് ഇന്നുവരെ ഒരിക്കലും ഈ രോഗമുണ്ടായിട്ടില്ല.''(സീറത്തുൽ മഹ്ദി, നിവേദനം 817)

ഹദ്റത്ത് മുൻശീ അബ്ദുൽഅസീസ് സാഹിബ് ഓജലവി(റ) വിവരിക്കുന്നു. സാനൂ എന്നു പേരുള്ള സീക്വാൻ നാട്ടുകാരനായ ഒരാൾ എന്നോടൊപ്പമാണ് ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തത്. അദ്ദേഹത്തിന്റെ ഖബ്ർ ബിഹിശ്തി മഖ്ബറയിലാണ്. അദ്ദേഹത്തിന് തിമിരത്തിന്റെ അസുഖമുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനെ കാണിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ആദ്യം കണ്ണീർ വന്ന് കാഴ്ച പൂർണമായും പൊയ്പ്പോകും. പിന്നീടായിരിക്കും അതിനുള്ള ചികിത്സ തുടങ്ങുക. അദ്ദേഹത്തിന് അതുകൊണ്ട് വളരെ വിഷമമായി. അതിനുശേഷം അദ്ദേഹം ഒരു മാർഗം സ്വീകരിച്ചു. അദ്ദേഹം ഖാദിയാനിൽ വരുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തിരിക്കാൻ അവസരമുണ്ടാകുകയും ചെയ്യുമ്പോഴെല്ലാം ഹുദൂർ(അ)ന്റെ പകടി തന്റെ കണ്ണുകളിൽ തടവുമായിരുന്നു. ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹത്തിന്റെ രോഗം സുഖമായി. ജീവിച്ചിരുന്ന കാലമത്രയും അദ്ദേഹത്തിന്റെ കാഴ്ചശക്തി നിലനിന്നിരുന്നു. ഒരു ചികിത്സയും വേണ്ടിവന്നില്ല. (സീറത്തുൽ മഹ്ദി, നിവേദനം 568)

ദുആ സ്വീകാര്യതയുടെ മറ്റൊരു ഈമാൻ വർധക സംഭവം ശ്രവിച്ചാലും.

ഹദ്റത്ത് ഡോക്ടർ സയ്യിദ് അബ്ദുസത്താർ ശാഹ് സാഹിബ്(റ) പറയുന്നു: ഒരിക്കൽ എനിക്ക് മൂന്നു മാസത്തെ അവധിയെടുത്ത് കുടുംബത്തോടും മക്കളോടുമൊപ്പം ഖാദിയാനിൽ താമസിക്കാനുള്ള അവസരം ലഭിച്ചു. ആ അവസരത്തിൽ യാദൃച്ഛികമായി വലിയുല്ലാഹ് ശാഹിന്റെ മാതാവിന് അതായത് തന്റെ ഭാര്യയ്ക്ക് അസഹ്യമായ പല്ലു വേദനയുണ്ടായി. അതിനാൽ അവർക്ക് രാത്രിയിലും പകലും ഉറങ്ങാൻ കഴിഞ്ഞില്ല. വൈദ്യചികിത്സ നടത്തിയെങ്കിലും ഫലമുണ്ടായില്ല. ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)ലും മരുന്ന് നല്കി. എന്നാൽ, ആശ്വാസം ലഭിച്ചില്ല. ഡോക്ടർ സയ്യിദ് അബ്ദുസത്താർ ശാഹ് സാഹിബിന്റെ ഭാര്യയ്ക്ക് കഠിനമായ പല്ലുവേദനയുണ്ടെന്നും ആശ്വാസം ലഭിക്കുന്നില്ലെന്നും ഹദ്റത്ത് ഉമ്മുൽമുഅ്മിനീൻ(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറിയിച്ചു. അവരെ ഇങ്ങോട്ടു വിളിക്കാനും എവിടെയാണ് വേദനയുള്ളതെന്ന് എന്നോടു പറയാനും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. അങ്ങനെ അവർ വന്ന് തനിക്ക് ഇന്ന പല്ലിനാണ് വേദനയെന്ന് പറഞ്ഞു. ഡോക്ടറുടേയും മൗലവി സാഹിബിന്റേയും മരുന്നു കഴിച്ചുവെങ്കിലും ശമനം കിട്ടുന്നില്ലെന്നും അറിയിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) കുറച്ചുനേരം നിൽക്കാൻ അവരോടു പറഞ്ഞു. എന്നിട്ട് ഹുദൂർ വുളു ചെയ്തുകൊണ്ടു പറഞ്ഞു, ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നതാണ്. വിഷമിക്കേണ്ട, അല്ലാഹു നിങ്ങൾക്ക് രോഗശാന്തി നല്കും. ഹുദൂർ(അ) രണ്ടു റക്അത്ത് നമസ്കരിച്ചു. അതിനുശേഷം മൗനമായിരുന്നു. അന്നേരം വേദനയുണ്ടെന്ന് അവർക്കു തോന്നിയ പല്ലിന്റെ വേരിൽനിന്ന് അല്പം പുകയുള്ള ഒരു തീജ്വാല പുറപ്പെട്ട് ആകാശത്തേക്കു പോകുന്നതും വേദന കുറഞ്ഞു വരുന്നതും അനുഭവപ്പെട്ടു. ആ ജ്വാല ആകാശത്തേക്ക് ഉയർന്ന് കണ്ണിൽനിന്ന് അപ്രത്യക്ഷമാകുകയും അല്പനേരം കഴിയുകയും ചെയത പ്പോൾ ഹുദൂർ സലാം വീട്ടി. വേദന പൂർണമായും മാറുകയും ചെയ്തു. ഹുദൂർ ചോദിച്ചു: ഇപ്പോൾ എങ്ങനെയുണ്ട്? എന്താണ് തോന്നുന്നത്? അവർ പറഞ്ഞു: അങ്ങയുടെ ദുആ കൊണ്ട് ആശ്വാസം കിട്ടിയിട്ടുണ്ട്. അല്ലാഹു അവരെ ആ അദാബിൽനിന്ന് രക്ഷിച്ചതിൽ അവർക്ക് വലിയ സന്തോഷമുണ്ടായി. (സീറത്തുൽ മഹ്ദി നിവേദനം 884)

അപസ്മാര രോഗത്തിൽനിന്ന് അത്ഭുതകരമായി രോഗശാന്തി ലഭിച്ച സംഭവം വായിക്കുക.

ഹദ്റത്ത് ഡോക്ടർ സയ്യിദ് അബ്ദുസത്താർ ശാഹ് സാഹിബ്(റ)വിവരിക്കുന്നു: 'എന്റെ മകൾ സയ്നബ് ബീഗം എന്നോടു പറഞ്ഞു, ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ട് സന്ദർശിച്ചപ്പോൾ ഞാൻ റഅ്യയിൽനിന്ന് അവിടത്തെ സന്നിധിയിൽ ഹാജരായി. എനിക്ക് ശക്തമായി അപസ്മാരമുണ്ടാകുമായിരുന്നു. ഞാൻ നാണംകൊണ്ട് ഹുദൂറി(അ)നോടു അതു പറയാൻ മടിച്ചിരുന്നു. എന്നാൽ, എന്റെ രോഗത്തെ സംബന്ധിച്ച് ഹുദൂർ(അ) എങ്ങനെയെങ്കിലും അറിഞ്ഞ് എനിക്കുവേണ്ടി ദുആ ചെയ്തിരുന്നെങ്കിൽ എന്ന് ഞാനാഗ്രഹിച്ചിരുന്നു. ഞാൻ ഹുദൂറിന് സേവനം ചെയ്യുകയായിരുന്നു. ഹുദൂർ(അ) തന്റെ വെളിപാടിലൂടേയും തന്റെ മനഃശുദ്ധിയിലൂടേയും കാര്യം മനസ്സിലാക്കിക്കൊണ്ടു എന്നോടു പറഞ്ഞു: 'സയ്നബേ! നിനക്ക് അപപസ്മാര രോഗമുണ്ട്. ഞാൻ നിനക്കുവേണ്ടി ദുആ ചെയ്യാം. നീ കുറച്ച് വ്യായാമം ചെയ്യുക. നടക്കുക. എനിക്കാണെങ്കിൽ ഒരു ചുവടുപോലും നടക്കാൻ കഴിയുമായിരുന്നില്ല. നാലു ചുവടു നടന്നാൽത്തന്നെ അപസ്മാരം ശക്തിയായി ഉണ്ടാകുമായിരുന്നു. ഹുദൂറിന്റെ വീട്ടിൽനിന്ന് ഒരു മൈൽദൂരത്തുള്ള എന്റെ വീട്ടിലേക്ക് ഞാൻ വണ്ടി(ടാങ്ക) കാത്തുനിന്നെങ്കിലും കിട്ടിയില്ല. അതുകൊണ്ട് നടന്നുപോകാൻ ഞാൻ നിർബന്ധിതയായി. എനിക്കത് വിഷമമുള്ളതും ബുദ്ധിമുട്ടുള്ളതുമായി തോന്നി. എന്നാൽ, അല്ലാഹുവിന്റെ ശക്തിപ്രഭാവം നോക്കുക. ഞാൻ നടക്കുന്തോറും എനിക്ക് ആശ്വാസം ലഭിക്കുന്നതായി അനുഭവപ്പെട്ടു. അടുത്ത ദിവസവും ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്ത് നടന്നുതന്നെ വന്നു. എന്റെ അസുഖം മാറിയിരിക്കുന്നതായി എനിക്ക് പരിപൂർണമായും ബോധ്യം വന്നു. അല്ലാഹു എത്ര പരിശുദ്ധനാണ്, മുഹമ്മദീ മസീഹിന്റെ പ്രതാപമെന്താണെന്ന് നോക്കുക.(സീറത്തുൽ മഹ്ദി, നിവേദനം 917)

ഹദ്റത്ത് മിയാൻ ഫയാള് അലി സാഹിബ് കപൂർത്തലവി(റ)യുടെ ഒരു നിവേദനം വിവരിക്കുകയാണ്. ഇതിൽനിന്ന് ഈ ദുആ സ്വീകാര്യതയും രോഗശാന്തിയുടെ ദിവ്യാത്ഭുതങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ശേഷവും അഹ്മദിയ്യ ഖിലാഫത്തിൽ തുടർന്നുവരുന്നുണ്ടെന്ന് മനസ്സിലാകുന്നു. എന്റെ ഒരു മകന് അപസ്മാര രോഗമുണ്ടായി. നി രവധി ചികിത്സകൾ നടത്തിയെങ്കിലും നിരാശയായിരുന്നു ഫലം. ഖാദിയാനിൽ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് ഔവ്വലിന്റെ സന്നിധിയിലും അവനെ അവന്റെ ഉമ്മയോടൊപ്പം അയച്ചു. എന്നിട്ടും ഫലമൊന്നുമുണ്ടായില്ല. അവന്റെ ഉമ്മ നിരാശയായി. വീട്ടിൽ മടങ്ങിവരാൻ ഒരുങ്ങി. ആ സമയത്ത് അവർ ഉമ്മുൽമുഅ്മിനീന്റെ വസതിയിലായിരുന്നു താമസം. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ കുട്ടിയുടെ ഉമ്മയോടു പറഞ്ഞു, 'നിൽക്കുക, നമുക്ക് ദുആ ചെയ്യാം.' അങ്ങനെ ഹുദൂർ(അ) ഏകദേശം രണ്ടു മണിക്കൂറോളം കുട്ടിയുടെ ആരോഗ്യത്തിനുവേണ്ടി സുജൂദിൽ കിടന്നു. കണ്ണിൽനിന്ന് കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു. രാത്രി കുട്ടി സ്വപ്നത്തിൽ കണ്ടു, നിലാവുള്ള രാത്രിയാണ്. എനിക്ക് അപസ്മാരം ഉണ്ടായിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ബയ്ത്തുദ്ദുആയുടെ ജനാലിലൂടെ വന്നു. നിനക്കെങ്ങനെയുണ്ടെന്ന് എന്നെ നോക്കിക്കൊണ്ട് ചോദിച്ചു. ഹുദൂർ നോക്കിയാലുമെന്ന് ഞാൻ പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്റെ തലയിൽ തടവിക്കൊണ്ടു പറഞ്ഞു, പരിഭ്രമിക്കേണ്ട! സൗഖ്യം ലഭിക്കുന്നതാണ്. അതിനുശേഷം അവന്റെ ഉമ്മ കുട്ടിയേയുംകൊണ്ട് വീട്ടിൽ തിരിച്ചുവന്നു. പിന്നീട് ഞാൻ ഓരോ പ്രസിദ്ധരായ ഡോക്ടറെ കൊണ്ടും വൈദ്യന്മാരെക്കൊണ്ടും ചികിത്സ നടത്തിക്കൊണ്ടിരുന്നു. അവസാനം മീററ്റ് ജില്ലയിലെ ഹാപഡ് കസബയിലെ ഒരു വൈദ്യന്റെ അടുത്തു പോയി. അയാൾ മരുന്നിന്റെ കുറിപ്പടി തന്നു. രാത്രിയിൽ തന്റെ മുമ്പിൽവെച്ച് തീറ്റിച്ചു. ആനേരത്ത് മകന് ശക്തമായി അപസ്മാരമുണ്ടായി. വൈദ്യൻ തന്റെ വീട്ടിനുള്ളിൽപോയി ഉറങ്ങി. നേരം വെളുത്തപ്പോൾ നമസ്കരിച്ചു. വൈദ്യനും വീട്ടിൽനിന്ന് വെളിയിൽ വന്നു. വേദ്യൻ പറഞ്ഞു: രാത്രിയിൽ ഞാനൊരു സ്വപ്നം കണ്ടു. ഞാൻ കണ്ടു എന്റെ കൈയിൽ ഒരു ഗ്രന്ഥം നല്കപ്പെട്ടു. ഞാനത് തുറന്നപ്പോൾ അതിന്റെ ആരംഭത്തിൽ എഴുതിയിരുന്നു, ഈ രോഗത്തിന്റെ മരുന്ന് പുളിയാണ്. ആറേഴ് വരിയുടെ ഉള്ളിൽ ഇതാണ് എഴുതിയിരുന്നത്. ഈ രോഗത്തിന്റെ ചികിത്സ പുളിയല്ലാതെ ലോകത്ത് മറ്റൊന്നുമില്ല. വൈദ്യൻ പറഞ്ഞു, രോഗമെന്താണെന്ന് ഞാൻ മനസ്സിലാക്കിയില്ല, ചികിത്സ എന്താണെന്നും! ഞാൻ നിങ്ങളെ എന്റെ സ്വപ്നം കേൾപ്പിച്ചു. ഞാൻ വൈദ്യന്റെ ഈ സ്വപ്നം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സുവിശേഷമനുസരിച്ച് അല്ലാഹുവിൽനിന്നുള്ള ഇൽഹാമാണെന്ന് മനസ്സിലാക്കുകയും കുട്ടിയേയുംകൊണ്ട് വീട്ടിൽ വരികയും ചെയ്തു. പുളി സേവിക്കാൻ തുടങ്ങി. രാത്രിയിൽ നാലു തോല(ഏകദേശം 50 ഗ്രാം) വെള്ളത്തിലിട്ടു വെക്കും. രാവിലെ അരിച്ചെടുത്ത് രണ്ടു തോല മിസ്രി ചേർത്ത് കുട്ടിയെ കുടിപ്പിക്കുമായിരുന്നു. രണ്ടാഴ്ചയ്ക്കുള്ളിൽ ആ രോഗത്തിൽനിന്ന് കുട്ടി മുക്തനായി. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഗ്രാജുവേറ്റാണ്. നല്ലൊരു ജോലിയിൽ അവരോധിതനാണ്. (സീറത്തുൽ മഹ്ദീ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്, നിവേദനം 981)

ഹദ്റത്ത് ഡോക്ടർ സയ്യിദ് അബ്ദുസത്താർ ശാഹ് സാഹിബ്(റ) പറയുന്നു: ഞാൻ ഹദ്റത്ത് മസീഹ് മൗഊദിന്റെ കൈയിൽ ബയ്അത്ത് ചെയ്ത് തിരിച്ച് ജോലിയിൽ പ്രവേശിച്ചപ്പോൾ ശക്തമായ എതിർപുകാരണം ബയ്അത്തു ചെയ്ത കാര്യം എല്ലാവരിൽനിന്നും കുറച്ചു ദിവസം മറച്ചുവെച്ചു. എന്നെ വിശ്വസിക്കുന്ന ഒരുപാടാളുകളുണ്ടായിരുന്നു. അതുകൊണ്ടുതന്നെ കുറച്ചു ബലഹീനത പോലെ തോന്നി. ഞാൻ വീട്ടുകാരോടുപോലും അത് പറഞ്ഞില്ല. പക്ഷേ, പതുക്കെപ്പതുക്കെ ഇക്കാര്യം വെളിപ്പെടാൻ തുടങ്ങി. ചിലയാളുകൾ എതിർക്കാനും തുടങ്ങി. പക്ഷേ, അവർക്കൊന്നും നഷ്ടമൊന്നും വരുത്താൻ കഴിഞ്ഞില്ല. വീട്ടുകാർ പറഞ്ഞു, താങ്കൾ ബയ്അത്ത് എന്തായാലും ചെയ്തു. പക്ഷേ താങ്കളുടെ ആദ്യത്തെ പീർ ജീവിച്ചിരിക്കുന്നുണ്ട്. അദ്ദേഹം വെറുത്തുകൊണ്ട് ശാപപ്രാർഥന ചെയ്യും. അദ്ദേഹം അധികവും ഞങ്ങളുടെ വീട്ടിൽ വരാറുണ്ടായിരുന്നു. ഞാൻ പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിയാണ് ബയ്അത്ത് ചെയ്തത്. ആരുടെ കൈയിലാണോ ബയ്അത്ത് ചെയ്തത് അദ്ദേഹം മസീഹിന്റേയും മഹ്ദിയുടേയും ദർജയിലാണുള്ളത്. മറ്റുള്ളവർ എത്ര നല്ലവരും വലിയ്യുമാരും ആയാലും ശരി!അവർ ഈ ദർജയിലെത്തുകയില്ല. അദ്ദേഹത്തിന്റെ ശാപപ്രാർഥന ഒരു സ്വാധീനവും ചെലുത്തുകയില്ല. കാരണം അൽഅഅ്മാലു ബിന്നിയ്യാത്തി. ഞാനെന്റെ അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പ്രവൃത്തി ചെയ്തത്. എന്റെ സ്വയേച്ഛയ്ക്കുവേണ്ടിയല്ല. ചുരുക്കത്തിൽ ആ എന്റെ വഴികാട്ടി കുറച്ചുകാലം കഴിഞ്ഞ് പതിവുപോലെ എന്റെ അടുത്തുവന്നു. അദ്ദേഹം എന്റെ ബയ്അത്ത് വിവരം മനസ്സിലാക്കി എന്നോടു പറഞ്ഞു, താങ്കൾ നല്ലതല്ല ചെയ്തത്. താങ്കളുടെ ഗുരു നിലവിലുള്ളപ്പോൾ അയാളെ വിട്ട് താങ്കളെന്തിനാണ് ഇങ്ങനെ ചെയ്തത്? താങ്കൾ അദ്ദേഹത്തിൽ എന്തു കറാമത്താണ് കണ്ടത്? ഞാൻ പറഞ്ഞു, അദ്ദേഹത്തിൽ ഞാൻ കണ്ട കറാമത്ത് അദ്ദേഹത്തിന് ബയ്അത്തു ചെയ്തതിനുശേഷം എന്റെ ആത്മീയമായ രോഗങ്ങൾ അല്ലാഹുവിന്റെ ഫള്‌ലു കൊണ്ടു അകന്നുപോയി. എന്റെ മനസ്സിന് സംതൃപ്തി കിട്ടി. താനും അദ്ദേഹത്തിന്റെ കറാമത്ത് കാണാനാഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. നിങ്ങളുടെ മകൻ വലിയ്യുല്ലാഹ് അദ്ദേഹത്തിന്റെ ദുആ കൊണ്ടു സുഖപ്പെടുകയാണെങ്കിൽ താങ്കൾ സമ്പൂർണനായ ഗുരുവിന് ബയ്അത്തു ചെയ്തുവെന്ന് ഞാൻ മനസ്സിലാക്കും. അദ്ദേഹത്തിന്റെ വാദം സത്യമാണ്. ആ നേരത്ത് എന്റെ മകൻ വലിയുല്ലായുടെ കാല് പരിക്കേറ്റ് വരണ്ട് നടക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. ഒരു വടി കഷ്ടത്ത് വെച്ചിരുന്നു. അതിന്റെ സഹായത്തോടെയാണ് നടന്നിരുന്നത്. മിക്കപ്പോഴും വീണുപോകുമായിരുന്നു. ഇതിനു അല്പകാലം കഴിഞ്ഞപ്പോൾ പല ഡോക്ടർമാരെക്കൊണ്ടും സിവിൽ സർജന്മാരെക്കൊണ്ടും ചികിത്സിച്ചിട്ടും ഒരു ഫലവുമുണ്ടായില്ല. യാദൃച്ഛികമായി ഒരു സിവിൽ സർജൻ സിയാൽക്കോട്ടിൽ വന്നു. അയാളുടെ പേര് മേജർ ഹ്യൂഗോ എന്നായിരുന്നു. അദ്ദേഹം റഅയയിൽ ആശുപത്രി പരിശോധനയ്ക്കായും വരികയുണ്ടായി. ഞാൻ വലിയുല്ലായെ അദ്ദേഹത്തിന് കാണിച്ചു. ഇതു ചികിത്സമുഖേന സുഖപ്പെടാൻ സാധ്യതയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ, മൂന്നു പ്രാവശ്യം ഓപ്റേഷൻ ചെയ്യേണ്ടിവരും. അങ്ങനെ അയാൾ ഒരു തവണ സിയാൽക്കോട്ടിൽ ഓപ്റേഷൻ ചെയ്തു. രണ്ടു പ്രാവശ്യം അയാൾ നിയമിതനായിരുന്ന റഅയയിലും ഓപ്റേഷൻ ചെയ്തു. ഞാൻ ഹദ്റത്ത് സാഹിബിന് ദുആയ്ക്കും എഴുതി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവൻ പൂർണമായും സുഖം പ്രാപിച്ചു. ഊന്നുവടി ഉപയോഗിക്കേണ്ട ആവശ്യംതന്നെ ഉണ്ടായില്ല. അപ്പോൾ ഞാൻ ആ പുണ്യാത്മാവിനോടു പറഞ്ഞു: 'അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് സാഹിബിന്റെ ദുആ എങ്ങനെയാണ് സ്വീകരിപ്പെട്ടതെന്ന് നോക്കുക. അതു ചികിത്സകൊണ്ടാണ് സുഖപ്പെട്ടതെന്ന് അയാൾ പറഞ്ഞു. ഞാൻ പറഞ്ഞു, ചികിത്സ മുമ്പേയും നടത്തിയിരുന്നു. പക്ഷേ ഈ ചികിത്സയിൽ രോഗശാന്തി ദുആ മുഖേനയാണുണ്ടായത്.(സീറത്തുൽ മഹ്ദി നിവേദനം 926)

പ്ലേഗ് ബാധിതനായ കുട്ടിക്ക് രോഗശാന്തി:

ബാബു ഫഖ്റുദ്ദീൻ സാഹിബിന്റെ ഭാര്യ പറഞ്ഞു: ഞാനെന്റെ നാടായ മിയാനീയിലായിരുന്നു. രണ്ടു വയസ്സുള്ള എന്റെ മകൻ ഇസ്ഹാഖിന് പ്ലേഗിന്റെ രണ്ട് പൊള്ളൻ പൊന്തി. ആ ദിനങ്ങളിൽ ഈ രോഗം വളരെ പടർന്നുപിടിച്ചിരുന്നു. ഞങ്ങൾ വളരെ പരിഭ്രമിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ദുആയ്ക്കുവേണ്ടി കത്തെഴുതി. കുട്ടി സുഖം പ്രാപിച്ചപ്പോൾ ഒരു മാസം കഴിഞ്ഞ് അവനേയുംകൊണ്ട് ഖാദിയാനിൽ ഹുദൂർ(അ)ന്റെ സന്നിധിയിൽ വന്നു. ഇവനാണ് പ്ലേഗ് ബാധിച്ച കുട്ടി എന്നു പറഞ്ഞു. ഹുദൂർ(അ) ആ നേരത്ത് കിടക്കുകയായിരുന്നു. കേട്ടപാടെ എഴുന്നേറ്റിരുന്നു. എന്നിട്ട് പറഞ്ഞു: 'ഈ ചെറിയ കുഞ്ഞിനാണോ പൊള്ളൻ പൊന്തിയത്.?'' ഇപ്പോൾ ആ കുഞ്ഞ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ യുവാവും ആരോഗ്യവാനുമാണ്.(സീറത്തുൽമഹ്ദി നിവേദനം 1348)

ഇനി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ സ്വീകാര്യതയുടെ ഇന്നുവരെ ലോകത്തു കാണാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ദൃഷ്ടാന്തം വിവരിക്കുകയാണ്. പേപ്പട്ടി കടിക്കുകയും പേ ഇളകി ലക്ഷണങ്ങൾ കാണിക്കുകയും ചെയ്തിട്ടുള്ള ഒരാളും ഇന്നുവരെ സുഖം പ്രാപിച്ച ചരിത്രമില്ല. പക്ഷേ, മുഹമ്മദീ മസീഹിന്റെ ദുആ സ്വീകാര്യതയുടെ മഹാത്ഭുതമാണ് അവിടത്തെ പ്രാർഥനകൊണ്ട് അത്തരം രോഗിയും രക്ഷപ്പെട്ടു എന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ദിനങ്ങളിൽ വെളിപ്പെട്ട അഞ്ചാമത്തെ അടയാളം ഒരു ദുആ സ്വീകരിക്കപ്പെട്ടതാണ്. അത് യഥാർഥത്തിൽ മരിച്ചവർ ജീവിച്ചു എന്ന ഗണത്തിൽ പെട്ടതാണ്.

അതിന്റെ വിശദീകരണം ഇങ്ങനെയാണ്. തെക്കൻ ഹൈദ്രാബാദിൽ താമസക്കാരനായ അബ്ദുർറഹ്മാൻ എന്നയാളുടെ മകൻ അബ്ദുൽകരീം എന്ന കുട്ടി നമ്മുടെ മദ്രസയിലെ വിദ്യാർഥിയാണ്. നിയതിനിയമത്താൽ അവനെ പേപ്പട്ടി കടിച്ചു.(അതായത് ചെറുതായിട്ട് അല്ലെങ്കിൽ നായ കടിച്ചു) നാം അവനെ ചികിത്സയ്ക്ക് കസൗലിയിൽ അയച്ചു. കുറച്ചു ദിവസംവരെ കസൗലിയിൽ അവന്റെ ചികിത്സ നടന്നുകൊണ്ടിരുന്നു. പിന്നീട് അവൻ ഖാദിയാനിൽ മടങ്ങിയെത്തി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ പേയുടെ ലക്ഷണങ്ങൾ അവനിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. വെള്ളം കാണുമ്പോൾ പേടിക്കുകയും ഭയാനകമായ അവസ്ഥ ഉണ്ടാകുകയും ചെയ്തു. അപ്പോൾ സ്വന്തം നാടുപേക്ഷിച്ച് ഇവിടെ വന്നിട്ടുള്ള അവനെയോർത്ത് മനസ്സ് വളരെ അസ്വസ്ഥമായി. ദുആ സ്വീകാര്യതയ്ക്കുള്ള പ്രത്യേകമായ ശ്രദ്ധയുണ്ടായി. ഈ പാവപ്പെട്ടവൻ കുറച്ചു മണിക്കൂറുകൾക്കുള്ളിൽ മരിച്ചുപോകുമെന്ന് എല്ലാവരും കരുതി. പാവം അവനെ ബോർഡിംഗിൽനിന്ന് വെളിയിൽ കൊണ്ടുവന്ന് മറ്റൊരു വേറിട്ട വീട്ടിൽ ഒരു സുരക്ഷിതത്വത്തിന് വെച്ചു. കസൗലിയിലെ ഇംഗ്ലീഷ് ഡോക്ർമാർക്ക് കമ്പിസന്ദേശം നല്കി. ഈ അവസ്ഥയിൽ അവനു ചികിത്സയ്ക്ക് വല്ല വഴിയുമുണ്ടോ എന്ന് അന്വേഷിച്ചു. അങ്ങനെ അവരുടെ മറുപടി കമ്പിസന്ദേശം ഇവിടെ വന്നു. 'ഇനി അവന് ഒരു ചികിത്സയുമില്ല.' എന്നാൽ, ആ സാധുവും അന്യനാട്ടുകാരനുമായ കുട്ടിയ്ക്കുവേണ്ടി ദുആ ചെയ്യാൻ എന്റെ മനസ്സിൽ പ്രത്യേക ശ്രദ്ധ ഉണ്ടായി. അവനുവേണ്ടി ദുആ ചെയ്യാൻ എന്റെ സുഹൃത്തുക്കളും ഈ നിലപാടിൽ ഉറച്ചു നിന്നു. കാരണം ആ വൈദേശികതയുടെ അവസ്ഥയിൽ ആ കുട്ടി വളരെ കരുണാർഹനായിരുന്നു. ഇനി അവൻ മരിച്ചുപോയാൽ അങ്ങേയറ്റം നിന്ദ്യമായ രീതിയിൽ അവന്റെ മരണം ശത്രുക്കളുടെ ആക്ഷേപത്തിന് നിമിത്തമാകുമെന്ന ആശങ്കയുമുണ്ടായി. അപ്പോൾ എന്റെ മനസ്സ് അവനുവേണ്ടി കഠിനമായ വേദനയിലും അസ്വസ്ഥതയിലും അകപ്പെട്ടു. അനിതരസാധാരണമായ ശ്രദ്ധയുണ്ടായി. അത് എന്റെ നിയന്ത്രണത്താൽ ഉണ്ടാകുകയില്ല. പ്രത്യുത അല്ലാഹുവിന്റെ ഭാഗത്തുനിന്നാണുണ്ടാകുന്നത്. അതുണ്ടായിക്കഴിഞ്ഞാൽ അല്ലാഹുവിന്റെ കല്പനയാൽ മരിച്ചവൻ ജീവിക്കുന്ന ലക്ഷണം പെട്ടെന്ന് കാണിക്കുന്നതായിരിക്കും. ചുരുക്കത്തിൽ അവനുവേണ്ടി അല്ലാഹുവിന്റെ സ്വീകാര്യാവസ്ഥ കൈവന്നു. ആ ശ്രദ്ധ അതിന്റെ പാരമ്യതയിലെത്തുകയും വേദന അതിന്റെ പൂർണമായ നിയന്ത്രണം എന്റെ മനസ്സിലാക്കുകയും ചെയ്തപ്പോൾ ആ രോഗിയുടെമേൽ, യഥാർഥത്തിൽ അവൻ മരിച്ചവനായിരുന്നു, ഈ ശ്രദ്ധയുടെ ലക്ഷണങ്ങൾ പ്രകടമാകാൻ തുടങ്ങി. അവൻ വെള്ളത്തെ ഭയക്കുകയും വെളിച്ചത്തിൽനിന്ന് ഓടുകയും ചെയ്തിരുന്നതാണ് ക്ഷണത്തിൽ അവന്റെ പ്രകൃതം രോഗശാന്തിയിലേക്ക് തിരിഞ്ഞു. അവൻ പറഞ്ഞു, ഇപ്പോൾ എനിക്ക് വെള്ളത്തെ ഭയമില്ല. അപ്പോൾ അവന് വെള്ളം കൊടുത്തു. ഒരു ഭയവുമില്ലാതെ അവൻ അത് കുടിച്ചു. എന്നല്ല വെള്ളം കൊണ്ട് വുളു ചെയ്ത് നമസ്കരിക്കുകയും ചെയ്തു. രാത്രി മുഴുവൻ ഉറങ്ങിക്കൊണ്ടിരുന്നു. ഭയാനകവും ഭീതിതവുമായ അവസ്ഥ പോയി മറഞ്ഞു. കുറച്ചു ദിവസങ്ങൾക്കുള്ളിൽ പൂർണ ആരോഗ്യവാനായി. (ഹഖീഖത്തുൽവഹ്‌യി, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 470-471)(ഖുത്ബാത്തെ മസ്റൂർ, വാല്യം 1, പേജ് 124)

അബ്ദുർറഹ്മാന്റെ മകൻ അബ്ദുൽകരീം എന്ന ഈ മഹാത്മാവ് കർണാടകയിലെ തീമാപൂർ ഗ്രാമവാസിയായിരുന്നു. അവിടെ അൽഹംദുലില്ലാഹ് ആത്മാർഥമായ ഒരു ജമാഅത്തുണ്ട്.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ സ്വീകാര്യതയുടെ സംഭവങ്ങൾ എത്രത്തോളമാണെന്നാൽ, ഈ ചുരുങ്ങിയ സമയപരിമിതിക്കുള്ളിൽ വിവരിക്കുക എന്നത് അസംഭാവ്യമാണ്. ആ മഹാത്മാവിന്റെ ദുആ കൊണ്ട് രോഗികൾക്ക് രോഗശാന്തി ലഭിച്ചു. ചികിത്സയില്ലെന്ന് വിധിക്കപ്പെട്ടവരും സുഖം പ്രാപിച്ചു. മരണത്തിന്റെ വായിലെത്തിയവർ വീണ്ടും ജീവിച്ചു. സന്താനങ്ങളില്ലാത്തവർക്ക് സന്താനങ്ങളെ ലഭിച്ചു. പക്ഷേ, ഹുദൂർ(അ) സന്താനലബ്ധിക്കായി ദുആയ്ക്ക് അപേക്ഷിക്കുന്നവരോടു ഹദ്റത്ത് സക്രിയ(അ) ചെയ്ത ദുആ തൗബ ചെയ്യാനും കുട്ടികളെ ഇസ്‌ലാമിന്റെ സേവനത്തിന് വഖ്ഫു ചെയ്യാനും പറയുമായിരുന്നു. ഹദ്റത്ത് മുൻശീ അത്വാ മുഹമ്മദു സാഹിബ് പട്ട്വാരി(റ) വിവരിക്കുന്നു. ഞാൻ അനഹ്മദിയായിരുന്നപ്പോൾ ഗുരുദാസ്പൂർ ജില്ലയിലെ ദൻഞ്ചാനിൽ പട്ട്വാരിയായിരുന്നു. അപ്പോൾ ഖാളി നിഅ്മത്തുല്ലാഹ് സാഹിബ് ഖത്വീബ് ബട്ടാലവി-അദ്ദേഹവുമായി എനിക്ക് ഇടപെടലുകളുണ്ടായിരുന്നു-എന്നെ ഹദ്റത്ത് സാഹിബിനെ സംബന്ധിച്ച് ധാരാളം തബ്ലീഗ് ചെയ്യുമായിരുന്നു. പക്ഷേ, ഞാൻ ഗൗനിക്കുമായിരുന്നില്ല. ഒരു ദിവസം അദ്ദേഹം എന്നെ വല്ലാതെ ബുദ്ധിമുട്ടിച്ചു. ഞാൻ പറഞ്ഞു, 'ശരി! ഞാൻ നിങ്ങളുടെ മിർസയ്ക്ക് കത്തെഴുതി ഒരു കാര്യത്തിനുവേണ്ടി ദുആ ചെയ്യിപ്പിക്കുന്നതാണ്. അക്കാര്യം ശരിയാകുകയാണെങ്കിൽ അദ്ദേഹം സത്യവാനാണെന്ന് ഞാൻ മനസ്സിലാക്കുന്നതായിരിക്കും. അങ്ങനെ ഞാൻ ഹദ്റത്ത് സാഹിബിന് ഒരു കത്തെഴുതി. അങ്ങയുടെ വാദം വാഗ്ദത്ത മസീഹും അല്ലാഹുവിന്റെ വലിയ്യുമാണെന്നാണ്. വലിയ്യുമാരുടെ ദുആകൾ സ്വീകരിക്കപ്പെടുന്നതാണ്. അതുകൊണ്ട് ഞാൻ ഇച്ഛിക്കുന്ന എന്റെ ഭാര്യയിൽനിന്ന് സൗന്ദര്യവാനും സ്വീകാരാർഹനുമായ ഒരു ആൺകുട്ടി ഉണ്ടാകുന്നതിനുവേണ്ടി ദുആ ചെയ്യുക. എനിക്ക് മൂന്നു ഭാര്യമാരുണ്ടെന്നും വർഷങ്ങളായി ആരിലും സന്താനങ്ങളുണ്ടായിട്ടില്ലെന്നും എന്റെ ആദ്യഭാര്യയുടെ ഗർഭപാത്രത്തിൽത്തന്നെ എനിക്ക് ഒരു ആൺകുട്ടി വേണമെന്നും ഞാൻ ചുവടെ എഴുതി. അതിന് ഹദ്റത്ത് സാഹിബിനുവേണ്ടി മൗലവി അബ്ദുൽകരീം സാഹിബ് എഴുതിയ ഒരു കത്ത് എനിക്കു കിട്ടി. അതിൽ ഹദ്റത്ത് സാഹിബ് ദുആ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിരുന്നു.സർവശക്തനായ അല്ലാഹുവിൽനിന്ന് താങ്കൾക്ക് സൗന്ദര്യവാനും സ്വീകാരാർഹനുമായ ഒരു ആൺകുട്ടി താങ്കൾ ഉദ്ദേശിക്കുന്ന ഭാര്യയിൽ താങ്കൾക്ക് ലഭിക്കുന്നതായിരിക്കും. എന്നാൽ, താങ്കൾ ഹദ്റത്ത് സക്രിയ്യ(അ) ചെയ്തതുപോലുള്ള തൗബ ചെയ്യണമെന്നത് അതിനുള്ള നിബന്ധനയാണ്. ഹദ്റത്ത് അത്വാ മുഹമ്മദു സാഹിബ് പ

റയുന്നു, അക്കാലത്ത് ഞാൻ ദീനില്ലാത്തവനും മദ്യപാനിയും നിഷിദ്ധവസ്തുക്കൾ ഭക്ഷിക്കുന്നവനും കൈക്കൂലി വാങ്ങുന്നവനും നൽകുന്നവനുമായിരുന്നു. അങ്ങനെ ഞാൻ മസ്ജിദിൽച്ചെന്ന് സക്രിയ്യായുടെ തൗബ എന്താണെന്ന് മുല്ലാമാരോടു ചോദിച്ചു. അപ്പോൾ ഈ ചെകുത്താൻ എങ്ങനെ മസ്ജിദിൽ കടന്നുവെന്നോർത്ത് ആളുകൾ അത്ഭുതപ്പെട്ടു. പക്ഷേ, അവർക്ക് എനിക്കു മറുപടി നല്കാൻ കഴിഞ്ഞില്ല. അപ്പോൾ ഞാൻ ധറംകോട്ടിലെ അഹ്മദിയായിരുന്ന പരേതനായ മൗലവി ഫതഹുദ്ദീൻ സാഹിബിനോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു, നിങ്ങൾ ദീനില്ലായ്മ ഉപേക്ഷിക്കുകയും ഹലാലായതു ഭക്ഷിക്കുകയും നോമ്പും നമസ്കാരവും അനുഷ്ഠിക്കുകയും അധികമായി മസ്ജിൽ വരികയും ചെയ്യുക എന്നതാണ് സക്രിയ്യ(അ)ന്റെ തൗബ.' ഇതുകേട്ട് ഞാൻ അപ്രകാരം ചെയ്യാൻ തുടങ്ങി. മദ്യവും കൈക്കൂലിയും മറ്റും പൂർണമായും ഉപേക്ഷിച്ച് നോമ്പും നമസ്കാരവും തുടങ്ങി. നാലോ അഞ്ചോ മാസമായിട്ടുണ്ടാകും ഒരു ദിവസം വീട്ടിൽ ചെന്നപ്പോൾ മൂത്ത ഭാര്യ കരയുന്നത് കണ്ടു. കാരണം തിരക്കിയപ്പോൾ അവൾ പറഞ്ഞു, നേരത്തെ എനിക്ക് കുട്ടികളില്ലാത്ത വിഷമമായിരുന്നു. അതുകൊണ്ട് നിങ്ങൾ എനിക്കുശേഷം രണ്ടു വിവാഹം കഴിച്ചു. ഇപ്പോൾ ഇതാ എന്റെ മാസമുറ നിലച്ചിരിക്കുന്നു.(ഇനി കുട്ടികളുണ്ടാകുമെന്ന പ്രതീക്ഷ തന്നെ ഇല്ലാതായിരിക്കുന്നു). ആ ദിവസങ്ങളിൽ അവരുടെ സഹോദരൻ അമൃതസറിൽ പോലീസ് ഓഫീസറായിരുന്നു. അതിനാൽ തന്നെ തന്റെ സഹോദരന്റെ അടുത്തു കൊണ്ടുപോകുക എന്ന് അവൾ പറഞ്ഞു. എനിക്ക് കുറച്ചു ചികിത്സ നടത്തേണ്ടതുണ്ട്. അവിടെ എന്തിനാണ് പോകുന്നതെന്ന് ഞാൻ ചോദിച്ചു. വയറ്റാട്ടിയെ ഇങ്ങോട്ടു വിളിച്ച് കാണിക്കാം. അതുകൊണ്ട് അവൾ വയറ്റാട്ടിയെ വിളിച്ച് തനിക്കെന്തെങ്കിലും മരുന്നു തരൂ എന്നും മറ്റും അവരോടു പറഞ്ഞു. ബാഹ്യമായി ഒന്നുനോക്കിയിട്ട് പറഞ്ഞു: ഞാൻ മരുന്ന് നല്കുകയോ എന്റെ കൈകൊണ്ടു ഒന്നു തൊടുകപോലുമോ ചെയ്യുകയില്ല. കാരണം ദൈവം നിന്റെ കാര്യം മറന്നുപോയതായി തോന്നുന്നു.(അതായത് നിങ്ങൾ മച്ചിയായിരുന്നു. എന്നാൽ, ഇപ്പോൾ നിങ്ങളുടെ വയറ്റിൽ കുഞ്ഞ് പിറവികൊണ്ടിരിക്കുന്നുവെന്നാണ് തോന്നുന്നത്. അതിനാൽ ദൈവം നിന്റെ കാര്യം മറന്നുകൊണ്ട് (നഊദുബില്ലാഹ്) നിന്നെ ഗർഭിണിയാക്കിയിരിക്കുകയാണ്. അവർ വീട്ടിൽനിന്ന് പുറത്തിറങ്ങിയിട്ടും ദൈവം മറന്നതാണെന്ന് പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ ഞാൻ അവരോടു പറഞ്ഞു: 'അങ്ങനെ പറയരുത്. ഞാൻ മിർസാ സാഹിബിനോടു ദുആക്ക് അപേക്ഷിച്ചിരുന്നു.' പിന്നീട് മുൻശീ സാഹിബ് പറയുന്നു, കുറച്ചു കഴിഞ്ഞപ്പോൾ ഗർഭത്തിന്റെ സല ലക്ഷണങ്ങളും പുറത്തു വന്നു. ഞാൻ എല്ലാവരോടും പറഞ്ഞു: എനിക്കൊരു ആൺകുഞ്ഞു പിറക്കുമെന്ന് മാത്രമല്ല അവൻ വളരെ സൗന്ദര്യവാനുമായിരിക്കും. അപ്പോൾ ആളുകൾ വളരെ ആശ്ചര്യപ്പെട്ടു. അങ്ങനെ സംഭവിച്ചാൽ അതൊരു കറാമത്തായിരിക്കുമെന്ന് അവർ പറഞ്ഞു. ഒടുവിൽ ഒരു ദിവസം രാത്രിയിൽ സൗന്ദര്യവാനായൊരു ആൺകുട്ടി ജനിച്ചു. ഞാൻ ആ സമയത്തുതന്നെ ധറംകോട്ടിലേക്ക് ഓടിപ്പോയി. എന്റെ ബന്ധുക്കളെല്ലാവരും അവിടെ ഉണ്ടായിരുന്നു. കുഞ്ഞിന്റെ ജനനത്തെ സംബന്ധിച്ച് ഞാൻ അവരോടു പറഞ്ഞു. അപ്പോൾത്തന്നെ ധാരാളമാളുകൾ ബയ്അത്തു ചെയ്യുന്നതിന് ഖാദിയാനിൽപോയി. ചിലർ പോയതുമില്ല. അങ്ങനെ ഈ സംഭവത്തെ തുടർന്ന് ദഞ്ചാനിലെ പലരും ബയ്അത്ത് ചെയ്തു. ഞാനും ബയ്അത്ത് ചെയ്തു. കുട്ടിക്ക് അബ്ദുൽഹഖ് എന്നു പേരിട്ടു. താൻ ബയ്അത്ത് ചെയ്തിട്ട് 12 വർഷത്തിലേറെയായെന്ന് മുൻശീ സാഹിബ് പറയുന്നു. പക്ഷേ, അദ്ദേഹത്തിന് കുട്ടികളുണ്ടായിരുന്നില്ല. അദ്ദേഹം പറയുന്നു: ഞാൻ ഖാദിയാനിൽ വന്ന ദിനങ്ങളിൽ മസ്ജിദിലേക്കുള്ള വഴി മതിൽകെട്ടി അടച്ചിരിക്കുകയായിരുന്നു. തോട്ടത്തിൽവെച്ച് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഞാൻ കണ്ട ഒരു സ്വപ്നം കേൾപ്പിച്ചു. എന്റെ കൈയിൽ ഒരു തണ്ണിമത്തനുണ്ട്. അത് ഞാൻ മുറിച്ചു തിന്നു. വളരെ മധുരമുള്ള ആ തണ്ണിമത്തന്റെ ഒരു കഷണം മുറിച്ച് ഞാൻ അബ്ദുൽഹഖിന് നല്കിയപ്പോൾ അത് ഉണങ്ങിപ്പോയി. അബ്ദുൽഹഖിന്റെ മാതാവിൽനിന്ന് തനിക്ക് ഒരു മകൻ കൂടി ജനിക്കുമെന്നും പക്ഷേ, അവൻ വഫാത്താകുമെന്നും ഹദ്റത്ത് സാഹിബ് പറഞ്ഞു. അങ്ങനെ ഒരു ആൺകുട്ടി കൂടി ജനിച്ചെങ്കിലും ആ കുട്ടി വഫാത്തായെന്ന് മുൻശീ സാഹിബ് പറയുന്നു. ചുരുക്കിപ്പറഞ്ഞാൽ ഞാൻ(ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)) അബ്ദുൽഹഖിനെ കണ്ടിട്ടുണ്ട്. സുന്ദരനും മാന്യനുമായ ഒരു കുട്ടിയാണ്. ആ സമയത്ത് അതായത് 1922–ൽ അദ്ദേഹത്തിന് 20 വയസ്സ് പ്രായം കാണും. (സീറത്തുൽ മഹ്ദി, നിവേദനം 241)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകൾ മുഖേന ഇസ്‌ലാമിന് പ്രബലത കൈവന്നു. ഭയം മാറി സമധാനം വന്നു. ആ മഹാത്മാവിന്റെ പ്രാർഥനകൊണ്ട് ചില ഗ്രാമങ്ങളിലെ മുഴുവൻ ആളുകളും അഹ്മദിയ്യത്ത് സ്വീകരിക്കുകയുണ്ടായി. കശ്മീരിലെ നാസിറാബാദിലുള്ള ധാരാളമാളുകൾ ഈ അനുഗൃഹീത ജൽസയിലിരിക്കുന്നുണ്ട്. അവരുടേയും നമ്മുടേയും ഈമാൻ വർധിപ്പിക്കുന്ന നിവേദനമാണ് ഇനി ഞാൻ കേൾപിക്കുന്നത്.

കശ്മീർ നിവാസിയായിരുന്ന ഹദ്റത്ത് ഖാജ അബ്ദുർ റഹ്മാൻ സാഹിബ് പറയുന്നു: കശ്മീരി ലെ ശുർത്‌വാസിയായ മൗലവി ഖുത്വുബുദ്ദീൻ സാഹിബ് പറയുന്നു: ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ തുടക്കമായിരുന്നതുകൊണ്ടുതന്നെ ശുർത്വിൽ മറ്റൊരു അഹ്മദി ഉണ്ടായിരുന്നില്ല. അതിനാ ൽ അവർ എന്നെ എതിർക്കാൻ തുടങ്ങി. അതിനെകുറിച്ച് പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ദുആയ്ക്ക് കത്തെഴുതി. അതിന്റെ മറുപടിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ക്ഷമ കൈക്കൊള്ളുക. അവിടേയും ധാരാളമാളുകൾ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതായിരിക്കും. ഖാജ അബ്ദുർ റഹ്മാൻ സാഹിബ് പറയുന്നു: അതിനുശേഷം ശുർത്വിലുള്ള ആളുകൾ ഇതുവരേയും അഹ്മദിയ്യത്ത് സ്വീകരിച്ചില്ല. എന്നാൽ, തൊട്ടടുത്ത് കനീപൂര എന്നുപേരുള്ള ഗ്രാമം(ഇപ്പോൾ നാസിറാബാദ്)മുഴുവൻ അഹ്മദികളായി. കൂടാതെ ആ പ്രദേശത്തെ മറ്റു നിരവധി സ്ഥലങ്ങളിലും അഹ്മദിയ്യത്ത് വ്യാപിക്കുകയുണ്ടായി. ഞാൻ പറയുകയാണ്(ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)): ഖാജ സാഹിബ് തിരക്കുകൂട്ടുകയാണ്, ഹദ്റത്ത് മസീഹ് മൗഊദ്(അ) അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ സമാധാനപ്പെടുക. ശുർത്വിനും രക്ഷയില്ല.(അതായത് അവിടേയും അഹ്മദിയ്യത്ത് വ്യാപിക്കുന്നതാണ്). (സീറത്തുൽ മഹ്ദീ, പേജ് 825) അൽഹംദുലില്ലാഹ് ഇപ്പോൾ ശുർത്വിലും ധാരാളം അഹ്മദി വീടുകളുണ്ട്.

മുഹല്ല ദാറുൽ ഫള്‌ലിലെ വ്യാപാരിയായ ഹദ്റത്ത് മിയാൻ ഫള്ൽ മുഹമ്മദ് സാഹിബ്(റ) വിവരിക്കുന്നു: ഒരിക്കൽ ദുആയെ സംബന്ധിച്ച് ചില ചോദ്യങ്ങളുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഒരു വിശ്വാസിയുടെ ആയുധമാണ് പ്രാർഥന. ദുആ ഒരിക്കലും ഉപേക്ഷിക്കാൻ പാടില്ല. കൂടാതെ ദുആ ചെയ്ത് തളർന്നും പോകരുത്. ആളുകൾക്ക് കുറച്ചു ദിവസം ദുആ ചെയ്ത് പിന്നീട് നിറുത്തിക്കളയുന്ന ശീലമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആയെ ഒരു കിണറിനോടു ഉപമിച്ചുകൊണ്ട് പറഞ്ഞു: ''മനുഷ്യൻ കിണർ കുഴിക്കുന്നു. വെള്ളം കിട്ടാറാകുമ്പോൾ അവർ നിരാശയോടെ അത് ഉപേക്ഷിച്ചു കളയുന്നു. എന്നാൽ, ഒരു ചാണു കൂടി കുഴിച്ചിരുന്നുവെങ്കിൽ വെള്ളം കാണുമായിരുന്നു. അവർക്ക് ലക്ഷ്യം പ്രാപിക്കാമായിരുന്നു. ഇതുപോലെയാണ് ദുആയും. ഒരാൾ കുറച്ചുദിവസം മാത്രം ദുആ ചെയ്ത് പിന്നീട് നിറുത്തുന്നു. അതുപോലെതന്നെ പരാജയപ്പെടുകയും ചെയ്യുന്നു.(സീറത്തുൽ മഹ്ദീ, നിവേദനം 1249)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം നമ്മുടെ ആത്മീയവും ഭൗതികവുമായ നിലനില്പിനും ഉന്നമനത്തിനുംവേണ്ടി അല്ലാഹു നമുക്ക് ഖിലാഫത്ത് എന്ന മഹത്തായ അനുഗ്രഹം നല്കി കടാക്ഷിച്ചിരിക്കുന്ന നമ്മൾ ഭാഗ്യവാന്മാരാണ്.

അഹ്മദിയ്യ ഖിലാഫത്ത് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിപൂർണ പ്രതിബിംബമാണെന്ന കാര്യം സൂര്യനെപ്പോലെ വ്യക്തമാണ്. ഇന്നും ഈ ആത്മീയ ഖിലാഫത്തിലൂടെ സർവശക്തനായ അല്ലാഹു ദുആ സ്വീകാര്യതയുടെ അടയാളങ്ങൾ പ്രകടമാക്കുന്നു. അഹ്മദികളും അനഹ്മദികളും കാലത്തിന്റെ ഖലീഫയുടെ ദുആകളിൽ നിന്നും അനുഗ്രഹം കരസ്ഥമാക്കുന്നു. പ്രത്യേകിച്ചും അഞ്ചാം ഖിലാഫത്തിന്റെ ഇക്കാലഘട്ടം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് ഖിലാഫത്ത് പദവിയിൽ ഉപവിഷ്ഠനായ അന്ന് ആദ്യമായി നമ്മെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞത്, ഇന്നും നമ്മുടെ ചെവികളിൽ മുഴങ്ങുന്നുണ്ട്. അത് ഓരോ അഹ്മദിയടേയും ഹൃദയമിടിപ്പാണ്. അദ്ദേഹം ജമാഅത്തംഗങ്ങളോടു പറയുന്നു: ദുആകളിൽ ഊന്നൽ നല്കുക. ദുആകളിൽ ഊന്നൽ നല്കുക. ദുആകളിൽ ഊന്നൽ നല്കുക. അധികമധികം ദുആ ചെയ്യുക. എന്ന ഒരു കാര്യം മാത്രമെ പറയാനുള്ളു. അല്ലാഹു സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുമാറാകട്ടെ. അഹ് മദിയ്യത്തിന്റെ ഈ സംഘം ഉന്നതങ്ങളിലേക്ക് കുതിക്കുകയും ചെയ്യുമാറാകട്ടെ.''(ബദ്ർ 2003 ഏപ്രിൽ 29 പേജ് നമ്പർ 15)

ഹദ്റത്ത് അമീറുൽമുഅ്മിനീന്റേയും ആത്മാർഥരായ ജമാഅത്തംഗങ്ങളുടേയും പ്രാർഥനകൾ സ്വീകരിച്ചുകൊണ്ട് അഞ്ചാം ഖിലാഫത്തിന്റെ ഇക്കാലഘട്ടത്തിൽ അനുഗ്രഹങ്ങളുടെ മഴ വർഷിച്ചതിനും അല്ലാഹു സാക്ഷിയാണ്. അല്ലാഹുമ്മ സിദ് വ ബാരിക്. ദുആ സ്വീകാര്യതയുടെ ഇത്തരം സംഭവം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ തന്റെ പ്രഭാഷണങ്ങളിൽ വിവരിക്കാറുണ്ട്.

അല്ലാഹു നമുക്കെല്ലാവർക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുകളിൽ വിവരിച്ച അല്ലാഹുവിലുള്ള വിശ്വാസത്തിന്റേയും ദുആ സ്വീകാര്യതയുടേയും സംഭവങ്ങൾ പിന്തുടർന്നുകൊണ്ട് ജീവിതം നയിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.




**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

താലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

**(മൽഫൂദാത്ത് വാള്യം 1, പേജ് 220)**

താലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

# ഗ്രന്ഥരചനകളിലും മതപരമായ സംവാദങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ദൈവപിന്തുണകളുടെവെളിപെടൽ

തൻവീർ അഹ്മദ് നാസ്വിർ, നാഇബ് എഡിറ്റർ ബദ്ർ, ഖാദിയാൻ

**കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച**

ആ നേരത്ത് ആ ഉദ്ധരണി ഹദ്റത്ത് അഖ്ദസിന് ഓർമയുണ്ടായിരുന്നില്ല. അവിടത്തെ സേവകരിലും ആർക്കും ഓർമവന്നില്ല. എന്നാൽ, ഹദ്റത്ത് അഖ്ദസ് ബുഖാരി ശരീഫിന്റെ കോപ്പി വാങ്ങിച്ചു. അതിന്റെ പേജുകൾ മറിക്കാൻ തുടങ്ങി. വേഗം വേഗം അതിന്റെ ഓരോ പേജും മറിക്കുകയും ഒരിടത്ത് എത്തിയപ്പോൾ അവിടെ നി റുത്തുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: 'എടുത്തുനോക്കിക്കൊള്ളുക.' നോക്കിനിന്നവരെല്ലാം അമ്പരന്നുപോയി. ഇതെന്താണ് സംഭവിച്ചത്? ആരോ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞു: 'ഞാൻ ഗ്രന്ഥം കൈയിലെടുത്ത് പേജുകൾ മറിക്കാൻ തുടങ്ങിയപ്പോൾ എനിക്ക് അതിലെ ഓരോ പേജും ശൂന്യമായാണ് കാണാൻ കഴിഞ്ഞത്. അതിലൊന്നും എഴു തിയിരുന്നില്ല. അതുകൊണ്ട് ഞാൻ വേഗം വേഗം മറിച്ചുപോയി. അവസാനം എനിക്ക് ഒരു പേജു കിട്ടി. അതിൽ എന്തോ എഴുതിയിരുന്നു. അത് എ നിക്ക് ആവശ്യമുള്ള ആ ഉദ്ധരണിയാണെന്ന് ഉറപ്പായി. അല്ലാഹു ഒരു അത്ഭുതകരമായ ദൃഷ്ടാന്തമാണ് കാണിച്ചത്. ഉദ്ധരണിയെഴുതിയ പേജല്ലാത്ത മറ്റെല്ലാ പേജും ശൂന്യമായാണ് അദ്ദേഹം കണ്ടത്. (താരീഖെ അഹ്മദിയ്യത്ത് വാള്യം 1, പേജ് 408)

ഈ സംവാദത്തിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ഒരുപാട് കുതന്ത്രങ്ങൾ ഉപയോഗിച്ചു. പക്ഷേ, അതെല്ലാം അദ്ദേഹത്തിനുമേൽ തിരിഞ്ഞു പതിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ ഖുർആനിലേക്ക് കൊണ്ടുവരികയായിരുന്നു. പക്ഷേ, അദ്ദേഹം തന്റെ രക്ഷയ്ക്കായി ഹദീഥിലേക്ക് ഓടുകയായിരുന്നു. യഥാർഥ സംവാദം ഈസാനബിയുടെ മരണത്തിലാണ് ഉണ്ടാകേണ്ടിയിരുന്നത്. പക്ഷേ, അദ്ദേഹം അതിൽനിന്ന് ഓടിക്കൊണ്ടിരുന്നു. അവസാന ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ലേഖനം കേൾപിക്കാൻ തുടങ്ങിയപ്പോൾ അത് മൗലവി സാഹിബിന്റെ മുഖത്ത് കരിനിഴൽ വീഴ്ത്തി.

മുഹമ്മദ് ഹുസയ്ൻ പരിഭ്രമചിത്തനായി എത്രത്തോളം സ്വബോധം നഷ്ടപ്പെട്ടവനായെന്നാൽ നോട്ടെഴുതുന്നതിന് പേനയെടുത്തപ്പോൾ, തറയിൽ പേന കുത്താൻ തുടങ്ങി. മഷിക്കുപ്പിയാണെങ്കിൽ വെച്ചതുപോലെ അവിടെ ഉണ്ടായിരുന്നു. കുറച്ചു പ്രാവശ്യം പേന തറയിൽ കുത്തിയപ്പോൾ അത് പൊട്ടിപ്പോയി. നബി(സ)തിരുമേനി പറഞ്ഞുവെന്ന ഹദീഥ് വന്നപ്പോൾ- ഏതൊരു ഹദീഥാണോ വിശുദ്ധഖുർആന് വിരുദ്ധമായിട്ടുള്ളത് അത് ഉപേക്ഷിക്കേണ്ടതാണെന്നും ഖുർആൻ എടുക്കേണ്ടതാണെന്നും പറഞ്ഞപ്പോൾ മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബിന് അങ്ങേയറ്റത്തെ ദേഷ്യം വന്നു. അദ്ദേഹം പറഞ്ഞു: 'ഈ ഹദീഥ് ബുഖാരിയിലില്ല. ഈ ഹദീഥ് ബുഖാരിയിലുണ്ടെങ്കിൽ എന്റെ രണ്ട് ഭാര്യമാർക്കും ത്വലാഖ്.' ഈ ത്വലാഖ് എന്ന പദം കേട്ടപ്പോൾ എല്ലാവരും ചിരിക്കാൻ തുടങ്ങി. മൗലവി സാഹിബിന് നാണംകെടുകയല്ലാതെ മറ്റൊരു നിർവാഹവും ഉണ്ടായിരുന്നില്ല. പിന്നീട് ഒരുപാട് ദിവസംവരെ ആളുകൾ ചോദിക്കുമ്പോൾ 'ഇല്ല, ഇല്ല. എന്റെ രണ്ടു ഭാര്യമാരുടെയുംമേൽ ത്വലാഖ് പതിഞ്ഞിട്ടില്ല. ഞാൻ ത്വലാഖിന്റെ പേരും പറഞ്ഞിട്ടില്ല' എന്ന് മൗലവി സാഹിബ് പറഞ്ഞുകൊണ്ടിരുന്നു. ആദ്യമുണ്ടായിരുന്ന കുറച്ചുപേർക്ക് മാത്രമേ അതിനെ കുറിച്ച് വിവരമുണ്ടായിരുന്നുള്ളൂ. പക്ഷേ, ഇപ്പോൾ മൗലവി സാഹിബുതന്നെ ആയിരക്കണക്കിനാളുകളെ അത് അറിയിച്ചു. ഒരുപാട് മാസം കഴിഞ്ഞ് ഈ വാദപ്രതിവാദം പ്രസിദ്ധീകരിച്ചതിനുശേഷം ഡൽഹിയിൽ ഒരു യോഗം സംഘടിപ്പിക്കുകയുണ്ടായി. അതിൽ മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവിയെ ഒരുപാട് മൗലവിമാർ 'താങ്കൾ മിർസാ സാഹിബുമായി ലുധിയാനയിൽ നടത്തിയ സംവാദത്തിൽ എന്താണ് ചെയ്തത്? എന്താണ് ചെയ്തുകാണിച്ചത്? യഥാർഥ സംവാദമാണെങ്കിൽ നടന്നിട്ടുമില്ല' എന്നൊക്കെ പറഞ്ഞ് ശക്തമായി വിമർശിച്ചു. അപ്പോൾ ബട്ടാലവി സാഹിബ് പറഞ്ഞു: 'യഥാർഥ സംവാദം എങ്ങനെ നടത്തണമെന്ന് അറിയുകയില്ല. വിശുദ്ധഖുർആനിൽ മസീഹ് ജീവിച്ചിരിക്കുന്നുവെന്നതിനെ കുറിച്ച് അല്ലെങ്കിൽ ആകാശത്തേക്ക് ഉയർത്തപ്പെട്ടുവെന്നതിനെ കുറിച്ച് ഒന്നുമില്ല. ഹദീഥുകളിൽനിന്ന് വെറും ഇറക്കമാണ്(നുസൂൽ) സ്ഥാപിതമാകുന്നത്. ഞാൻ മിർസാ സാഹിബിനെ ഹദീഥുകളിലേക്ക് കൊണ്ടുവരികയായിരുന്നു. അദ്ദേഹമാണെങ്കിൽ എന്നെ വിശുദ്ധഖുർആനിലേക്ക് കൊണ്ടുപോകുകയായിരുന്നു.' (താരീഖെ അഹ്മദിയ്യത്ത് വാള്യം 1, പേജ് 410)

**ലേഖനമെഴുത്തിന്റെ മഹത്തായ ദിവ്യദൃഷ്ടാന്തം**

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വാദത്തിന്റെ പ്രബോധനത്തിനും പ്രചാരണത്തിനും വേണ്ടി ഡൽഹിയിലും പോയി. 1891 സെപ്തംബർ 29ന് ഡൽഹിയിലെത്തി. നവാബ് ലോഹാറവിന്റെ രണ്ടുനില കെട്ടിടത്തിലുള്ള മൊഹല്ല ബലിമാരാനിൽ താമസിച്ചു. സയ്യിദ് നദീർ ഹുസയ്ൻ സാഹിബ് ദഹ്‌ലവിയേയും ശംസുൽ ഉലമാ മൗലവി അബ്ദുൽ ഹഖ് സാഹിബിനേയും ഈസാനബിയുടെ മരണത്തിൽ എഴുത്തുമുഖേന വാദപ്രതിവാദത്തിന് ക്ഷണിച്ചു. മൗലവി അബ്ദുൽ ഹഖ് സാഹിബ് ഒഴികഴിവ് പറഞ്ഞു. പക്ഷേ, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ പ്രേരണയാൽ മൗലവി നദീർ ഹുസയ്ൻ സാഹിബ് സംവാദത്തിന് താൽപര്യം കാണിച്ചു. അതിനു ശേഷം മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടേയും അദ്ദേഹത്തിന്റെ സ്നേഹിതന്മാരുടേയും ഗൂഢാലോചനയുടെയും കുതന്ത്രങ്ങളുടെയും കച്ചവടം എത്രമാത്രം ജോറായി നടക്കുകയും അല്ലാഹുവിന്റെ സിംഹം ഡൽഹിയിലെ ജാമിഅ മസ്ജിദിൽ മൗലവി നദീർ ഹുസയ്നെ പോരിന് വിളിക്കുകയും ചെയ്തുവെന്നാൽ, അത് അഹ്മദിയ്യാ ചരിത്രത്തിന്റെ ഒരു തുറന്ന അധ്യായമാണ്. മൗലവി നദീർ ഹുസയ്ൻ സാഹിബ് ഒരുവിധം ഈ സംവാദത്തിന്റെ കയ്പുനീർ കുടിക്കുന്നതിൽനിന്ന് രക്ഷപ്പെട്ടു. പക്ഷേ, മൗലവി മുഹമ്മദ് ബശീർ സാഹിബ് സംവാദത്തിൽ തൽപരനാകുകയും 1891 ഒക്ടോബർ 23ന് സംവാദത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) സംവാദം ആരംഭിക്കുന്നതിനു മുമ്പേ തന്റെ വാദത്തെ കുറിച്ച് മൗലവി മുഹമ്മദ് ബശീർ സാഹിബിനേയും അദ്ദേഹത്തിന്റെ സ്നേഹിതന്മാരേയും സംബോധന ചെയ്തുകൊണ്ട് ദൈവജ്ഞാനപരമായ ഒരു പ്രസംഗം ചെയ്തു. ഹുദൂറിന്റെ ഈ പ്രസംഗം നടന്നുകൊണ്ടിരിക്കുമ്പോൾ മൗലവി മുഹമ്മദ് ബശീർ സാഹിബ് പ്രസംഗത്തിന്നിടയിൽത്തന്നെ, 'അങ്ങ് അനുവദിക്കുകയാണെങ്കിൽ താൻ വരാന്തയുടെ പിൻഭാഗത്ത് മൂലയിൽ പോയി ഇരുന്നുകൊള്ളാമെന്നും അവിടെയിരുന്ന് കുറച്ച് എഴുതാമെന്നും പറയാൻ തുടങ്ങി.' ഹദ്റത്ത് അഖ്ദസ് പറഞ്ഞു: 'വളരെ നല്ലത്!' അങ്ങനെ മൗലവി സാഹിബ് വരാന്തയുടെ മൂലയിൽ പോയിരിക്കുകയും വീട്ടിൽനിന്ന് എഴുതിക്കൊണ്ടുവന്ന ലേഖനം പകർത്തിയെഴുതാൻ തുടങ്ങുകയും ചെയ്തു. വാസ്തവത്തിൽ തന്റെ മുമ്പേയുള്ള ലേഖനം ആരും എഴുതാൻ പാടില്ലെന്നും എന്തൊന്ന് എഴുതണമോ അത് യോഗത്തിൽവെച്ചുതന്നെ എഴുതണമെന്നുമായിരുന്നു നിബന്ധന. ഈ നിബന്ധന ലംഘനത്തെ തുടർന്ന് 'ഇത് നിബന്ധനയ്ക്ക് വിരുദ്ധമാണ്' എന്ന് മൗലാനാ അബ്ദുൽ കരീം സാഹിബ് പറഞ്ഞു. പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനീ ഹദ്റത്ത് അഖ്ദസിനോടു പറഞ്ഞു: 'ഹുദൂർ അനുവാദം തന്നാൽ, താങ്കൾ എഴുതിക്കൊണ്ടുവന്നിട്ടുള്ളത് ഇവിടെ തരാൻ ഞാൻ മൗലവി സാഹിബിനോടു പറയാം; അതിന്റെ മറുപടി എഴുതാമല്ലോ.' ഹദ്റത്ത് അഖ്ദസ് അതിന് ഇഷ്ടപ്പെടാതെ അനുവാദം നല്കി. അദ്ദേഹം എഴുന്നേറ്റുനിന്ന് പറഞ്ഞു: 'മൗലവി സാഹിബ് എഴുതിക്കൊണ്ടുവന്ന ലേഖനം പകർത്തിയെഴുതേണ്ട ആവശ്യമൊന്നുമില്ല. സമയം പോകുകയാണ്. അതുകൊണ്ട് അങ്ങയ്ക്ക് പെട്ടെന്ന് മറുപടി തരാൻ എഴുതിക്കൊണ്ടുവന്ന ലേഖനം ഇവിടെ തരിക.' മൗലവി സാഹിബ് ഇക്കാര്യം കേട്ടപ്പോൾ പരിഭ്രമിച്ചുകൊണ്ടു പറഞ്ഞു: 'ഇല്ല, ഇല്ല. ഞാൻ ലേഖനം എഴുതിക്കൊണ്ടുവന്നിട്ടില്ല. വെറും നോട്ട്സാണ് എഴുതിക്കൊണ്ടുവന്നത്. അത് വിശദീകരിച്ച് എഴുതുകയാണ്.' വാസ്തവത്തിൽ അദ്ദേഹം ഓരോ അക്ഷരവും എഴുതിക്കുകയായിരുന്നു. അതിന്റെ മറുപടിയിൽ പീർസാഹിബ് എന്തോ പറയാൻ ആഗ്രഹിച്ചു. എന്നാൽ, ഹദ്റത്ത് അഖ്ദസ് അദ്ദേഹത്തെ തടഞ്ഞു. ഹുദൂർ മുൻശീ സഫ്ർ അഹ്മദ് സാഹിബിനോടു, 'മൗലവി സാഹിബ് എഴുതിക്കഴിഞ്ഞാൽ അതെനിക്ക് അയച്ചുതരിക എന്നു പറഞ്ഞ് മുകളിലത്തെ നിലയിലേക്ക് പോയി. മൗലവി സാഹിബിന്റെ ലേഖനം കിട്ടിയപ്പോൾ മുൻശീ സഫ്ർ അത് ഹുദൂറിന്റെ സന്നിധിയിൽ സമർപിച്ചു. ഹദ്റത്ത് അഖ്ദസ്(അ) മൗലവി സാഹിബിന്റെ ലേഖനം ആദ്യ പേജു മുതൽ അവസാന പേജുവരെ ഓടിച്ചുനോക്കി. അതിനു മറുപടി എഴുതാനും തുടങ്ങി. ലേഖനത്തിന്റെ രണ്ടു പേജ് തയ്യാറായപ്പോൾ ഹുദൂർ, മുൻശീ സഫ്ർ സാഹിബിനോട് താഴെ പകർത്തിയെഴുതുന്ന ആൾക്ക് അത് കൊടുത്തുവരാൻ പറഞ്ഞു. ഓരോരോ പേജെടുത്ത് മൗലവി അബ്ദുൽ കരീം സാഹിബും അബ്ദുൽ ഖുദ്ദൂസ് സാഹിബും പകർത്തിയെഴുതാൻ തുടങ്ങി. ഇപ്രകാരം മുൻശീ സാഹിബ് ഹദ്റത്ത് സാഹിബിന്റെ മാൻസ്ക്രിപ്റ്റ് കൊണ്ടുവരികയും, രണ്ടുപേരും അത് പകർത്തിയെഴുതിക്കൊണ്ടിരിക്കുകയും ചെയ്തു. ഹദ്റത്ത് അഖ്ദസ് എത്ര വേഗത്തിലാണ് എഴുതിയിരുന്നതെന്നാൽ, നല്ല പരിചയമുള്ള അബ്ദുൽ ഖുദ്ദൂസ് സാഹിബും അതുകണ്ട് അമ്പരന്നുപോയി. ഹുദൂറിന്റെ എഴുത്തിനുമേൽ വിരൽവച്ച് മുമ്പേ എഴുതിയതെങ്ങാനമാണോ എന്ന് നോക്കാൻ തുടങ്ങി. മുൻശീ സഫ്ർ അഹ്മദ് സാഹിബ് പറഞ്ഞു: 'അങ്ങനെയാണെങ്കിൽ ഇതൊരു അത്ഭുതകരമായ ദൃഷ്ടാന്തമായിരിക്കും; മറുപടിക്കുമുമ്പേ എഴുതിവെച്ചതാണെങ്കിൽ! ഹദ്റത്ത് അഖ്ദസിന്റെ ഈ അത്ഭുതകരമായ രചനാശക്തി കണ്ട് മൗലവി മുഹമ്മദ് ബശീറിന് ഹുദൂറിന്റെ സന്നിധിയിൽ അപേക്ഷിക്കേണ്ടി വന്നു, അങ്ങ് അനുവദിക്കുകയാണെങ്കിൽ ഞാൻ എന്റെ ഇരിപ്പിടത്തിൽ ഇരുന്നുതന്നെ ലേഖനം തയ്യാറാക്കുന്നതാണ്. ഹുദൂർ

ഒരു മടിയും കൂടാതെ അനുമതി നല്കി. പിന്നീട് മൗലവി സാഹിബ് സംവാദത്തിന്റെ അവസാനം വരെ ഈ മാർഗമാണ് സ്വീകരിച്ചത്. ഹദ്റത്ത് അഖ്ദസിന്റെ ലേഖനം കിട്ടുമ്പോൾ ഹുദൂറിന്റെ അനുമതി വാങ്ങി തന്റെ താമസസ്ഥലത്ത് പോകും. ലേഖനം അവിടെനിന്നെഴുതി കൊണ്ടുവരും. മുമ്പിലിരുന്ന് അദ്ദേഹം ഒരു ലേഖനവും എഴുതിയില്ല. ഈ സംവാദത്തിന്റെ സ്ഥിതിഗതികൾ 'അൽഹഖ് ദഹ്‌ലി' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.(താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 421-432 ൽ നിന്നെടുത്തത്)

**ഒറ്റരാത്രിയിൽ അറബി ഭാഷയിലെ നാല്പതിനായിരം അടിസ്ഥാനപദങ്ങൾ പ്രാപിക്കൽ**

ഹദ്റത്ത് മസീഹ് മൗഊദ്(അ) 1893-ൽ ആയിനയെ കമാലാത്തെ ഇസ്‌ലാം എന്ന ഗ്രന്ഥം രചിച്ചു. ഇതിൽ വിവിധ വിഷയങ്ങൾ ഉദാഹരണത്തിന് ഫനായുടെ സ്ഥാനം, ബഖാ, ലിഖാ, റൂഹുൽഖുദ്സിന്റെ അനശ്വരമായ സഹവാസം, മലക്കുകളുടേയും ജിന്നുകളുടേയും അസ്തിത്വത്തിന്റെ തെളിവിന്മേൽ ആധുനികമായ വീക്ഷണകോണിലൂടെ വെളിച്ചം വീശി. 1893-ൽ ഗ്രന്ഥത്തിന്റെ ഉർദുഭാഗം പൂർണമായി കഴിഞ്ഞപ്പോൾ മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി ഒരു മജ്‌ലിസിൽ ഹദ്റത്ത് അഖ്ദസിനോടു പറഞ്ഞു: 'ഈ ഗ്രന്ഥത്തിന്റെ കൂടെ ഫഖീർജീവിതം നയിക്കുന്ന ഗുരുവര്യന്മാരുടേയും മതാചാര്യന്മാരുടെ പുത്രന്മാരുടേയുംമേൽ ഹുജ്ജത്ത് പൂർത്തിയാകുന്നതിന് ഒരു കത്തും പ്രസിദ്ധീകരിക്കേണ്ടതാണ്.' ഹുദൂർ(അ)ന് ഈ പ്ലാൻ വളരെ ഇഷ്ടപ്പെട്ടു. ഈ കത്ത് ഉർദുവിൽ എഴുതണമെന്നായിരുന്നു അവിടന്ന് ആഗ്രഹിച്ചത്. പക്ഷേ, രാത്രിയിലുണ്ടായ ചില ദൈവികവെളിപാടുകളിലുള്ള സൂചന അറബിയിലെഴുതുക എന്നായിരുന്നു. അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്തപ്പോൾ അദ്ദേഹത്തിന് ഒറ്റ രാത്രിയിൽത്തന്നെ അറബിയിലെ 40000 അടിസ്ഥാനപദങ്ങൾ പഠിപ്പിക്കപ്പെട്ടു. അങ്ങനെ അവിടന്ന് അതേ വെളിപാടുപരമായ കരുത്തിനാൽ ''അത്തബ്‌ലീഗ്'' എന്ന പേരിൽ സാഹിത്യസമ്പൂർണമായ അറബിയിൽ ഒരു കത്തെഴുതി. അതിൽ അവിടന്ന് ഇന്ത്യ, അറേബ്യാ, ഇറാൻ, തുർക്കി, ഈജിപ്റ്റ് തുടങ്ങി മറ്റു രാജ്യങ്ങളിലെ മതാചാര്യന്മാരുടെ മക്കൾ, സിദ്ധപീഠത്തിലിരിക്കുന്നവർ, സ്വാത്മ പരിത്യാഗികൾ, സൂഫീവര്യന്മാർ, മഹാന്മാരുടെ സത്രങ്ങളിലിരിക്കുന്നവർ തുടങ്ങിയവർക്ക് സത്യസന്ദേശം എത്തിച്ചുകൊടുത്തു. ''അത്തബ്‌ലീഗ്''നു ശേഷം അറബി ഭാഷയിൽ ഹുദൂർ അതുല്യമായ ഗ്രന്ഥങ്ങൾ രചിച്ചു. അറബികളും അനറബികളുമായ സാഹിത്യകാരന്മാരുടെ ഭാഷകൾ അതിന്റെ മുമ്പിൽ മൂകമായിപ്പോകുകയും ചെയ്തു. ''അത്തബ്‌ലീഗ്''നെ സംബന്ധിച്ച് ഒരു അറേബ്യൻ ഭാഷാപണ്ഡിതൻ പറഞ്ഞു: 'അതു വായിച്ച് എങ്ങനെയുള്ള ആത്മീയ നിർവൃതിയാണുണ്ടായതെന്നാൽ ആനന്ദനൃത്തം ചവുട്ടി ഖാദിയാനിലെത്തണമെന്ന് മനസ്സിൽ തോന്നിപ്പോയി. ത്വരാബ്ലസിലെ ഒരു പ്രസിദ്ധ പണ്ഡിതൻ അസ്സയ്യ് ദ് മുഹമ്മദ് സയീദീ ശാമീ അത് വായിച്ചുടനെത്തന്നെ അനിയന്ത്രിതമായി പറഞ്ഞു: വല്ലാഹി! അത്തരം വാക്യങ്ങൾ അറബികൾക്ക് എഴുതാൻ കഴിയുകയില്ല. അവസാനം അതിൽ ആകൃഷ്ടനായി അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. ഹദ്റത്ത് അഖ്ദസ് പറയാറുണ്ടായിരുന്നു, നമ്മുടെ എത്ര അറബീ സാഹിത്യങ്ങളുണ്ടോ ഇതെല്ലാം ഒരു വിധത്തിലുള്ള വെളിപാടുതന്നെയാണ്. കാരണം എല്ലാം അല്ലാഹുവിന്റെ പ്രത്യേക പിന്തുണയാലാണ് എഴുതപ്പെട്ടിട്ടുള്ളത്. പറയാറുണ്ടായിരുന്നു, ചില നേരങ്ങളിൽ എനിക്ക് അറിയാത്ത ഒരു പാട് വാക്കുകളും വാക്യങ്ങളും എഴുതിയതിനുശേഷം നിഘണ്ടു നോക്കുമ്പോഴാണ് അറിയാൻ കഴിയുന്നത്.

ഈ ഗ്രന്ഥങ്ങളുടെ ഈ അമാനുഷികമായ നിറം കണ്ട് ഇത് അദ്ദേഹത്തിന്റെ ഗ്രന്ഥമാണെന്ന് ശത്രുക്കളായ ഉലമാഇന് വിശ്വസിക്കാൻ കഴിഞ്ഞിരുന്നില്ല. അവർ ഖണ്ഡിതമായും മനസ്സിലാക്കിയിരുന്നത് അവിടന്ന് ഈ ഉദ്ദേശ്യത്തിന് ഉലമാഇന്റെ രഹസ്യമായ ഒരു സംഘത്തെ ജോലിക്കാരായി വെച്ചിരുന്നുവെന്നാണ്. അങ്ങനെ ഒരിക്കൽ ഒരു മൗലവി സാഹിബ് 'രഹസ്യ സംഘത്തെ' അന്വേഷിച്ചറിയുന്നതിന് ഖാദിയാനിൽവന്നു. രാത്രി നേരത്ത് മസ്ജിദ് മുബാറക്കിൽപോയി. മുൻശീ സഫ്ർ അഹ്മദ് സാഹിബ് കപൂർത്തലവി ആ ദിനങ്ങളിൽ മസ്ജിദ് മുബറക്കിനോടു ചേർന്നുള്ള മുറിയിലായിരുന്നു താമസിച്ചിരുന്നത്. മൗലവി സാഹിബ് ഹദ്റത്ത് മുൻശീ സാഹിബിനോടു ചോദിച്ചു, 'മിർസാ സാഹിബിന്റെ അറബി ഗ്രന്ഥങ്ങൾപോലെ സാഹിത്യസമ്പുഷ്ടമായ വാക്യങ്ങൾ അദ്ദേഹത്തിന് സ്വന്തം എഴുതാൻ കഴിയുകയില്ല. തീർച്ചയായും മിർസാ സാഹിബ് കുറച്ച് ഉലമാഇൽനിന്ന് സഹായം തേടി എഴുതുന്നതായിരിക്കും. ആ എഴുതുന്ന സമയം രാത്രിയാകാനെ തരമുള്ളു. ഈ ജോലിയിൽ സഹായിക്കുന്ന അങ്ങനെയുള്ള ആളുകൾ രാത്രിനേരത്ത് അദ്ദേഹത്തിന്റെ അടുത്ത് ഇരിക്കാറുണ്ടോ?' ഹദ്റത്ത് മുൻശീ സാഹിബ് പറഞ്ഞു: 'മൗലവി മുഹമ്മദ് ചിരാഗ് സാഹിബും മൗലവി മുയീൻ സാഹിബും തീർച്ചയായും അദ്ദേഹത്തിന്റെ അടുക്കൽ ഇരിക്കാറുണ്ട്. ഈ ഉലമാ ആയിരിക്കും രാത്രിയിൽ സഹായിക്കുന്നത്.' ഹദ്റത്ത് അഖ്ദസിന്(അ) മുൻശീ സാഹിബിന്റെ ഈ ശബ്ദം എത്തി. ഹുദൂർ ഒരുപാട് ചിരിച്ചു. കാരണം മൗലവി മുഹമ്മദ് ചിരാഗ് സാഹിബും മൗലവി മുയീൻ സാഹിബും ഇരുവരും ഹുദൂറിന്റെ നിരക്ഷരരായ സേവകരായിരുന്നു. അതിനുശേഷം മൗലവി സാഹിബ് എഴുന്നേറ്റു പൊയ്ക്കളഞ്ഞു. അടുത്ത ദിവസം ഹുദൂർ അസ്റിനുശേഷം സാധാരണപോലെ ഇരുന്നപ്പോൾ മസ്ജിദിൽ പ്രസ്തുത മൗലവി സാഹിബും ഉണ്ടായിരുന്നു. ഹുദൂർ മുൻശീ സാഹിബിനെ നോക്കിക്കൊണ്ട് ചിരിക്കുകയും ആ രാത്രിയിൽവരുന്ന ഉലമായെ കാണിച്ചുകൊടുക്കാൻ പറയുകയും ചെയ്തു. ആ നേരത്ത് ഹുദൂർ(അ) മൗലവി അബ്ദുൽകരീം സാഹിബിനേയും ആ രാത്രിയിലെ സംഭവം കേൾപ്പിച്ചു. അദ്ദേഹവും ചിരിക്കാൻ തുടങ്ങി. ഹദ്റത്ത് മുൻശീ സാഹിബ് മൗലവി മുഹമ്മദ് ചിരാഗ് സാഹിബിനേയും മൗലവി മുയീൻ സാഹിബിനേയും വിളിച്ച് പ്രസ്തുത മൗലവി സാഹിബിന്റെ മുമ്പിൽ നിറുത്തി. ആ മൗലവി സാഹിബ് ആ രണ്ടു 'ഉലമാ'യേയും കണ്ട് മടങ്ങിപ്പോയി. ഒരു വലിയ താലയിൽ ചീരണി കൊണ്ടുവന്നു. തന്റെ 12 കൂട്ടുകാരോടൊപ്പം ഹുദൂറിന്റെ പരിശുദ്ധ കരങ്ങളിൽ ബയ്അത്ത് ചെയ്തു. (താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 472-475 ൽ നിന്നെടുത്തത്)


## നശ്ർ വ ഇശാഅത്ത് ഖാദിയാൻ പ്രസിദ്ധീകരണങ്ങൾ:

1. ഖിലാഫത്തിന്റെ മഹത്തായ സ്ഥാനമാനവും അനുഗ്രഹങ്ങളും കാലത്തിന്റെ ഖലീഫയോടുള്ള പ്രതിബദ്ധതയും. വില: 35 രൂപ
2. ഹദ്റത്ത് മസീഹ് മൗഊദിന്റേയും(അ) ഖലീഫമാരുടേയും അല്ലാഹുവുമായുള്ള ബന്ധത്തിന്റെ അത്ഭുത ദൃഷ്ടാന്തങ്ങൾ. വില: 60 രൂപ
3. ഖിലാഫത്ത്, സമാധാനം, നീതി. വില: 30 രൂപ
4. മുഹമ്മദുനബി(സ) മതഭീകരവാദത്തിന്നെതിരെ. വില: 20 രൂപ
5. അഹ്മദിയ്യാപ്രസ്ഥാനം. വില: 45 രൂപ
6. ശ്രീകൃഷ്ണൻ, ശ്രീരാമചന്ദ്രൻ, വേദങ്ങൾ. വില: 30 രൂപ

**ഇസ്‌ലാഹ് വ ഇർശാദ് പ്രസിദ്ധീകരണം:**

7. വിവാഹ സംബന്ധമായ സുപ്രധാന ഖുത്ബകൾ

**ഇശാഅത്ത് കമ്മിറ്റി കേരള പ്രസിദ്ധീകരണം:**

8. ഇസ്‌ലാംമത തത്ത്വജ്ഞാനം. വില 120 രൂപ
9. മൈത്രീസന്ദേശം. വില 40 രൂപ
10. സ്ത്രീ ഇസ്‌ലാമിൽ. വില: 25 രൂപ
11. അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം. വില:100 രൂപ

**ത്വാലിബെ ദുആ**

'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'
(സന്ദേശം, ജൽസാ സാലാന ഡന്മാർക്ക് 2019)

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM JAYGAM-WEST-BENGAL Phone: 97348 44732

• അല്ലാഹുവിന്റെ കലാം: •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല." (വിശുദ്ധ ഖുർആൻ 51:57)

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

• അല്ലാഹുവിന്റെ കലാം: •

"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?" (വിശുദ്ധ ഖുർആൻ 54:18)

ത്വാലിബെ ദുആ:
ANWAR SADAT AND FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

(പേജ് 2ൽനിന്ന്)

ട്ടു. ഒരു നേരത്തെ നിസ്സാരമായ ഭക്ഷണം കഴിച്ച് ദീർഘകാലം നോമ്പനുഷ്ഠിച്ചു. അല്ലാഹുവിന്റെ വഴിയിൽ ശരീരം ബുദ്ധിമുട്ടുകൾ സഹിക്കാനുള്ള കഴിവുസമ്പാദിക്കുന്നതിനായിരുന്നു അത്.എന്തെന്തെല്ലാം ഭൗതികമായ പ്രശ്നങ്ങളുണ്ടായാലും നമസ്കാരം കൃത്യ സമയത്ത് അനുഷ്ഠിച്ചിരുന്നു. അതിൽ ഒരു വിട്ടുവീഴ്ചയും ചെയ്തിരുന്നില്ല. ഭൗതികതയിൽനിന്നകന്ന് സദാ അല്ലാഹുവിന്റെ സന്നിധിയിൽ സുജൂദിലാകുമായിരുന്നു. പരിസരം മറന്നു പോകുമായിരുന്നു.

പരിശുദ്ധി കാത്തു സൂക്ഷിച്ചു. നയനങ്ങൾ എപ്പോഴും നമ്രവും പകുതി അടഞ്ഞതുമായിരുന്നു. ഒരിക്കലും ആരേയും ഒരു പൈസപോലും വഞ്ചിച്ചില്ല. അതായിരുന്നു വിശ്വസ്തതയുടെ അവസ്ഥ. എല്ലാവർക്കും നന്മ ചെയ്തു. അദ്ദേഹത്തിന്റെ ഒരു സ്വഹാബി ഒരിക്കൽ ഇലന്ത മരത്തിൽനിന്ന് ഒരു കൊമ്പ് പിടിച്ച് ഇലന്തപ്പഴം പറിച്ചു. കണ്ടുടനെ അത് തിന്നരുതെന്നും അവിടെത്തന്നെ വെച്ചുകൊള്ളാനും പറഞ്ഞു. അതിന് ഒരു ഉടമസ്ഥനുണ്ടെന്നും ഉണർത്തി. സത്യസന്ധത ഒരിക്കലും കൈവിട്ടില്ല. ദാനശീലം എത്രമാത്രം ഉന്നതമായിരുന്നുവെന്നുവെച്ചാൽ ആരു വന്നു ചോദിച്ചാലും വെറുംകൈയോടെ മടക്കുമായിരുന്നില്ല. മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ സ്വന്തം ബുദ്ധിമുട്ടുകളായി മനസ്സിലാക്കി. അത് അകറ്റുന്നതിനുവേണ്ടി കഴിവിന്റെ പരമാവധി പരിശ്രമിച്ചു. ശത്രുക്കളോടുപോലും പ്രതികാരത്തിന് മുതിർന്നില്ല.

നബി(സ)തിരുമേനിയെ പൂർണമായും അനുധാവനം ചെയ്ത മഹൽ വ്യക്തിയായിരുന്നു ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ). ഈ അനുധാവനത്തിൽ സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടപ്പാടുകൾ തികവാർന്ന നിലയിൽ അദ്ദേഹം നിറവേറ്റി.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) അറബിയിലും ഉർദുവിലും ഫാർസിയിലുമായി 85 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. എല്ലാ ഗ്രന്ഥത്തിലും നബി(സ)യെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹത്തിന് നബി(സ)യോടുള്ള സ്നേഹം ഏതു നിലയ്ക്കുള്ളതായിരുന്നു എന്ന് മനസ്സിലാക്കാനായി അദ്ദേഹത്തിന്റെ ഏതാനും ലിഖിത ശകലങ്ങൾ ഞാൻ സമർപ്പിക്കുകയാണ്.

ഹഖീഖത്തുൽ വഹി എന്ന ഗ്രന്ഥത്തിൽ ആ മഹാത്മാവ് പറയുന്നു: "ഞാൻ എന്റെ നേതാവും യജമാനനും പ്രവാചക മകുടമണിയും മനുഷ്യകുലോത്തമനുമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയുടെ കാല്പാടുകളെ പിന്തുടർന്നില്ലായിരുന്നെങ്കിൽ ഈ അനുഗ്രഹങ്ങളൊന്നും എനിക്കു കൈവരിക്കാൻ കഴിയുമായിരുന്നില്ല. ഞാൻ നേടിയതെല്ലാം ആ മഹാത്മാവിന്റെ പിന്തുടർച്ചമൂലമാണ്. ആ നബിശ്രേഷ്ഠനെ പിൻപറ്റാതെ ദൈവപ്രാപ്തി കൈവരിക്കുകയും ദിവ്യജ്ഞാനത്തിന്റെ അംശം സമ്പാദിക്കുകയും ചെയ്യുവാൻ ഒരാൾക്കും സാധിക്കുകയില്ലെന്ന് സത്യവും സമ്പൂർണവുമായ ജ്ഞാനംമുഖേന ഞാൻ മനസ്സിലാക്കുന്നു. നബി(സ)തിരുമേനിയെ ആത്മാർഥമായും പരിപൂർണമായും വഴിപ്പെട്ടതിനുശേഷം മറ്റെന്തിനെക്കാളും മുമ്പേ ഹൃദയത്തിൽ ഉടലെടുക്കുന്നതെന്താണെന്നുകൂടി ഞാൻ ഇവിടെ വിവരിച്ചുകൊള്ളുന്നു. ഓർത്തുകൊള്ളുക, അതു പരിശുദ്ധ ഹൃദയമാകുന്നു. എന്നുവച്ചാൽ ഹൃദയത്തിൽനിന്ന് ഭൗതികാസക്തി പാടേ നിഷ്ക്രമിക്കുകയും ഹൃദയം ശാശ്വതവും അനശ്വരവുമായ അനുഭൂതിയെ തേടിക്കൊണ്ടിരിക്കുന്ന അവസ്ഥയെ കൈ വരിക്കുകയുമാണത്. അതിനുശേഷം ആ ഹൃദയശുദ്ധി മുഖേന നിർമലവും പരിപൂർണവുമായ ദൈവപ്രേമം സംസിദ്ധമാകുന്നു. ഈ എല്ലാ അനുഗ്രഹങ്ങളും തിരുനബി(സ)യോടുള്ള പിന്തുടർച്ച മുഖേന പൈതൃകമെന്നോണം ലഭിക്കുന്നതാകുന്നു."

ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിൽ നബി(സ) തിരുമേനിക്കു അല്ലാഹു നല്കിയ കഴിവുകളെക്കുറിച്ചു പറയുന്നു:

"നിസ്സഹായനും നിർധനനും ശക്തിഹീനനും നിരക്ഷരനും അനാഥനും ഏകാന്തനുമായ വ്യക്തി, സമ്പത്തും ഐശ്വര്യവും സൈനികശക്തിയും ബുദ്ധിവൈഭവവും ഏറ്റവും തികഞ്ഞുനിന്ന ജനതകൾ വാണു വിലസിയ ഒരു കാലത്ത്, വലിയ വലിയ ജ്ഞാനികളും തത്ത്വചിന്തകന്മാരുമായി ഞെളിഞ്ഞു നടന്നവരെയെല്ലാം ഉത്തരം മുട്ടിക്കുകയും നിരുദ്ധകണ്ഠരാക്കുകയും ചെയ്തു എന്നത് അത്ഭുതാവഹമായ ഒരു കാര്യമല്ലേ? കൂടാതെ നിസ്സഹായതയും ദുർബലതയും ശക്തമായിരുന്നിട്ടുകൂടി, ചക്രവർത്തിമാരുടെ സിംഹാസനങ്ങളെ മറിച്ചിടുകയും ആ സിംഹാസനങ്ങളിൽ പാവപ്പെട്ടവരെ കയറ്റി ഇരുത്തുകയും ചെയ്യാൻ കഴിഞ്ഞത് ദൈവികമായ പിന്തുണകൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടായിരിക്കാം. ? അപ്രകാരം ദൈവിക പിന്തുണകൂടാതെ മുഴുവൻ ലോകത്തേയും ബുദ്ധികൊണ്ടും ജ്ഞാനംകൊണ്ടും ശക്തികൊണ്ടും അധികാരംകൊണ്ടും കീഴപ്പെടുത്തുക സാധ്യമാണോ?"

തന്റെ യജമാനരും സ്നേഹിതരുമായവരോടുള്ള പ്രേമവും സ്നേഹവും പ്രകടിപ്പിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു:

*വ ദിക്റുൽമുസ്ത്വഫാ റൂഹുൻ ലിഖൽബീ വസ്വാറ ലി മുഹ്ജത്തീ മിഥ്ലത്ത്വആമീ*

മുഹമ്മദുമുസ്ത്വഫാ(സ)യുടെ സ്മരണ എന്റെ ആത്മാവിന്റെ റൂഹാണ്. അവിടത്തെ കുറിച്ചുള്ള വർണന എന്റെ ഭക്ഷണമാണ്. അതില്ലാതെ എനിക്ക് ജീവിച്ചിരിക്കാൻ സാധിക്കുകയില്ല.

*യാ ഹിബ്ബി ഇന്നക്ക ഖദ് ദഖൽത്ത മഹബ്ബത്തൻ ഫീ മുഹ്ജത്തീ വ മദാരിക്കീ വ ജനാനീ*

ഓ എന്റെ പ്രേമഭാജനമായുള്ളോവേ! അങ്ങയോടുള്ള സ്നേഹം എന്റെ രക്തത്തിലും ഹൃദയത്തിലും എന്റെ ജീവനിലും ഒരുപോലെ ലയിച്ചു കഴിഞ്ഞിരിക്കുന്നു.

*മിൻ ദിക്'രി വജ്ഹിക്ക യാ ഹദീഖത്ത ബഹ്ജത്തീ ലം അഖുൽ ഫീ ലഹ്ള്ളിൻ വ്വലാ ഫീ ആനി*

എന്റെ സംതൃപ്തിയുടേയും ആനന്ദത്തിന്റേയും ഉദ്യാനമായിട്ടുള്ള മഹാത്മൻ! അങ്ങയുടെ മുഖം അനുസ്മരിക്കാതെ ഒരു നിമിഷവും എന്റെ ജീവിതത്തിൽ കഴിഞ്ഞു കടന്നിട്ടില്ല.

നബി അതിശയോക്തി ചെയ്യാറില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കലും , ഒരു നിമിഷംപോലും നബി(സ) തിരുമേനിയുടെ സ്മരണയിൽനിന്ന് ഒഴിവായിരുന്നില്ലെന്നത് ഒരു ശക്തമായ യാഥാർഥ്യമാണ്. ഏതൊരാളുടെ ചുമതലയാണോ നബി(സ)തിരുമേനിയുടെ ദീനിനെ മുഴുലോകത്തും വിജയിപ്പിക്കുക എന്നത്, ആരാണോ ഈ വഴിയിൽ തന്റെ സർവസ്വവും അർപണം ചെയ്തത്, അയാൾ നബി(സ)തിരുമേനിയോടുള്ള സ്നേഹംകൊണ്ട് അദ്ദേഹത്തിന്റെ സ്മരണയിൽനിന്ന് എങ്ങനെ ഒഴിവാനാണ്? അവിടന്ന് പറയുന്നു:

*ഇന്നീ അമൂത്തു വലാതമൂത്തു മഹബ്ബത്തീ യുദ്റാ ബിദിക് രിക്ക ഫിത്തുറാബി നിദാഈ*

ഞാൻ മരിച്ചു പോകുന്നതായിരിക്കും. എന്നാൽ, എന്റെ സ്നേഹം ഒരിക്കലും മരിക്കുകയില്ല. എന്റെ മരണത്തിനുശേഷവും എന്റെ ഖബ്റിന്റെ മണ്ണിൽനിന്ന് നിന്നോടുള്ള സ്നേഹത്തിന്റെ ശബ്ദം ഉയർന്നുകൊണ്ടിരിക്കുന്നതാണ്.

*സറേ വാറം ഫിദായെ ഖാക് അഹ്മദ്*
*ദിലം ഹർ വഖ്ത്ത് ഖുർബാനെ മുഹമ്മദ്*
*ഫിദാ ശുദ് ദർ റഹിശ് ഹർ ദർറയെ മൻ*
*കെ ദീദം ഹുസ്ന് പിൻഹാ മുഹമ്മദ്*

എന്റെ ശിരസ്സ് അഹ്മദ്(സ)ന്റെ കാലിന്റെ ഭാഗത്തെ മണ്ണിനുമേൽ അർപണമാണ്. എന്റെ മനസ്സ് എല്ലായ്പ്പോഴും മുഹമ്മദിൽ(സ) ബലിയായിരിക്കുന്നു. അദ്ദേഹത്തിന്റെ വഴിയിൽ എന്റെ ഓരോ അണുവും ബലിയായി കഴിഞ്ഞിരിക്കുന്നു. കാരണം ഞാൻ മുഹമ്മദിന്റെ(സ)മറഞ്ഞിരിക്കുന്ന സൗന്ദര്യം കണ്ടിരിക്കുന്നു.'

ഹദ്റത്ത് മുഹമ്മദുനബി(സ)യുടെ മദ്ഹിൽ എഴുതിയ സുദീർഘമായ പദ്യത്തിൽ പറയുന്നു:

*വൊ പേശ് വാ ഹമാരാ ജിസ് സെ ഹെ നൂർസാരാ*
*നാമ് ഉസ്കാ ഹെ മുഹമ്മദ് ദിൽബർ മെരാ യഹീ ഹോ*

ആ മഹാത്മാവാണ് നമ്മുടെ നേതാവ്, ഇക്കാണുന്ന പ്രകാശങ്ങളെല്ലാം ആ മഹാത്മാവിൽ നിന്നുള്ളതാണ്. ആ മഹാത്മാവിന്റെ നാമം മുഹമ്മദ്(സ) എന്നാണ്. എന്റെ പ്രേമപാത്രം ആ മഹാത്മാവാണ്. വീണ്ടും പറയുന്നു:

"ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ)തിരുമേനിയുടെ ജീവിതത്തിലേക്ക് നോക്കിയാൽ മനസ്സിലാകുന്നത്, ആ മഹാത്മാവ് ഉദാത്തവും അതിശ്രേഷ്ഠവുമായ സ്വഭാവൈക്യത്തോടും സംശുദ്ധവും കുലീനവുമായ മനസ്സോടുംകൂടിയ വ്യക്തിയായിരുന്നു എന്നാണ്. അല്ലാഹുവിനുവേണ്ടി സ്വജീവിതം ബലിയർപ്പിക്കുവാൻ ആ മഹാത്മാവ് സദാ സന്നദ്ധനായിരുന്നു. മനുഷ്യരിൽ ആശ്രയം കൊള്ളുകയോ ആരേയും ഭയപ്പെടുകയോ ചെയ്തിരുന്നില്ല. അല്ലാഹുവിന്റെ ഹിതത്തിനും ഇച്ഛയ്ക്കും സ്വയം അടിമപ്പെട്ടിരുന്ന ആ മഹാത്മാവ് തനിക്ക് അഭിമുഖീകരിക്കാനുള്ള പ്രയാസങ്ങളെക്കുറിച്ച് ചിന്തിക്കുകയേ ചെയ്തിരുന്നില്ല. തൗഹീദിന്റെ ശബ്ദം ഉയർത്തുന്നതിന്റെ പേരിൽ അന്യാരാധകരിൽനിന്ന് എന്തു കഷ്ടപ്പാടുകൾ നേരിടേണ്ടി വരുന്നതും ആ മഹാത്മാവ് ഗണ്യമാക്കിയിരുന്നില്ല."

നബി(സ)തിരുമേനിയുടെ മദ്ഹിൽ രചിച്ച സുദീർഘമായൊരു അറബി ഖസീദയിലെ ചില വരികൾ ഇപ്രകാരമാണ്:

*ഉൻള്ളുർ ഇലയ്യ ബിറഹ്മത്തിൻ വ്വ തഹന്നുനിൻ*
*യാ സയ്യിദീ അന അഹ്ഖറുൽ ഗിൽമാനീ*
*യാ ഹിബ്ബി ഇന്നക്ക ഖദ് ദഖൽത്ത മഹബ്ബത്തൻ*
*ഫീ മുഹ്ജത്തീ വ മദാരിക്കീ വ ജനാനീ*
*മിൻദിക്'രി വജ്ഹിക്ക യാ ഹദീഖത്ത ബഹ്ജത്തീ*
*ലം അഖ്ലു ഫീ ലഹ്ളിൻ വ്വലാ ഫീ ആനീ*
*ജിസ്മീ യത്വീറു ഇലയ്ക്ക മിൻ ശൗഖിൻ അലാ*
*യാ ലയ്ത്ത കാനത് ഖുവ്വത്തുത്ത്വയറാനീ*

എന്റെ യജമാനരേ,അങ്ങേയറ്റത്തെ ആർദ്രതയോടും കാരുണ്യത്തോടുംകൂടി എന്റെ നേരെ അങ്ങ് ദൃഷ്ടിപതിപ്പിച്ചാലും. അങ്ങയുടെ ഭൃത്യന്മാരിൽ അതി നിസ്സാരനായിട്ടുള്ളവനാണു ഞാൻ.

അല്ലയോ എന്റെ പ്രേമഭാജനമേ, അങ്ങയോടുള്ള സ്നേഹം എന്റെ രക്തത്തിലും എന്റെ ഹൃദയത്തിലും എന്റെ ജീവനിലും ഒരുപോലെ ലയിച്ചു കഴിഞ്ഞിരിക്കുന്നു.

എന്റെ സംതൃപ്തിയുടേയും ആനന്ദത്തിന്റേയും ഉദ്യാനമായിട്ടുള്ള മഹാത്മൻ, അങ്ങയുടെ മുഖം അനുസ്മരിക്കാതെ ഒരു നിമിഷവും എന്റെ ജീവിതത്തിൽ കഴിഞ്ഞു കടന്നിട്ടില്ല.

*ജിസ്മീ യത്വീറു ഇലയ്ക്ക മിൻ ശൗഖിൻ അലാ*
*യാ ലയ്ത്ത കാനത് ഖുവ്വത്തുത്ത്വയറാനീ*

ആവേശത്തള്ളിച്ചയാൽ അങ്ങയുടെ സന്നിധിയിലേക്ക് പറന്നെത്തുന്നതിന് എന്റെ ശരീരം വെമ്പൽ കൊള്ളുകയാണ്; അഹോ എനിക്ക് പറക്കാനുള്ള ചിറകുണ്ടായിരുന്നെങ്കിൽ!

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറഞ്ഞു:

*മൻ ഫർറഖ ബയ്നീ വ ബയ്നൽ മുസ്തഫാ മാ അറഫനീ വ മാ റആ* ആരാണോ എന്റേയും മുസ്തഫാ(സ)ന്റേയും ഇടയിൽ വ്യത്യാസം കല്പിച്ചത് അവൻ എന്നെ തിരിച്ചറിഞ്ഞില്ല. മനസ്സിലാക്കിയതുമില്ല.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ഇസ്ലാമിന്റെ വിജയത്തെ കുറിച്ചു പറഞ്ഞു: "ഭൂമിയിലുള്ളവർ കരുതുന്നുണ്ടാകും, ഒടുവിൽ ഈ ലോകത്ത് പരക്കുന്നത് ക്രിസ്തുമതമായിരിക്കുമെന്ന്. അഥവാ അവസാനം നിലനില്ക്കുന്നത് ബുദ്ധമതമായിരിക്കുമെന്ന്. എന്നാൽ, അവരെല്ലാം തെറ്റായ ധാരണയിലാണ്. ആകാശത്തിൽ തീരുമാനിക്കപ്പെടുന്നതുവരെ ഭൂമിയിൽ ഒന്നും സംഭവിക്കുകയില്ലെന്ന് ഓർത്തുകൊള്ളുവിൻ. ജനഹൃദയങ്ങളെ അവസാനം കീഴ്പ്പെടുത്തുന്നത് ഇസ്ലാംമതമായിരിക്കുമെന്ന് സ്വർഗത്തിന്റെ നാഥൻ എന്നെ അറിയിച്ചിരിക്കുന്നു."

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം കഴിഞ്ഞുകടന്ന മഹാത്മാക്കളുടെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ

മാമൂൻ റശീദ് തബ്രീസ്
(ശുഅ്ബയെ താരീഖെ അഹ്മദിയ്യത്ത് ഖാദിയാൻ)

ലോകത്ത് ഏതെങ്കിലും വാഗ്ദത്ത നബിയോ റസൂലോ വരുമ്പോൾ അദ്ദേഹത്തിന്റെ വരവിനെ കുറിച്ചുള്ള വാർത്ത അല്ലാഹു അദ്ദേഹം നിയോഗിതനാകുന്നതിനു മുമ്പേതന്നെ തന്റെ നല്ല ദാസർക്ക് നല്കുന്നു. ഈ വാർത്തകൾ അല്ലാഹുവിന്റെ സമീപസ്ഥരായ ഔലിയാ ഭാവിയിൽ വരുന്ന തലമുറയ്ക്കുവേണ്ടി പ്രവചനങ്ങളുടെ വർണത്തിൽ സുരക്ഷിതമാക്കിപോകുന്നു. ആ പ്രവചനങ്ങളിൽ വാഗ്ദത്ത നബിയുടെ ആഗമനത്തിന്റെ സമയവും വിവരിച്ചിട്ടുണ്ടാകും; സ്ഥാനവും. ഇതിനു പുറമെ പ്രവചനങ്ങളിൽ വാഗ്ദത്ത കാലത്തിന്റെ അടയാളങ്ങളും സവിശേഷഗുണങ്ങളും വിവരിക്കപ്പെട്ടിട്ടുണ്ടാകും. ബൈബിളിൽ എല്ലായിടത്തും ഹദ്റത്ത് ഈസായെ കുറിച്ചും നമ്മുടെ പ്രിയപ്പെട്ട യജമാനർ സയ്യിദുനാ വ മൗലാനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യെ കുറിച്ചും ബനീ ഇസ്റാഈലിലെ നബിമാരുടെ പ്രവചനങ്ങൾ കാണാം. നബി(സ)തിരുമേനി തന്റെ ഉമ്മത്തിലെ ഉലമായെക്കുറിച്ച് പറഞ്ഞു:
*ഉലമാഉ ഉമ്മത്തീ ക അമ്പിയാഇ ബനീ ഇസ്റാഈല. എന്റെ ഉമ്മത്തിലെ* (സമുദായത്തിലെ) ഉലമാ ബനീ ഇസ്റാഈലിലെ നബിമാരെപോലെയായിരിക്കും.

നബി(സ)തിരുമേനിയുടെ സമുദായത്തിൽ കഴിഞ്ഞുകടന്നിട്ടുള്ള മഹാത്മാക്കളും ഔലിയാക്കളും വാഗ്ദത്ത മസീഹിനേയും മഹ്ദിയേയും സംബന്ധിച്ച് അദ്ദേഹത്തിന്റെ നിയോഗത്തിനു മുമ്പേതന്നെ ബനീ ഇസ്റാഈലി നബിമാരെ പോലെയാണെന്ന് പ്രവചനങ്ങൾ ചെയ്യുന്നു. പ്രസ്തുത പ്രവചനങ്ങൾ അത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനീ മസീഹ് മൗഊദ്(അ)ന്റെ നിയോഗംകൊണ്ട് പകൽവെളിച്ചം പോലെ പൂർത്തിയാകുകയും അവിടത്തെ സത്യസാക്ഷ്യത്തിനുമേൽ ഒരു അടയാളമായിത്തീരുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ആയിരത്തിൽ കുറച്ചധികം വരുന്ന മുസ്ലിമീങ്ങളിലെ ധാരാളം കശ്ഫിന്റെ അഹ്ലുകാർ, തങ്ങളുടെ ജാഗ്രദർശനങ്ങൾ മുഖേനയും അപ്രകാരം തന്നെ ദൈവഗ്രന്ഥത്തെ മനനം ചെയ്തുകൊണ്ടും ഐകകണ്ഠ്യേന മസീഹ് മൗഊദ്(അ)ന്റെ വെളിപെടൽ പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽനിന്ന് ഒരിക്കലുമൊരിക്കലും കവച്ചുവെച്ച് പോകുകയില്ലെന്ന് പറഞ്ഞുപോയിട്ടുണ്ട്. കശ്ഫിന്റെ അഹ്ലുകാരുടെ വലിയൊരു സംഘം -അവരാണെങ്കിൽ എല്ലാ അവ്വലീന്റേയും ആഖരിന്റേയും സംഘമാണ്. അവരെല്ലാ കള്ളന്മാരാകുകയും അവരുടെ എല്ലാ മനനം ചെയ്യലും തെറ്റാകുകയും ചെയ്യുക ഒരിക്കലുമൊരിക്കലും സംഭാവ്യമല്ല.'' (തുഹ്ഫയെ ഗോൽഡവിയ്യ, റൂഹാനിഖസാഇൻ, വാല്യം 17, പേജ് 326)

1. ഉമ്മത്തിലെ ആ പുണ്യാത്മാക്കളിലൊരാൾ അല്ലാമ അബ്ദുൽവഹാബ് അശ്ശിഅ്റാനീ(റഹ്) (മരണം ഹിജ്റ 976) തന്റെ ഗ്രന്ഥമായ അൽയവാഖീത്തു വൽജവാഹിറിൽ പറഞ്ഞു: *''മൗലിദുഹു ലയ്ലത്തന്നിസ്ഫി മിൻ ശഅ്ബാന സനത്തൻ ഖംസീന വ മിഅത്തയ്നി ബഅ്ദൽഅൽഫി''* അതായത് ഇമാം മഹ്ദി(അ) തങ്ങളുടെ ജനനം ഹിജ്റ 1250-ൽ ആയിരിക്കും.'' (നൂറുൽ ഇസ്വാബ ഫീ മനാഖിബി ആലബയ്ത്തിന്നബിയ്യിൽ മുഖ്ത്താർ)

2. 12-ാം നൂറ്റാണ്ടിലെ മുജദ്ദിദ് ഹദ്റത്ത് ശാഹ് വലിയുല്ലാ മുഹദ്ദഥ് ദഹ്ലവി(റഹ്)യ്ക്ക് അല്ലാഹു നേരിട്ട് അറിവ് നല്കിയിരുന്നു. *''അൽമഹ്ദിയ്യു തഹയ്യഅ ലിൽഖുറൂജി''* അതായത് ഇമാം മഹ്ദി വരാൻ തയ്യാറാണ്.'' (തഫ്ഹീമാത്തെ ഇലാഹിയ്യ, വാല്യം 2, പേജ് 123)

നവാബ് സ്വിദ്ദിഖ് ഹസൻ ഖാൻ സാഹിബ് തന്റെ ഗ്രന്ഥമായ ഹുജജുൽകിറാമ ഫീ ആഥാരിൽഖിയാമ പേജ് 394-ൽ ഇമാം മഹ്ദി(അ) വെളിപ്പെടുന്ന കാലത്തെ കുറിച്ച് എഴുതിയിട്ടുണ്ട്. ഫാർസി വാക്യങ്ങളുടെ തർജമ ഇപ്രകാരമാണ്. ഹദ്റത്ത് ശാഹ് വലിയുല്ലാഹ് മുഹദ്ദഥ് ദഹ്ലവി ഇമാം മഹ്ദി(അ)ന്റെ വെളിപെടുന്ന തിയതി 'ചിരാഗ്ദീൻ' എന്ന വാക്കിൽ വിവരിച്ചിരിക്കുന്നു. അത് അറബിയിലെ അക്ഷരസംഖ്യാശാസ്ത്രമനുസരിച്ച് 1268 ആകുന്നു.

3. ഡൽഹി പ്രദേശങ്ങളിൽ ഏകദേശം 800 വർഷം മുമ്പേ ഒരു ശ്രേഷ്ഠനും കശ്ഫുണ്ടാകുന്ന വ്യക്തിയും അമാനുഷിക സിദ്ധിയുള്ള ഒരു മഹാത്മാവ് ഹദ്റത്ത് നിഅ്മത്തുല്ലാഹ് ശാഹ് വലിയ്യ്(റഹ്) ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ സുപ്രസിദ്ധ ഫാർസി ഖസ്വീദയിൽ (അർച്ചനാഗീതം) അവസാനകാലത്തെ അവസ്ഥകളെക്കുറിച്ച് പറയുന്നുണ്ട്. അദ്ദേഹം പറയുന്നു:
*മഹ്ദിയെ വഖ്ത്ത് വഈസാ ദൗറാൻ*
*ഹർദൗറാ ശാഹ്സവാർ മെ ബീനം*
അതായത് അക്കാലത്തെ മഹ്ദിയേയും ഈസായേയും ഞാൻ കുതിരപ്പടയാളിയായി കാണുന്നു. (അർബയീൻ ഫീ അഹ്വാലിൽമഹ്ദിയ്യീൻ പ്രസാധനം ഹിജ്റ 1268, 'അസ്ലി ഖസ്വീദ'പ്രസിദ്ധീകരിച്ചത് മക്തബ പാക്കിസ്താൻ ലാഹോർ)

4. ഹദ്റത്ത് ശെയ്ഖ് മുഹ്യുദ്ദീൻ ബിൻ അൽ അറബി(റ) (വഫാത്ത് ഹിജ്റ 638) ഹിജ്റ 628-ൽ പറഞ്ഞു *''വ യക്കൂനു ള്വൂഹൂറുഹു ബഅ്ദമളിയ്യി 'ഖ ഫ ജീം' മിനൽ ഹിജ്റത്തി''* അതായത് ഇമാം മഹ്ദിയുടെ വെളിപെടൽ ഹിജറ വർഷമനുസരിച്ച് ''ഖ ഫ ജീം'' കഴിയുമ്പോൾ ഉണ്ടാകുന്നതായിരിക്കും. (മുഖദ്ദിമ ഇബ്നുഖൽദൂൻ പേജ് 354, തർജമ മൗലാനാ സയീദ് ഹസൻ ഖാൻ യൂസുഫീ ഫാളിൽ) 'ഖ ഫ ജീം' എന്നത് അറബി അക്ഷരസംഖ്യാശാസ്ത്രമനുസരിച്ച് 683 ആകുന്നു. (ഖ 600, ഫ 80. ജീം 3) ഈ വാക്യം ഹിജ്റ 628ലേതാണ്.ഇപ്രകാരം 628നെ 683മായി ചേർത്താൽ ഹിജറയ്ക്കുശേഷം 1311 വർഷം ലഭിക്കും. അത് മഹ്ദിയുടെ അടയാളമായ സൂര്യചന്ദ്രഗ്രഹണമുണ്ടായ വർഷമാണ്.

5. ഒരു ഇറാനീ മഹാത്മാവ് ശെയ്ഖ് അലി അസ്ഗർ ബ്രോജർദി അദ്ദേഹം വലിയ പ്രഭാഷകനും ധാരാളം ഗ്രന്ഥങ്ങളുടെ കർത്താവുമാണ്. തന്റെ ഗ്രന്ഥമായ നൂറുൽ അൻവാർ, പേജ് 215-ൽ എഴുതുന്നു.
*അൻദർ ''സ്വർഗീ'' അഗർ ബമാനീ സിൻദഃ*
*മുൽക്ക് വ മില്ലത്ത് വ ദീനെ ബർഗർദോ*
അതായത് 'സ്വർഗീ' വർഷത്തിൽ നീ ജീവിച്ചിരിക്കുകയാണെങ്കിൽ രാജഭരണത്തിലും ജാതിയിലും മതത്തിലും വിപ്ലവം വരുന്നതായിരിക്കും. 'സ്വർഗീ' എന്ന പദം അക്ഷരസംഖ്യാ ശാസ്ത്രമനുസരിച്ച് 1290 ആകുന്നു. (ഇമാം മഹ്ദീ കാ ള്വുഹൂർ, മുഹമ്മദ് അസദുല്ലാഹ് കശ്മീരീ പേജ് 417)

6. അറേബ്യൻ രാജ്യങ്ങളുടെ പര്യടനവേളയിൽ അവിടുത്തെ ഉലമാ മഹ്ദിയെ കാത്തിരിക്കുന്നതു കണ്ടിട്ട് ഖ്വാജ ഹസൻ നിള്വാമീ എഴുതുന്നു:
''സനുസിയുടെ വിവരമനുസരിച്ച് ഹദ്റത്ത് ഇമാം മഹ്ദിയുടെ വെളിപെടൽ ഉണ്ടാകുക 1330-ൽ ആയിരിക്കും ഉണ്ടാകുന്നതെങ്കിൽ, ഇതേ കാലമാണെങ്കിൽ എത്ര അത്ഭുതമായിരിക്കും. അക്കാലം ഇപ്പോൾ വന്നിട്ടില്ലെങ്കിൽ ഹിജ്റ 40-നുള്ളിൽ വെളിപെടൽ തികച്ചും ഉറപ്പാണ്. കാരണം വിവിധ മഹാത്മാക്കളുടെ പ്രവചനങ്ങളെ ഒത്തുചേർത്താൽ 40 വരെ എല്ലാവരിലും യോജിപ്പുണ്ട്. (ശെയ്ഖ് സനൂസിയും ആഖിറുസ്സമാൻ ള്വുഹൂറെ മഹ്ദിയും പേജ് അവസാനം)

7. ഹദ്റത്ത് ഹാഫിള്വ് ബർഖൂർദാർ ഖാൻ(റഹ്) അദ്ദേഹം സിയാൽക്കോട്ടിലെ ഒരു മഹാത്മാവും വലിയുമായിരുന്നു. മസീഹ് മൗഊദിന്റെ ആഗമനത്തെ കുറിച്ച് പറയുന്നു:
*പീഛേ ഇക് ഹസാർ*
*വെ ഗുസ്രെ തരേസ സാൽ*
*ഈസാ(അ) ള്വാഹിർ ഹൊ*
*സിയ കുർസി അദ്ലെ കമാൽ*
ഹിജ്റ വർഷത്തിന്റെ തികച്ചും 1300 വർഷം കഴിയുമ്പോൾ ഹദ്റത്ത് ഈസായുടെ വെളിപെടലുണ്ടാകുന്നതായിരിക്കും. ഇവിടെ ഇക്കാര്യം ചിന്താർഹമാണ്. അതായത് ഹദ്റത്ത് ഹാഫിള്വ് ബർഖോർദാർ സാഹിബ്(റഹ്) ഈസാ(അ) വെളിപെടുമെന്ന് വിശ്വസിക്കുന്നയാളാണ്. ആകാശത്തുനിന്നിറങ്ങുമെന്ന് വിശ്വസിക്കുന്നില്ല.

8. പ്രസിദ്ധനായൊരു ശിയ മഹാത്മാവ് ഹദ്റത്ത് അബൂസയീദ് ഖാനം ഹിന്ദി ജീവിച്ചിരുന്നു. അദ്ദേഹം ജാഗ്രദർശനത്തിൽ (കശ്ഫ്) ഹദ്റത്ത് ഇമാം മഹ്ദി(അ)യെ സിയാറത്തു ചെയ്തിരുന്നു. അദ്ദേഹം താൻ കണ്ട ദർശനം മുഴുവൻ വിവരിച്ചതിനുശേഷം അവസാനം പറയുന്നു:
'*കുല്ലു ദാലിക്ക ബികലാമിൽ ഹിന്ദി.* (സ്വാഫീ ശറഹ് ഉസ്വൂൽ കാഫീ, കിതാബുൽ ഹുജ്ജ, ബാബു മൗലിദു സ്വാഹിബുസ്സമാൻ, ഭാഗം 3, ഹിസ്സ 2, പേജ് 304) അതായത് ജാഗ്രദർശനത്തിൽ ഹദ് റത്ത് ഇമാം മഹ്ദി(അ)ഏതൊരു ഭാഷയിലാണോ സംസാരിച്ചത് അതെല്ലാം ഹിന്ദുസ്താനീ ഭാഷയിലാണ്.' (ഇമാം മഹ്ദി കാ ള്വുഹൂർ, പേജ് 363)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാതൃഭാഷ പഞ്ചാബിയായിരുന്നുവെങ്കിലും ഇതിൽ ഹിന്ദുസ്താനിൽ സംസാരിക്കപ്പെടുന്ന രണ്ട് ഭാഷയിലേക്കുള്ള സൂചനയുമുണ്ട്. അവിടത്തെ അധികഗ്രന്ഥങ്ങളും അതേ ഭാഷയിലാണുള്ളത്.

9. മറ്റൊരു സ്വൂഫീ മഹാത്മാവ് ഹദ്റത്ത് ശെയ്ഖ് ഹസനുൽ ഇറാഖീ തന്റെ ഗ്രന്ഥമായ ഗായത്തുൽ മഖ്സ്വൂദിൽ എഴുതി:
''ഞാൻ നിങ്ങളെ ഒരു കാര്യം കേൾപ്പിക്കുകയാണ്. ശാമിൽ ഞാൻ യുവത്വാവസ്ഥയിൽ ജാമിഅ ബനീ ഉമയ്യായിൽ ചേർന്നപ്പോൾ കസേരയിൽ ഇരുന്ന് മഹ്ദിയേയും അദ്ദേഹത്തിന്റെ വെളിപെടലിനേയും സംബന്ധിച്ച് ഒരാൾ സംസാ

രിക്കുന്നതു ഞാൻ കേട്ടു. ആ നേരം മുതൽ മഹ്ദിയോടുള്ള സ്നേഹം എന്റെ മനസ്സിൽ പതിഞ്ഞിറങ്ങി. അല്ലാഹു എന്നെ അദ്ദേഹവുമായി ചേർക്കുന്നതിന് ഞാൻ അപ്പോൾ മുതൽ ദുആ ചെയ്യാൻ തുടങ്ങി. അങ്ങനെ ഞാൻ ഒരു വർഷം വരെ ദുആ ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം ഞാൻ മഗ്‌രിബിനുശേഷം മസ്ജിദിലായിരുന്നു. അപ്രതീക്ഷിതമായി ഒരാൾ എന്റെയടുത്തുവന്നു. അദ്ദേഹത്തിന്റെ തലയിൽ അനറബികളുടെ തലേക്കെട്ട് കെട്ടിയിരുന്നു. ഒട്ടകത്തിന്റെ രോമംകൊണ്ടുള്ള ജുബ്ബയായിരുന്നു. അയാൾ എന്റെ തോൾ തന്റെ കൈകൊണ്ട് സ്പർശിച്ചു. എന്നോടു പറഞ്ഞു: 'എന്നെ കാണേണ്ട ആവശ്യം നിനക്കെന്താണ്?' ഞാൻ ചോദിച്ചു താങ്കൾ ആരാണ്?' അയാൾ പറഞ്ഞു: 'ഞാൻ മഹ്ദിയാണ്.' അപ്പോൾ ഞാൻ അദ്ദേഹത്തിന്റെ കൈയിൽ മുത്തി.'' (ഗായത്തുൽ മഖ്സൂദ്, വാള്യം 2, പേജ് 81)

ഇതിൽ വാഗ്ദാനം ചെയ്യപ്പെട്ടയാൾ അനറബിയായിരിക്കുമെന്ന കാര്യമാണ് പറഞ്ഞിട്ടുള്ളത്. ഈ ഉദ്ധരണിയും ആദ്യത്തെ ഉദ്ധരണിയും ചേർത്തു വായിക്കുമ്പോൾ വാഗ്ദാനം ചെയ്യപ്പെട്ട ഇമാം ഇന്ത്യയിൽ വെളിപ്പെടുമെന്ന വാർത്ത കാലേകൂട്ടി അറിയിക്കപ്പെട്ടിരിക്കുന്നതായി കാണാവുന്നതാണ്.

10. ഹദ്റത്ത് മുഹ്‌യുദ്ദീൻ ബിൻ അറബി(റഹ്)യെ കുറിച്ച് പറയുന്നു: അദ്ദേഹത്തിന് നബി(സ) തിരുമേനി സ്വപ്നത്തിൽ നല്കിയ നിർദേശമനുസരിച്ച് അദ്ദേഹം'ഫുസ്വൂസ്വുൽഹക്കം'എന്ന ഗ്രന്ഥമെഴുതി. അതിൽ ഖാത്തമുൽ ഔലിയാ ആയി ആഗത നാകുന്ന വാഗ്ദാനം ചെയ്യപ്പെട്ടയാൾ യുഗ്മജനായിരിക്കുമെന്ന് പ്രവചനം ചെയ്തു. അതായത് വാഗ്ദാനം ചെയ്യപ്പെട്ടയാൾ ജനിക്കുന്നതിനുമുമ്പേ ഒരു പെൺകുഞ്ഞ് പിറക്കുന്നതായിരിക്കും. അതിനുശേഷമായിരിക്കും അദ്ദേഹം ജനിക്കുക.

ആഗതനാകുന്ന വാഗ്ദാനം ചെയ്യപ്പെട്ടയാൾ ഖാത്തമുൽ ഔലിയാ ആയിരിക്കുമെന്ന് പ്രവചനത്തിൽ പറയപ്പെട്ടിരിക്കുന്നു. ഖാത്തമുൽഔലാദിന്റെ അർഥം ഖാത്തമുൽ ഔലിയാ എന്നാണ്. രണ്ടാമത് പറഞ്ഞത് അദ്ദേഹം യുഗ്മജനായിരിക്കുമെന്നാണ്. അദ്ദേഹത്തിനുമുമ്പേ അദ്ദേഹത്തിന്റെ സഹോദരി ജനിക്കുന്നതായിരിക്കും. അദ്ദേഹത്തിന്റെ ജന്മസ്ഥലം ചൈനയായിരിക്കും. അറബിയിൽ 'അസ്സീൻ'എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ആ പദം അറബിയിൽ അനറബ്പ്രദേശത്തിനോ വിദൂരമായ പ്രദേശത്തിനോ ആണ് ഉപയോഗിക്കപ്പെടുന്നത്. ഇവിടേയും വാഗ്ദത്ത നബിയായ മസീഹിന്റേയും മഹ്ദിയുടേയും ജന്മസ്ഥലം അനറബ് പ്രദേശമോ വിദൂരത്തുള്ള പ്രദേശമോ ആയിരിക്കുമെന്നാണുദ്ദേശ്യം.(ഫുസ്വൂസ്വുൽ ഹക്കം, പേജ് 36, മുത്തർറജ്ജിം മൗലാനാ മുഹമ്മദ് മുബാറക് അലി ഹൈദ്രാബാദി, പ്രസാധനം 1308 ഹിജ്‌രി, അഹ്മദീ പ്രസ്സ് കാൺപൂർ)

ഹദ്റത്ത് മുഹ്‌യുദ്ദീൻ ബിൻ അറബി(റഹ്)യുടെ മറ്റൊരു ഗ്രന്ഥമാണ് 'ഫുതൂഹാത്തെ മക്കിയ്യ.' ഈ ഗ്രന്ഥത്തിന്റെ മൂന്നാമത്തെ വാള്യത്തിൽ ആഗതനാകുന്ന വാഗ്ദാനം ചെയ്യപ്പെട്ട ആളിന്റെ സ്വഹാബിമാരേയും സമീപസ്ഥരേയും കുറിച്ച് എഴുതിയിരിക്കുന്നു: ''അവരെല്ലാവരും അനറബികളായിരിക്കും. അറബികളായി അവരിലാരും ഉണ്ടാകുകയില്ല. പക്ഷേ, അദ്ദേഹം അറബിയിൽ സംസാരിക്കുന്നതായിരിക്കും. അദ്ദേഹത്തിന് വിശുദ്ധ ഖുർആൻ ഹൃദിസ്തമാക്കിയ(ഹാഫിളുൽ ഖുർആൻ) ഒരാളുമുണ്ടായിരിക്കും. അയാൾ അദ്ദേഹത്തിന്റെ വംശത്തിൽ നിന്നായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹമൊരിക്കലും അല്ലാഹുവിനെ ധിക്കരിച്ചിട്ടുണ്ടാകുകയില്ല. അദ്ദേഹം ആ വാഗ്ദാനം ചെയ്യപ്പെട്ട ആളുടെ മന്ത്രിയും ഉത്തമനായ വിശ്വസ്തനുമായിരിക്കും.(ഫുതൂഹാത്തെ മക്കിയ, വാള്യം 3, പേജ് 364-365)

സുബ്ഹാനല്ലാഹ്! ഈ പ്രവചനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരെക്കുറിച്ചാണ് പറയപ്പെട്ടിട്ടുള്ളത്. ഹദ്റത്ത് ഹക്കീമുൽ ഉമ്മത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് ഭേരവി ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ലേക്കുള്ള വ്യക്തമായ സൂചനയാണ് ഇതിലുള്ളത്.

11. മുൽത്താനിലെ ഒരു പ്രസിദ്ധ വലിയ്യ് ഹദ്റത്ത് ശെയ്ഖ് മുഹമ്മദ് അബ്ദുൽഅസീസ് പഹാറവി(റഹ്) ദൈവിക വെളിപാടു മുഖേന അറിവ് പ്രാപിച്ച് വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യത്തിനുള്ള അടയാളമായ സൂര്യചന്ദ്രഗ്രഹണം സംഭവിക്കുന്നതിനെക്കുറിച്ച് പ്രവചനം ചെയ്തിരിക്കുന്നു:

*ദർസൻ 'ഗാശീ' ദോ ഖുർആൻ ഖാഹിദ് ബൂദ്*
*അസ്പയെ മഹ്ദിയെ ദജ്ജാൽ*
*ദോ നിശാൻ ഖാഹിദ് ബൂദ്*

അതായത് ഹിജ്റ 1311-ൽ സൂര്യനും ചന്ദ്രനും ഒരു മാസത്തിൽ ഗ്രഹണം ബാധിക്കുന്നതായിരിക്കും. ഈ രണ്ട് അടയാളം സത്യമഹ്ദിയുടേയും കള്ളദജ്ജാലിന്റേയുമിടയിൽ വ്യത്യസം കാണിക്കുന്നതിന് നിമിത്തമായിരിക്കും. ഈ പ്രവചനത്തിൽ സൂര്യനും ചന്ദ്രനും ഹിജ്റ 1311-ൽ ഗ്രഹണം ഉണ്ടാകുമെന്ന് പറയപ്പെട്ടിരിക്കുന്നു. കൃത്യം അതനുസരിച്ച് 1894-ൽ ഈ അടയാളം വെളിപ്പെട്ടു.

ഇത് മുഹ്മദിയ്യ ഉമ്മത്തി(സമുദായം)ലെ ദിവ്യാത്മക്കളുടെ മഹത്തായ പ്രവചനങ്ങളാണ്. അത് ഇക്കാലത്തെ മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ സത്യസാക്ഷ്യം ലോകത്തിന്റെ മുമ്പിൽ എന്നെന്നും വിവരിച്ചുകൊണ്ടിരിക്കുന്നതായിരിക്കും. അല്ലാഹു കഴിഞ്ഞുകടന്ന ഈ മഹാത്മാക്കൾ വിവരിച്ചിട്ടുള്ള വാർത്തകളിൽ ചിന്തിക്കാൻ മുഴുവൻ ഇസ്‌ലാമിക ലോകത്തിനും വിശാലഹൃദയം പ്രദാനം ചെയ്യുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തെ ലോകം കൂട്ടംകൂട്ടമായി സ്വീകരിക്കുമാറാകട്ടെ. ആമീൻ.

**ജമാഅത്തിന് ഉപദേശം:-**

**ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

അവസാനമായി ഞാനെന്റെ ജമാഅത്തിനെ ഉപദേശിക്കുകയാണ്. നിങ്ങൾ ശത്രുക്കൾക്കെതിരിൽ സഹനം കൈക്കൊള്ളുക. നിങ്ങൾ ചീത്ത വിളികൾകേട്ട് മൗനം പാലിക്കുക. ചീത്ത വിളി കേട്ടാൽ എന്തു നഷ്ടം സംഭവിക്കാനാണ്. ചീത്ത വിളിക്കുന്നവന്റെ സ്വഭാവം മനസ്സിലാകും. അത്രതന്നെ. ആരെങ്കിലും നിങ്ങളെ മർദിച്ചാലും നിങ്ങൾ ക്ഷമ കൈക്കൊള്ളണമെന്നാണ് ഞാൻ നിങ്ങളോടു പറയുന്നത്. അല്ലാഹുവിൽനിന്ന് അവരുടെ ഹൃദയം കഠിനമാക്കപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ അവരങ്ങനെ ചെയ്യുകയില്ലായിരുന്നു എന്ന കാര്യം ഓർക്കേണ്ടതാണ്. നമ്മുടെ ജമാഅത്ത് സമാധാനകാംക്ഷികളാണെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അവർ കലാപക്കാരായിരുന്നെങ്കിൽ എപ്പോഴും കലഹങ്ങളുണ്ടാകുമായിരുന്നു. പിന്നീട് അവരിൽ ക്ഷമയും സഹനവും കാണുമായിരുന്നില്ല. പിന്നീട് അവരും മറ്റുള്ളവരും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?................

അല്ലാഹുവിന്റെ രണ്ടു കല്പനകളുണ്ടെന്ന കാര്യം ഓർത്തുകൊള്ളുക. അവനോട് ഒന്നിനേയും പങ്കു ചേർക്കരുതെന്നതാണ് ഒന്നാമത്തേത്; അവന്റെ സത്തയിലും അവന്റെ സവിശേഷ ഗുണങ്ങളിലും അവനെ ആരാധിക്കുന്നതിലും. രണ്ടാമത്തേത് മനുഷ്യകുലത്തോടു അനുകമ്പ കാണിക്കുക എന്നതാണ്.നന്മ ചെയ്യുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സ്വന്തം സഹോദരങ്ങളോടും സ്വന്തം ബന്ധുമിത്രാദികളോടും മാത്രം ചെയ്യുക എന്നതല്ല. എല്ലാവർക്കും ചെയ്യുക. അല്ലാഹുവിന്റെ സൃഷ്ടികളായ എല്ലാവർക്കും നന്മ ചെയ്യുക. അവൻ ഹിന്ദുവാണ്, ഇവൻ ക്രിസ്ത്യാനി എന്ന ചിന്ത ഉണ്ടാകരുത്. ഞാൻ സത്യമായും പറയുന്നു: നിങ്ങളുടെ നീതി അല്ലാഹു തന്റെ കൈയിൽ എടുത്തിരിക്കുകയാണ്. നിങ്ങൾ സ്വയം ചെയ്യണമെന്ന് അവനാഗ്രഹിക്കുന്നില്ല. എത്രത്തോളം മൃദുലനയം നിങ്ങൾ സ്വീകരിക്കുന്നുവോ എത്രത്തോളം വിനയവും എളിമയും കൈക്കൊള്ളുന്നുവോ അല്ലാഹു അത്രത്തോളം നിങ്ങളിൽ സന്തുഷ്ടനായിരിക്കും. നിങ്ങളുടെ ശത്രുക്കളെ നിങ്ങൾ അല്ലാഹുവിന് ഏല്പിച്ചു കൊടുക്കുക. ഖിയാമത്ത് അടുത്തിരിക്കുകയാണ്. ശത്രുക്കളുടെ പീഢനങ്ങളിൽ ഒരിക്കലും പരിഭ്രമിക്കരുത്. ഇനി നിങ്ങൾക്ക് അവരിൽനിന്ന് ഒരുപാടു ദുഃഖങ്ങൾ സഹിക്കേണ്ടി വരുന്നതായി ഞാൻ കാണുന്നു. കാരണം സംസാകാരവൃത്തത്തിന്റെ വെളിയിലുള്ളവരുടെ നാവ്, അണക്കെട്ടുപൊട്ടി ശക്തമായി ജല പ്രവാഹമുണ്ടാകുന്നതു പോലെ ചലിക്കുന്നു. അതുകൊണ്ട് മതനിഷ്ഠയുള്ളവർ തങ്ങളുടെനാവ് അടക്കിവയ്ക്കേണ്ടതാണ്.................

നിങ്ങളുടെ ശാരീരികാവേശം നിങ്ങളുടെ ശത്രുക്കളുടേതുപോലെ തന്നെയെങ്കിൽ നിങ്ങൾതന്നെ പറയുക! നിങ്ങളും മറ്റുള്ളവരും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? എത്രാളികൾ സ്വയം ലജ്ജിതരായിത്തീരും വിധം നല്ല മാതൃക നിങ്ങൾ കാണിക്കേണ്ടതാണ്. നന്മകൊണ്ട് ശത്രുക്കളെ നാണംകെടുത്തുന്നവനാണ് വലിയ ബുദ്ധിമാനും ജ്ഞാനിയും..........

നമ്മളോടു അല്ലാഹു പറഞ്ഞിട്ടുള്ളത് മൃദുലമായും അലിവോടും കൂടി പെരുമാറുക എന്നാണ്. നിങ്ങൾക്കുണ്ടാകുന്ന എല്ലാ വിപത്തുകളും നാശങ്ങളും അല്ലാഹുവിൽ വിടുക. ഓരോ ഉപദ്രവങ്ങളിലും ക്ഷമ കൈക്കൊള്ളുകയും ഓരോന്നും അല്ലാഹുവിൽ വിടുകയും ചെയ്യുന്ന വ്യക്തിയെ അല്ലാഹു കൈയൊഴിയുകയില്ലെന്ന കാര്യം ഓർത്തുകൊള്ളുക. പരിഹസിക്കുകയും ഞാൻ പറയുന്ന കാര്യങ്ങൾകേട്ട് അവഹേളിക്കുകയും ചെയ്യുന്ന ആളുകൾ ലോകത്തുണ്ട്. എന്നാൽ, നിങ്ങൾ അത് ഗൗനിക്കേണ്ട. അവരുടെ കാര്യം അല്ലാഹു നോക്കുന്നതാണ്. മനുഷ്യൻ വയസ്സനായി പടുവൃദ്ധനാകുന്നതുപോലെ ആ അല്ലാഹു പഴഞ്ചനായിട്ടില്ല. ഹദ്റത്ത് മൂസായുടേയും ഈസായുടേയും(അ) ഹദ്റത്ത് നബി(സ)തിരുമേനിയുടേയും കാലത്തുണ്ടായിരുന്ന അതേ അല്ലാഹുതന്നെയാണ് ഇന്നുമുള്ളത്. അവന്റെ ആദ്യം മുണ്ടായിരുന്ന എല്ലാ ശക്തികളെല്ലാം ഇപ്പോഴുമുണ്ട്. എന്നാൽ, എന്തെന്നാണോ ഞാൻ പറയുന്നത് അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ നിങ്ങൾ എന്റെ ജമാഅത്തിൽപ്പെട്ടവരല്ല.........

പാപങ്ങളേയും കുറ്റങ്ങളേയും ഉപദേശങ്ങളോ എന്തെങ്കിലും തന്ത്രങ്ങളോ സൂത്രങ്ങളോ അകറ്റുകയില്ലെന്ന കാര്യം ഓർത്തു കൊള്ളുക. അതിന് ഒരു വഴിയെയുള്ളു. അതു ദുആയാണ്. അല്ലാഹു നമ്മോട് പറഞ്ഞിട്ടുള്ളത് ഇതാണ്. ഇക്കാലഘട്ടത്തിൽ നന്മചെയ്യുക എന്നതും തിന്മ ഉപേക്ഷിക്കുക എന്നതും ചെറിയ കാര്യമല്ല. ഇതൊരു വിപ്ലവം ആഗ്രഹിക്കുന്നു. ഈ വിപ്ലവം അല്ലാഹുവിന്റെ കൈയിലാണ്. ഇതു ദുആ മുഖേനമാത്രമേ നടക്കൂ...(മൽഫൂദാത്ത് വാള്യം 5 പേജ് 130 –133)

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**2015 ജൂൺ 05, വെള്ളിയാഴ്ച**

രാവിലെ 04.30ന് ഹുദൂർ ജൽസാ ഗാഹിലെ പുരുഷന്മാരുടെ ഹാളിൽ സുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി. ശേഷം താമസസ്ഥലത്തേക്ക് മടങ്ങി. രാവിലെ ഹുദൂർ വിവിധ വകുപ്പുകളിൽനിന്നു വന്ന കത്തുകൾ പരിശോധിച്ചു. വിവിധ ഓഫീസ് സംബന്ധമായ കാര്യങ്ങൾ നിർവഹിച്ചു.

40-ാം ജർമൻ ജൽസാ സാലാനയുടെ ആദ്യദിനമായിരുന്നു ഇന്ന്. 01.55ന് താമസസ്ഥലത്തു നിന്ന് പുറത്തു വന്ന ഹുദൂർ അഹ്മദിയ്യാ പതാക ഉയർത്തുന്നതിന് പുറപ്പെട്ടു. ജൽസാ ഗാഹിലെ നാലു വലിയ ഹാളുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന തുറന്ന പുൽത്തകിടിയിൽ നാട്ടിയ കൊടിമരത്തിൽ ലിവായെ അഹ്മദിയ്യത്ത് ഹുദൂർ ഉയർത്തി. ജർമൻ അമീർ സാഹിബ് ജർമൻ ദേശീയപതാകയും അതേ സമയത്ത് ഉയർത്തുകയുണ്ടായി. റബ്ബനാ തഖബ്ബൽ മിന്നാ ഇന്നക്ക അൻതസ്സമീഉൽ അലീം(ഞങ്ങളുടെ നാഥാ, ഞങ്ങളിൽനിന്ന് സ്വീകരിക്കേണമേ, നിശ്ചയമായും നീ നല്ലവണ്ണം കേൾക്കുന്നവനും അറിയുന്നവനുമാണ്) എന്ന പ്രാർഥനാ വചനം ജമാഅത്ത് സഹോദരങ്ങൾ ഈയവസരത്തിൽ ചൊല്ലിക്കൊണ്ടിരുന്നു.

രാവിലെ മുതൽ തന്നെ എം ടി എ ഇന്റർ നാഷണൽ തൽസമയ പരിപാടിയുടെ സംപ്രേഷണം ആരംഭിച്ചിരുന്നു. പതാക ഉയർത്തൽ പരിപാടിയും തൽസമയം ലോകം മുഴുവനും സംപ്രേഷണം ചെയ്യപ്പെട്ടു. തുടർന്ന് ജൽസാ ഗാഹിലേക്ക് നീങ്ങിയ ഹുദൂർ ജുമുഅ ഖുത്ബ നിർവഹിച്ചു. ഇതോടുകൂടി ജർമൻ ജൽസാ സാലാനയ്ക്ക് തുടക്കം കുറിച്ചു.

(ഹുദൂർ നിർവഹിച്ച ഈ ഖുത്ബ 2015 ജൂൺ 25-ന് പ്രസിദ്ധീകരിച്ച ബദ്ർ ഉർദുവിൽ വന്നിട്ടുണ്ട്. ലക്കം 26 )

03.00 മണിവരെ നീണ്ടുനിന്ന ഈ ഖുത്ബക്കുശേഷം ജുമുഅ നമസ്കാരത്തോടൊപ്പം അസ്ർ നമസ്കാരവും ജംഅ് ജമാഅത്തായി നിർവഹിച്ചു. തുടർന്ന് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി. ജുമുഅ ഖുത്ബ തൽസമയം എം ടി എ ഇന്റർനാഷണൽ സംപ്രേഷണം ചെയ്തു. 11 ഭാഷകളിൽ തൽസമയം ഖുത്ബ വിവർത്തനം ചെയ്യപ്പെട്ടു. അറബി, ഇംഗ്ലീഷ്, ജർമൻ, തുർക്കി, പേർഷ്യൻ, റഷ്യൻ, അൽബേനിയൻ, ബോസ്നിയൻ, ബല്ഗേറിയൻ, ബംഗ്ലാ, ഫ്രഞ്ച് ഭാഷകളിലാണ് തർജമ ചെയ്യപ്പെട്ടത്.

അറബി, ഫ്രഞ്ച്, ബംഗ്ലാ ഭാഷയിൽ എം ടി എ മുഖേന തൽസമയം ജർമനിയിൽനിന്നും ഇംഗ്ലീഷ് ലണ്ടനിൽ നിന്നും സംപ്രേഷണം ചെയ്യപ്പെട്ടു. റേഡിയോയിലൂടെയും ജർമൻ ഭാഷയിലും ഇതര ഭാഷകളിലും വിവിധ ഫ്രീക്യ്വൻസികളിൽ തർജമകൾ സംപ്രേഷണം ചെയ്തു വന്നു.

ഉച്ചക്കുശേഷവും ഹുദൂർ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളിൽ മുഴുകി.

**റഷ്യൻസംഘം ഹുദൂറിനെ കാണുന്നു**

08.00 മണിക്ക് ഹുദൂർ ഓഫീസിലെത്തി. റഷ്യൻ രാജ്യങ്ങളിൽനിന്നുള്ള 40 ആളുകളടങ്ങിയ സംഘം ജൽസാ സാലാന ജർമനിയിൽ പങ്കെടുക്കാനെത്തിയിരുന്നു. ഇവർ റഷ്യ, താത്താരിസ്താൻ, താജിക്കിസ്താനൻ, അർമേനിയ, ഉസ്ബക്കിസ്താൻ, ഖസാഖിസ്താൻ, ചെച്ച്നിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമുള്ളവരാണ്. ഇവരെല്ലാം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഇവർ തങ്ങളുടെ അനുഭവങ്ങളും വികാരങ്ങളും പ്രകടിപ്പിക്കുകയുണ്ടായി.

കൂടിക്കാഴ്ചയുടെ ആരംഭത്തിൽ ഈ സംഘാംഗങ്ങളുടെ സുഖവിവരം ഹുദൂർ അന്വേഷിച്ചു. എല്ലാ അതിഥികളേയും പരിചയപ്പെടുകയും ചെയ്തു.

ഒരു ഖസാഖ് അതിഥിയായ ഇസ്‌ലാം സാഹിബ് പറയുന്നു: ഞാൻ 2000-ലാണ് ബയ്അത്ത് ചെയ്തത്. ഞാനെന്റെ ജീവിതത്തിൽ ആദ്യമായാണ് ഹുദൂറിനെ നേരിട്ട് കാണുന്നത്.

ഖസാക്ക് രാജ്യത്തുനിന്നു വന്ന ഒരു അഹ്മദി നൂറം സാഹിബ് പറയുന്നു: ഇന്ന് ബയ്അത്ത് ചെയ്യാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇന്ന് ബയ്അത്ത് ചെയ്യാൻ ഞാനാഗ്രഹിക്കുന്നു.

ഒരു അതിഥി പറയുന്നു: കഴിഞ്ഞ വർഷം ഹുദൂർ എന്റെ ഭാര്യക്കുവേണ്ടി ഒരു മരുന്ന് നിർദ്ദേശിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ഭാര്യ സുഖത്തിലാണ്. ഞാൻ ഹുദൂറിനു നന്ദി പറയാനാഗ്രഹിക്കുന്നു.

ഒരു അതിഥി വികൂർ സാഹിബ് പറയുന്നു: ഞാൻ മുമ്പേ ക്രിസ്ത്യാനിയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 4 മാസം മുമ്പേ അഹ്മദിയ്യത്ത് സ്വീകരിച്ചു.

ജോർജിയാ, അർമേനിയ, താജിക്കിസ്താൻ, ചെച്ച്നിയാ രാജ്യങ്ങളിൽനിന്നു വന്ന അതിഥികളും തങ്ങളെ പരിചയപ്പെടുത്തി. ചെച്ച്നിയ രാജ്യത്തുനിന്നു ഒരു അഹ്മദി അനുകൂലി വന്നിരുന്നു. അദ്ദേഹത്തിന്റെ പിതാവ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയാണ്. അവിടുത്തെ ഇമാമാണ്.

ഹുദൂർ: ഇന്ന് ജൽസയുടെ ആദ്യ ദിനമാണ്. നിങ്ങളിൽ ചിലർ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. നിങ്ങൾക്ക് ജൽസയെ കുറിച്ച് എന്താണ് തോന്നുന്നത്?

അതിഥികൾ: എന്നെത്തേയും പോലെ ഞങ്ങളുടെ വികാരം വളരെ നല്ലതാണ്. നമുക്ക് ഇവിടെ വന്ന് വളരെ നല്ല സുഖം തോന്നുന്നു.

ഒരതിഥി: ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്നും സ്നേഹത്തിന്റെ മതമാണെന്നും ധാരാളം സ്നേഹിതർ പറയാറുണ്ട്. ഇസ്‌ലാം ശാന്തിയുടേയും അനുകമ്പയുടേയും മതമാണെങ്കിൽപ്പിന്നെ ഇത്ര കഠിനമായ ശിക്ഷകൾ എന്തുകൊണ്ടാണ് നല്കപ്പെടുന്നത്? എറിഞ്ഞുകൊല്ലലിന്റെ ശിക്ഷ എന്തു കൊണ്ടാണ് വെക്കപ്പെട്ടത്?

ഹുദൂർ:വിശുദ്ധ ഖുർആനിൽ ശിക്ഷകളെ കുറിച്ചുള്ള അധ്യാപനം നല്കപ്പെടുന്നതിനു മുമ്പേ യഹൂദരുടെ അധ്യാപനമനുസരിച്ചാണ് ശിക്ഷകൾ ലഭിച്ചിരുന്നത്. ഇസ്‌ലാമികാധ്യാപനത്തിൽ ശിക്ഷകളിൽ വളരെ മൃദുലതയുടെ ഭാഗവുമുണ്ട്. എന്നാൽ, പിൽക്കാലത്ത് വിശുദ്ധ ഖുർആന് ചമ്മട്ടി അടിക്കാനുള്ള ശിക്ഷയെ കുറിച്ച് മാത്രമാണ് സൂചിപ്പിച്ചിട്ടുള്ളത്.

ഹുദൂർ: ഒരു നിവേദനത്തിൽ വരുന്നു. നബി(സ) തിരുമേനിയുടെ അടുക്കൽ ഒരാൾ വന്ന് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഞാൻ വ്യഭിചരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ കൽപന എന്റെ മേലൽ നടപ്പാക്കിയാലും. നബി(സ)തിരുമേനി അയാളിൽ നിന്നു മുഖം തിരിച്ചു. അയാൾ രണ്ടാമത് അതാവർത്തിച്ചു കൊണ്ട് പറഞ്ഞു: എനിക്ക് തെറ്റുപറ്റിയിരിക്കുന്നു. നബി(സ)തിരുമേനി വീണ്ടും മുഖം തിരിച്ചു. അയാൾ വീണ്ടും തനിക്ക് തെറ്റുപറ്റിയെന്ന് പറയുകയും തന്റെ മേൽ അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ കൽപന നടപ്പാക്കിയാലും എന്നറിയിക്കുകയും ചെയ്തു. നാല് പ്രാവശ്യം അയാൾ ഇതുതന്നെ ആവർത്തിച്ചുകൊണ്ടിരുന്നു. അപ്പോൾ നബി(സ)തിരുമേനി അയാളെ കല്ലെറിഞ്ഞ് ശിക്ഷിക്കാൻ കൽപ്പിച്ചു. അങ്ങനെ അയാളുടെമേൽ കല്ലുകൾ പതിച്ച് മുറിവേറ്റപ്പോൾ അത് അയാൾക്ക് സഹിക്കാൻ പറ്റാതായി. അവിടെ നിന്നും ഓടി. ജനങ്ങൾ അദ്ദേഹത്തെ പിടിച്ച് കൊലപ്പെടുത്തി. പിന്നീട് ഇക്കാര്യം ഇവർ നബി(സ)തിരുമേനി യോട് വിവരിച്ചു. നബി(സ)തിരുമേനി അവരോട് പറഞ്ഞു: നിങ്ങൾ അദ്ദേഹത്തെ എന്തുകൊണ്ട് വിട്ടുകളഞ്ഞില്ല. ഒരുപക്ഷേ അയാൾ പശ്ചാത്തപിക്കുകയും അല്ലാഹു അയാളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യുമായിരുന്നു.

ഇങ്ങനെയുള്ള(നിങ്ങൾ സൂചിപ്പിച്ച) നിവേദനങ്ങളുമുണ്ട്. തീവ്രവാദികൾ ഈ നിവേദനങ്ങളെയാണ് കൈക്കൊണ്ടത്. വിശുദ്ധ ഖുർആനിൽനിന്ന് ഇത്തരം കാര്യങ്ങളൊന്നും സ്ഥാപിതമല്ല. ഇങ്ങനേയും നിവേദനമുണ്ട്. നബി(സ)തിരുമേനിയുടെ അടുക്കൽ ഒരാൾ വന്ന് പറഞ്ഞു: എന്നിൽനിന്നു അല്ലാഹുവിന്റെ വിധിവിലക്കിനെതിരിൽ ചെയ്തി വന്നു പോയിരിക്കുന്നു. എന്റെമേൽ അല്ലാഹുവിന്റെ കൽപന നടപ്പിലാക്കിയാലും. നബി(സ) തിരുമേനി അയാളോട് ഒന്നും ചോദിച്ചില്ല. ഇതിനു ശേഷം നമസ്കാരത്തിനു സമയമായി. നബി(സ) തിരുമേനി നമസ്കരിപ്പിച്ചു. നമസ്കാര ശേഷം അയാൾ വീണ്ടും നബി(സ) തിരുമേനിയുടെ അടുക്കൽ ഹാജരായി തന്നിൽനിന്ന് അല്ലാഹുവിന്റെ വിധി വിലക്കിനെതിരിൽ പ്രവൃത്തി ഉണ്ടായിരിക്കുന്നു. എന്റെ മേൽ അല്ലാഹുവിന്റെ കൽപന നടപ്പിലാക്കിയാലും എന്നു പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ നമ്മോടൊപ്പം നമസ്കരിച്ചിട്ടില്ലേ? അയാൾ പറഞ്ഞു: അതെ, നമസ്കരിച്ചിട്ടുണ്ട്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അപ്പോൾ അല്ലാഹു നിങ്ങളുടെ പാപം ക്ഷമിച്ചു തന്നിരിക്കുന്നു.

ഇസ്‌ലാം മുന്നോട്ട് വെക്കുന്ന ശിക്ഷകൾ കഠിനതരമാണെന്നതു പോലെതന്നെ വളരെയധികം ലളിതവുമാണ്. നബി(സ)തിരുമേനി അടിമുടി സകല ലോകത്തിനും കാരുണ്യമായിരുന്നു.

മുമ്പേ ക്രിസ്തുമത വിശ്വാസിയും ഈ വർഷം മാർച്ചിൽ അഹ്മദിയ്യത്ത് സ്വീകരിക്കാൻസൗഭാഗ്യം ലഭിച്ചതുമായ ഒരു റഷ്യൻ സുഹൃത്ത് ഹുദൂറുമായി കൂടിക്കാഴ്ച നടത്തുന്നതിന് വളരെയധികം പ്രതീക്ഷയിലായിരുന്നു. ഈ അനുഗൃഹീത അവസരത്തിൽ അദ്ദേഹത്തിന് തന്റെ സന്തോഷം അടക്കാൻ സാധിക്കുന്നുണ്ടായിരുന്നില്ല. ഫോട്ടോ എടുക്കുന്നതിനു മുമ്പേ അദ്ദേഹം ഹുദൂറിന്റെ തിരുകരം സ്നേഹാവേശത്താൽ ചുംബിച്ചുക കൊണ്ടു പറഞ്ഞു: എന്റെ ജീവിതത്തിന്റെ ആകെ സന്തോഷത്തിന്റെ മേൽ ഇന്നത്തെ ഈ സന്തോഷനിമിഷങ്ങൾ ഭാരിച്ചതാണ്. കേവലം മൂന്ന് മാസങ്ങൾക്കുള്ളിൽ പ്രിയപ്പെട്ട ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള സൗഭാഗ്യം ലഭിക്കുമെന്ന് എന്റെ ചിന്തയിൽപോലും ഉണ്ടായിരുന്നില്ല. ഭിന്നശേഷിക്കാരനായ തന്റെ കുട്ടിയോടൊപ്പം ഒരു സ്ത്രീ വന്നിരുന്നു. ഹുദൂർ അവരുടെ കുട്ടിയെ തന്റെ തിരുകൈകൊണ്ട് പിടിച്ച് നില്ക്കാൻ സഹായിച്ചു. തന്റെകൂടെ നിറുത്തി. അപ്പോൾ അവരുടെ വികാരത്തെ നിയന്ത്രിക്കാൻ അവർക്ക് സാധിച്ചില്ല. ഏകദേശം അരമണിക്കൂറോളം കരഞ്ഞുകൊണ്ടിരുന്നു. ഇത്രയും അനുഗൃഹീതനായ ഒരു മനുഷ്യനെ തന്റെ ജീവിതത്തിൽ കാണാൻ കഴിയുമെന്ന് ഒരിക്കലും ചിന്തിച്ചിരുന്നില്ല. ഇത്രയധികം സ്നേഹവും അനുകമ്പയും ലഭിക്കുമെന്നും ഒരിക്കലും വിചാരിച്ചിരുന്നില്ല. ഭിന്നശേഷിക്കാരനായ ആ കുട്ടിക്ക് 11 വയസ്സുണ്ട്. നടക്കാൻ കഴിയില്ലെങ്കിലും എല്ലാ കാര്യവും മനസ്സിലാക്കുന്ന കുട്ടിയായിരുന്നു അവൻ. സൂചനകളിലൂടെ കുറച്ചു കാര്യങ്ങൾ മറുപടി നല്കിക്കൊണ്ടിരുന്നു.

ഹുദൂറുമായുള്ള കൂടിക്കാഴ്ചക്കുശേഷം എന്തു തോന്നുന്നുവെന്ന് അന്വേഷിച്ചപ്പോൾ 'ഖറാശൂ' എന്ന് മറുപടി നല്കി. അതായത്, വളരെ നല്ല തായിരുന്നു.

2000ൽ ബയ്അത്ത് ചെയ്ത ഒരു യുവാവ് ഖസാക്കിസ്താനിൽനിന്നു വന്നിരുന്നു. വളരെ ആത്മാർഥനായ ഇദ്ദേഹം ആദ്യമായാണ് ഹുദൂറിനെ നേരിട്ട് കാണുന്നത്. അദ്ദേഹം പറയുന്നു: 'ഹുദൂറുമായി കൂടിക്കാഴ്ച നടത്തുന്ന വേളയിൽ ജീവിതത്തിൽ ആദ്യമായി സംസാരിക്കാൻ കഴിയാത്ത അവസ്ഥ എനിക്ക് തോന്നി. കാരണം, അല്ലാഹുവിന്റെ ഖലീഫ ഏതാനും സ്റ്റെപ്പുകൾക്ക് മുന്നിൽ നില്ക്കുന്നു എന്ന വിചാരം ഉണ്ടായപ്പോൾ എന്റെ മേൽ ആദരയുക്തമായ ഒരാത്മീയ ഭയമുണ്ടായി. മെല്ലെ മെല്ലെ ഈ അവസ്ഥ നിങ്ങിക്കൊണ്ടിരുന്നു. സീമാതീതമായ സ്നേഹം അതിന്റെ സ്ഥാനത്തുണ്ടായി. ഫോട്ടോ എടുക്കാൻവേണ്ടി ഹുദൂർ വിളിച്ചപ്പോൾ അനിയന്ത്രിതമായി ഹുദൂറുമായി ഒട്ടിച്ചേരണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു. വളരെ പ്രയാസപ്പെട്ട് ഞാൻ എന്നെ നിയന്ത്രിച്ചു. ഈ ശ്രമത്തിൽ ഹുദൂറിന്റെ മുട്ട് ഞാൻ അതിശക്തമായി ഞെക്കിപ്പിടിച്ചിരിക്കുന്നതായി എനിക്കുതോന്നി.

മുമ്പേ റഷ്യയുടെ ഭാഗമായിരുന്ന താത്താരിസ്താനിൽ നിന്നു ഗുൽനാറ സാഹിബ ആദ്യമായി ജൽസയിൽ പങ്കെടുക്കാൻ എത്തിയിരുന്നു. അവർ പറയുന്നു: ആദ്യമായാണ് ഞാനൊരു ജൽസയിൽ പങ്കെടുക്കുന്നത്. എനിക്ക് ഈ ജൽസ പുതിയൊരു പരിചയമാണ് നല്കിയത്. ഈ ജൽസ എന്റെ വിശ്വാസത്തിന് വളരെ ശക്തി പകർന്നു. ഹുദൂർ ഏതു ഭാഗത്തേ്ക്കു പോയാലും അവിടെ എത്തി ഹുദൂറിന് സലാം പറയാൻ ഓരോരുത്തരും ശ്രമം നടത്തിക്കൊണ്ടിരുന്നു. ഈ സ്നേഹം ഇരുഭാഗത്തു നിന്നുമുള്ളതായിരുന്നു. ഹുദൂർ ആരുടെയെങ്കിലും സലാമിന് മറുപടി നല്കുമ്പോൾ അതിന്റെ സന്തോഷം കാണേണ്ടതു തന്നെയാണ്. മുസ്‌ലിമീങ്ങളുടെ ഇത്രയും വലിയ സംഗമം എന്റെ ജീവിതത്തിൽ ഞാനാദ്യമാണ് കാണുന്നത്. ഇതിൽ എല്ലാവരും ഒരേയൊരു ലക്ഷ്യവുമായാണ് ഒത്തുകൂടിയിരുന്നത്. സർവ സംവിധാനങ്ങളും പ്രവർത്തനങ്ങളും കണ്ടപ്പോൾ ഞാൻ വളരെ വിസ്മയത്തിലായിരുന്നു. ഒരു സംവിധാനത്തിന് കീഴിൽ ഇതെല്ലാം എങ്ങനെ നടക്കുന്നു. ഇത്രയും വലിയ ജനസഞ്ചയത്തിൽ ഒരു വ്യവസ്ഥാരാഹിത്യവും കാണപ്പെടുന്നില്ല. അടുത്ത വർഷത്തെ ജൽസയിലും വരാൻ ശ്രമിക്കണമെന്ന മോഹമുണ്ടാകുംവിധം ഈ ജൽസ എനിക്ക് രുചികരമായി.

മോസ്കോയിൽനിന്ന് ഗസ്സാൻ സാഹിബ് തന്റെ സഹധർമ്മിണിയോടൊപ്പം വന്നിരുന്നു; ഇവരുടെ മകൻ ഫ്രാൻസിൽനിന്നും. സിറിയക്കാരനായ ഗസ്സാൻ സാഹിബ് മോസ്കോയിലാണ് താമസിക്കുന്നത്. 2010-ൽ തന്റെ രണ്ടാമത്തെ റഷ്യൻ ഭാര്യയോടും മക്കളോടുമൊപ്പം ബയ്അത്ത് ചെയ്യാൻ അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചു. ഗസ്സാൻ സാഹിബ് ഈ വർഷം ആദ്യമായാണ് ജർമൻ ജൽസാ സാലാനയിൽ പങ്കെടുക്കുന്നത്. യു.കെ. ജൽസാസാലാനയിൽ രണ്ടു പ്രാവശ്യം പങ്കെടുത്തിരുന്നു. ഈ ജൽസയും അദ്ദേഹത്തിൽ വളരെയധികം സ്വാധീനമുളവാക്കി. എല്ലാ പരിപാടികളും പ്രവർത്തനങ്ങളും വളരെ ഇഷ്ടമായി. വിശിഷ്യ ഹുദൂർ അൻവറിന്റെ പ്രഭാഷണം വളരെ വളരെ ആകർഷണീയതയുണ്ടാക്കി. ഹുദൂറിനോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും ബന്ധവും വളരെയധികം ആനന്ദകരമായിരുന്നു. കൂടിക്കാഴ്ചകൾക്കിടയിൽ ഇടക്കിടെ ഹുദൂറിന്റെ അനുഗൃഹീത കരങ്ങൾ ചുംബിക്കുകയും തന്റെ ശരീരത്തോട് ചേർത്തു പിടിക്കുകയും ചെയ്തിരുന്നു.

ഈ വർഷം ഹോളണ്ടിൽ പഠിക്കുന്ന അദ്ദേഹത്തിന്റെ ആദ്യ ഭാര്യയിലെ ഒരു മകനും വന്നിരുന്നു. അദ്ദേഹം തന്റെ ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ബയ്അത്ത് ചെയ്യാൻ ഭാഗ്യം സിദ്ധിച്ച വ്യക്തിയാണ്.

സ്വീഡനിൽനിന്നുള്ള ഒരു റഷ്യൻ സുഹൃത്ത് ആയിത്തോറെ സാഹിബും തന്റെ കുടുംബത്തോടൊപ്പം ജൽസയിൽ പങ്കെടുക്കാനെത്തിയിരുന്നു. ഈ കുടുംബം 2013-ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. എന്നാൽ, ഇതുവരെ ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ സാധിച്ചിരുന്നില്ല. ഹുദൂർ അൻവറിന്റെ തിരക്കുകളെ കുറിച്ച് അവർ ബോധവാന്മാരായിരുന്നു. അതുകൊണ്ട് ഹുദൂറുമായി കൂടിക്കാഴ്ച നടത്തുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹം പറയുന്നു: ഹുദൂർ വളരെയധികം തിരക്കിലാണ്. കൂടിക്കാഴ്ചയ്ക്കും ചുരുങ്ങിയത് സംസാരിക്കാനെങ്കിലും സാധിച്ചില്ലെങ്കിലും നമസ്കാരങ്ങൾക്കും ജൽസാ ഗാഹിലേക്കുള്ള വരവിലും ഹുദൂറിനെ ഞങ്ങൾ കാണുമായിരുന്നു.

എന്നാൽ, ജൽസക്കിടെ അവർക്ക് ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ സാധിച്ചു. കൂടിക്കാഴ്ച അവസാനിച്ചപ്പോൾ പുറത്തുവന്ന് വളരെ വികാരാവേശത്തോടെ പറഞ്ഞു: ഇന്ന് എന്റെ ജീവിതത്തിലെ ഏറ്റവും സൗഭാഗ്യം നിറഞ്ഞ ദിനമാണ്. ഞങ്ങൾ ഹുദൂറിനെ അത്രയധികം സമീപത്തുനിന്നു കണ്ടു. ഹുദൂർ ഹസ്തദാനവും നല്കി. ഫോട്ടോയും എടുത്തു.

സ്വീഡൻ മുബല്ലിഗ് പറയുന്നു: ഈ വിനീതൻ അവരെ സിറിയൻ ഭക്ഷണഹാളിലേക്ക് ആനയിച്ചു. ഇവർ വളരെ വേഗത്തിൽ മുന്നോട്ട് നടക്കാൻ തുടങ്ങി. ഞാൻ പിന്നില് നിന്നു പറഞ്ഞു: 'ഞാനും കൂടെ വരട്ടെ. വേഗത്തിൽ പോവുകയാണല്ലോ.'

അപ്പോൾ അവർ പറഞ്ഞു: ഇന്ന് എന്നിൽ ഒരു ശക്തി വന്നിരിക്കുന്നു. എന്റെ രണ്ടാമത്തെ ജനനം സംഭവിച്ചിരിക്കുന്നു എന്ന് തോന്നുന്നു.

ഭക്ഷണ ശേഷം ഈ വിനീതൻ പറഞ്ഞു: നമസ്കാരങ്ങളും ഹുദൂറിനോടൊപ്പം നിർവഹിച്ചു. ഇനി രാത്രിയിലേക്ക് ഇതു മതിയാകും. നിങ്ങൾ ക്ഷീണിച്ചിട്ടുണ്ടാകും. ഇനി ഹോട്ടലിലേക്ക് പോകാം.

അപ്പോൾ അദ്ദേഹം പറഞ്ഞു: ചായ കുടിക്കാം, എന്നിട്ട് പോകാം.

ഈ വിനീതൻ പറഞ്ഞു: തീർച്ചയായും ചായ കുടിക്കാം. എന്നാൽ, താങ്കളുടെ ഹോട്ടലിലും ചായക്ക് ഏർപ്പാടുണ്ട്. അവിടേയും താങ്കൾക്ക് ചായ കുടിക്കാവുന്നതാണ്.

അപ്പോൾ അദ്ദേഹം പറഞ്ഞു: അങ്ങനെയല്ല, ജൽസയിലെ ചായയുടെ രുചി മറ്റെവിടേയും കിട്ടില്ല. ഞാനിക്കാര്യം വെറുതേ പറഞ്ഞതല്ല, ഏതെല്ലാം സ്ഥലങ്ങളിൽ ഹുദൂറിന്റെ തിരുപ്പാദം പതിയുന്നുവോ അവിടുത്തെ വെള്ളം അനുഗൃഹീതമായിത്തീരുന്നു. ഇവിടുത്തെ വെള്ളം അനുഗൃഹീതമായതു കാരണം ഇതുപോലെയുള്ള രുചി മറ്റെവിടേയും ഉണ്ടാകില്ല.

ജൽസയുടെ അവസാന ദിനത്തിൽ ഞങ്ങൾ സ്വന്തം വണ്ടിയിലേക്ക് മടങ്ങി വന്നപ്പോൾ ജൽസാ ഗാഹിന്റെ വെളിയിൽ ജനങ്ങളുടെ തിരക്ക് കണ്ടു. അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ എന്നോട് ചോദിച്ചു. ''ഇവിടെ ഇത്രയധികം ആളുകൾ കൂടി നിൽക്കാൻ കാരണമെന്താണ്? ഞാൻ പറഞ്ഞു: ഹുദൂർ ഇവിടെ നിന്ന് മടങ്ങാൻ പോവുകയാണ്. അതുകൊണ്ട് ആളുകൾ ഹുദൂറിനെ ദർശിക്കാൻ നില്ക്കുകയാണ്. ഇതു കേട്ടപാടേ തന്റെ മകന്റേയും മകളുടേയും സാധനങ്ങൾ സ്വന്തം കൈകളിൽ വാങ്ങിക്കൊണ്ട് അവരോട് മാതാവ് പറഞ്ഞു 'ഓടിപ്പോ, നിങ്ങളും അവിടെ പോയി നിൽക്ക്. ഹുസൂറിനെ ദർശിക്കുവിൻ. പതിനൊന്നും പന്ത്രണ്ടും വയസ്സുള്ള മക്കളോട് അവർ പറഞ്ഞു: 'പെട്ടെന്ന് പോവുക, കാരണം ഏതാനും സെക്കന്റുകളേ കാണാൻ കിട്ടുകയുള്ളൂ.'

കുട്ടികൾ വേഗത്തിൽ പോകുമ്പോൾ പിന്നിൽനിന്ന് അവർ ഉച്ചത്തിൽ വിളിച്ച് പറയുന്നുണ്ടായിരുന്നു, ഓടിപ്പോകുക.' ശേഷം അവരും അവിടെ എത്തി കുട്ടികളോടൊപ്പം ഹുദൂറിനു വേണ്ടി കാത്തുനിന്നു. കുട്ടികൾ അങ്ങോട്ടും ഇങ്ങോട്ടും ദൃഷ്ടി പായിച്ചപ്പോൾ അവരുടെ മുഖം ഹുദൂർ വരാൻ സാധ്യതയുള്ള വാതിലിലേക്ക് തിരിപ്പിച്ചുകൊണ്ട് പറഞ്ഞു: ''അവിടേക്ക് നോക്ക്, ഹുദൂർ ഏതു നിമിഷവും വരാം.''

മറ്റൊരു സ്മരണീയമായ സംഭവമുണ്ട്. ആയീതോറെ സാഹിബിന്റെ വലതു കാലിന്റെ നെർവുകൾക്ക് ചില പ്രശ്നങ്ങളുണ്ടായിരുന്നു. അതു കാരണത്താൽ സ്വീഡനിൽനിന്നു ജർമനിയിലേക്ക് വരുന്ന സമയത്ത് ഓരോ മണിക്കൂറിനുശേഷവും കാലിന് ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് വണ്ടി നിറുത്താൻ പറയുമായിരുന്നു. കുറച്ചു സമയം നടന്നതിനുശേഷം മാത്രമേ യാത്ര തുടരാൻ സാധിച്ചിരുന്നുള്ളു. എന്നാൽ, ജൽസ കഴിഞ്ഞ് പോകുമ്പോൾ തുടർച്ചയായി 17 മണിക്കൂർ യാത്രയിലും എവിടെവെച്ചും ഒരിക്കൽ പോലും കാലിന്റെ ബുദ്ധിമുട്ട് സൂചിപ്പിച്ചുകൊണ്ട് വണ്ടി നിറുത്താന് പറഞ്ഞില്ല. ഉന്മേഷവാനായി യാത്ര തുടർന്നു വന്നു.

വീട്ടിനോടടുത്തപ്പോൾ ഈ വിനീതൻ അദ്ദേഹത്തോട് ഇക്കാര്യം അന്വേഷിച്ചു: ''എന്തു പറ്റി. താങ്കൾ തിരിച്ചു വരുമ്പോൾ എവിടെവെച്ചും കാലിന്റെ ബുദ്ധിമുട്ട് സൂചിപ്പിച്ചില്ലല്ലോ. വണ്ടി നിറുത്താനും പറഞ്ഞില്ലല്ലോ?

ഈ അന്വേഷണം കേട്ടപാടേ അദ്ദേഹം തിരിഞ്ഞ് പിൻസീറ്റിലിരുന്ന തന്റെ സഹധർമ്മിണിയെ വിസ്മയത്തോടെ നോക്കിക്കൊണ്ട് പറഞ്ഞു: 'ശരിയാണല്ലോ, എന്റെ കാലിന് ബുദ്ധിമുട്ടുള്ളതായുള്ള ഓർമപോലും എനിക്കില്ലായിരുന്നു. ഇത് തീർച്ചയായും ഹുദൂറിന്റെ സാന്നിധ്യത്തിന്റെ അനുഗ്രഹമാണ്. എനിക്ക് ബുദ്ധിമുട്ടുണ്ടായില്ലെന്ന് മാത്രമല്ല, ഈ ബുദ്ധിമുട്ടിനെ കുറിച്ച് ഓർമപോലും ഇല്ലായിരുന്നു.

കൂടിക്കാഴ്ചയുടെ ഒടുവിൽ എല്ലാ അംഗങ്ങളും പ്രിയപ്പെട്ട ഇമാമുമൊത്ത് ഫോട്ടോ എടുത്ത് സായൂജ്യരായി. ഈ സംഘത്തിലെ എല്ലാവർക്കും ഹുദൂർ പേനകൾ നല്കി. കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി.

## • അല്ലാഹുവിന്റെ കലാം •

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ." (വിശുദ്ധ ഖുർആൻ 3:148)**

## • കലാമുൽ ഇമാം •

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

ത്വാലിബെ ദുആ: NEWTECH. INTERNATIONAL(P)LTD
SRINGILS AND GLASS WORK ,ERNAKULAM. CONT: 79025 95215

ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA CONT: 80752 22792

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 09-16 March 2023 Issue-10-11

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

**ക്രൊയേഷ്യൻ സംഘം ഹുദൂറിനെ കാണുന്നു**

08.35ന് ക്രൊയേഷ്യയിൽനിന്നു വന്ന 8 അംഗ സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. എല്ലാവരും തങ്ങളെ നേരിട്ട് പരിചയപ്പെടുത്തി. ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ സാധിച്ചതിലുള്ള സന്തോഷം പ്രകടിപ്പിച്ചു.

ഒരു വനിതാംഗം ചോദിച്ചു: ഖലീഫയായതു മുതൽ അങ്ങയുടെ ജീവിതം എങ്ങനെയാണ് മാറിയത്. ഇത് അങ്ങയുടെ കുടുംബത്തിൽ എത്രയധികം സ്വാധീനമുളവാക്കിയിട്ടുണ്ട്?

ഹുദൂർ അൻവർ: വളരെയധികം വ്യത്യാസം സംഭവിച്ചു. എന്റെ ദിനേനയുള്ള പ്രവർത്തനങ്ങൾ ഇന്നത്തെ രീതിയിൽനിന്നു തികച്ചും വ്യത്യസ്തമായിരുന്നു. രാവിലെ മുതൽ വൈകുന്നേരംവരെ ഞാൻ ചെയ്യുന്നതെല്ലാം ജമാഅത്തിന്റെ സേവനങ്ങളാണ്. വളരെ വലിയ മാറ്റമാണ് സംഭവിച്ചത്. എനിക്ക് ശീലമില്ലാത്ത പ്രവൃത്തികൾ എനിക്ക് ചെയ്യേണ്ടി വന്നു. എനിക്ക് ഓർമ പോലുമില്ല. വളരെ അപൂർവ്വമായാണ് മുമ്പേ ഞാനെന്തെങ്കിലും പ്രസംഗമോ പ്രഭാഷണമോ ചെയ്തിട്ടുള്ളത്. അല്ലെങ്കിൽ സ്റ്റേജിൽ കയറിയിട്ടുള്ളത്. എന്നാലിപ്പോൾ ചിന്തിക്കാൻ സാധിക്കുന്നതിലും അധികമാണുള്ളത്.

ഒരു സ്ത്രീ: ഞാൻ ക്രിസ്ത്യാനിയാണ്. എന്റെ ദൃഷ്ടിയിൽ വിശുദ്ധ ഖുർആൻ ഒരു സത്യമാണ്. ബൈബിളിനെ അപേക്ഷിച്ച് എന്റെ ഹൃദയത്തോടു കൂടുതൽ അടുത്ത് നില്ക്കുന്നത് ഇതാണ്. ഇതു രണ്ടും ഞാൻ വായിച്ചു വരുന്നു. ഓരോ ദിവസവും വിലയിരുത്തൽ നടത്തുന്നു. ഇത് വളരെ ഹൃദയസ്പൃക്കായ പ്രവൃത്തിയാണ്.

ഹുദൂർ പഠനകാര്യങ്ങളെ കുറിച്ച് അന്വേഷിച്ചപ്പോൾ അവർ പറഞ്ഞു: നിയമം പഠിക്കുന്നു. ഒഴിഞ്ഞ സമയങ്ങളിൽ വായിക്കുന്നു. വായനാശീലം വളരെ ഹൃദയസ്പൃക്കായ കാര്യമാണ്. ഉദാഹരണമായി, പന്നി ഇറച്ചി കഴിക്കൽ ബൈബിൾ നിഷിദ്ധമാക്കിയിട്ടുണ്ടെന്ന് എന്റെ സ്നേഹിതരോട് പറയാറുണ്ട്. എന്നാലിത്, ആരും അറിയുന്നില്ല.

അഹ്മദികളെ കുറിച്ച് എനിക്ക് ഒരു കാര്യം മനസ്സിലായില്ല. അവർ വാഗ്ദത്ത മസീഹിന്റേയും അദ്ദേഹത്തിന്റെ ഖലീഫമാരുടേയും ഫോട്ടോകൾ ഭിത്തികളിൽ തൂക്കിയിടുന്നു. വാഗ്ദത്ത മസീഹ് ആത്മീയ വ്യക്തിത്വമാണെന്ന് എനിക്കറിയാം. എന്നാൽ, എന്നെ സംബന്ധിച്ചിടത്തോളം ഫോട്ടോകൾക്ക് എന്തെങ്കിലും ആത്മീയ സ്ഥാനമില്ലെന്നതാണ്. ഉദാഹരണമായി ഈസാനബി(അ)യേയോ മുഹമ്മദ് നബി(സ)യേയോ അംഗീകരിക്കുന്നതിന് അവരുടെ ഫോട്ടോയുടെ ആവശ്യമില്ല.. അതായത്, ആരുടെയടുക്കലും ദൈവത്തിന്റെ ഫോട്ടോ ഇല്ലെങ്കിലും നാം അവരിൽ വിശ്വാസം പുലർത്തുന്നുവെങ്കിൽ പിന്നെ ഫോട്ടോ വെക്കേണ്ട ആവശ്യമെന്താണ്?

ഹുദൂർ അൻവർ: ഈ ഫോട്ടോകൾ അവരോടുള്ള സ്നേഹത്തിന്റെ പുറത്താണ് തൂക്കിയിടുന്നത്. താങ്കൾ സ്വന്തം കുടുംബത്തിന്റെ ഫോട്ടോ തൂക്കുന്നതുപോലെ. അതുകൊണ്ട് ഇത് തികച്ചും മറ്റൊരു കാര്യമാണ്. എന്നാൽ, ഈ ചിത്രങ്ങൾ എന്തെങ്കിലും ആത്മീയസ്ഥാനം അലങ്കരിക്കുന്നുവെന്ന് കരുതപ്പെടുന്നുണ്ടെങ്കിൽ അത് തികച്ചും തെറ്റാണ്. ചിത്രങ്ങളിൽ അത്തരത്തിലുള്ള ഒന്നുമില്ല. അതുകൊണ്ട് നമ്മുടെ ജമാഅത്തിൽ കർമശാസ്ത്രത്തിനു വേണ്ടി ഒരു കമ്മിറ്റി സ്ഥാപിച്ചിട്ടുണ്ട്. വളരെ വർഷങ്ങൾക്കു മുമ്പേതന്നെ അവർ ഇക്കാര്യത്തെ കുറിച്ചുള്ള മതവിധി പ്രഖ്യാപിച്ചിട്ടുണ്ട്. എവിടെയെങ്കിലും എന്തെങ്കിലും നേട്ടമുണ്ടാക്കാനോ അല്ലെങ്കിൽ മുന്നില് കുമ്പിടുന്നതിനോ വേണ്ടി ഫോട്ടോ തൂക്കുന്നെങ്കിൽ അത് തൂക്കാൻ അനുവാദം ഉണ്ടാകുന്നതല്ല. വാഗ്ദത്ത മസീഹിന്റെ ഫോട്ടോ ആണെങ്കിലും അനുവാദം ഉണ്ടാകുന്നതല്ല.

എന്റെ വിചാരത്തിൽ മസീഹ് രണ്ട് പേരുണ്ടെന്നത് ഹൃദയസ്പൃക്കായ കാര്യമാണ്. ഒന്ന് ഹദ്റത്ത് മൂസാനബി(അ)യുടെ മസീഹ്. ഒന്ന് മുഹമ്മദുനബി(സ)യുടെ മസീഹും. മസീഹെ മൂസായും മസീഹെ മുഹമ്മദിയും നബിമാരാണെന്നും ഞങ്ങൾ മനസ്സിലാക്കുന്നു. ഞാൻ ഈസാ(അ)നെ നബിയാണെന്ന് വിശ്വസിക്കുന്നു. രണ്ടു പേരുടേയും ഫോട്ടോകളുണ്ട്. ഹദ്റത്ത് ഈസാ നബി(അ)ന്റെ ഫോട്ടോ മസീഹിനെ പുതപ്പിച്ച തുണിയോടൊപ്പമാണ്. എന്റെ വിശ്വാസം അനുസരിച്ച് ഇത് യഥാർഥ ചിത്രമാണെന്നാണ്. മറുഭാഗത്ത് ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ ഫോട്ടോയും ഇന്നു വരെ സുരക്ഷിതമാണ്.

ചില അവസരങ്ങളിൽ ഇങ്ങനേയും സംഭവിച്ചിട്ടുണ്ട്. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) എല്ലാ സ്ഥലങ്ങളിലും തന്റെ ഫോട്ടോ പ്രദർശിപ്പിക്കുന്നതിനെ ഇഷ്ടപ്പെട്ടിരുന്നില്ല. ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു ആത്മാർഥനായ സ്വഹാബി(റ) ആ മഹാത്മാവിന്റെ ഫോട്ടോ പോസ്റ്റ് കാർഡിൽ പ്രസിദ്ധീകരിച്ചു. അക്കാലഘട്ടത്തിൽ പോസ്റ്റ് കാർഡുകൾ അയക്കുന്ന ശീലമുള്ള കാര്യം താങ്കൾക്കറിയാമല്ലോ. വാഗ്ദത്ത മസീഹ്(അ) ഇതറിഞ്ഞപ്പോൾ ആ കാർഡുകളെല്ലാം കത്തിച്ചു കളയാൻ നിർദ്ദേശിച്ചു. അതുകൊണ്ട് കേവലം ഫോട്ടോക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല. എന്നാൽ, ഇങ്ങനേയും ചിലരുണ്ട്. ചിലരുടെ മുഖം കണ്ടുകൊണ്ട് അയാളുടെ സത്യത തിരിച്ചറിയുന്നു. യൂറോപ്പിലും ആഫ്രിക്കയിലും ധാരാളംപേരെ ബയ്അത്തിലേക്ക് നയിച്ചത് ഇതു മുഖേനയായിരുന്നു. സ്വപ്നത്തിൽ അവർ ആരെയോ കണ്ടാതായും ആ വ്യക്തിയെ തങ്ങൾക്കറിയില്ലായിരുന്നു എന്നും തന്നോടൊപ്പം കൂടിക്കൊള്ളാൻ സ്വപ്നത്തിൽ വന്ന വ്യക്തി പറയുകയോ എന്തെങ്കിലും ഒരു വഴി കാണിച്ചു കൊടുക്കുകയോ ചെയ്തെന്നും അവർ എനിക്ക് എഴുതിയിരുന്നു. ശേഷം ഏതോ അഹ്മദി സ്നേഹിതൻ ഈ ചിത്രം അവരെ കാണിച്ചപ്പോൾ സ്വന്തം വീട്ടിലേക്ക് കൊണ്ടു പോകുകയും ചെയ്തു. ഏതോ മാഗസീനിലോ മറ്റോ പ്രസിദ്ധീകൃതമായ ചിത്രമായിരുന്നു അത്. സ്വപ്നത്തിൽകണ്ട അതേ വ്യക്തിയാണ് ഇതെന്ന് അവർ തുറന്നു പറയുകയുണ്ടായിട്ടുണ്ട്. മുഖം കണ്ടുകൊണ്ട് കാര്യങ്ങൾ മനസ്സിലാക്കുന്ന ചിലരുണ്ട്. ഫോട്ടോ കണ്ടുകൊണ്ട് വളരെയധികം കാര്യങ്ങൾ മനസ്സിലാക്കി എടുക്കുന്ന ചിലരുമുണ്ട്. അതുകൊണ്ട് ഇതു തന്നെയാണ് കാര്യം. ഇതല്ലാതെ മറ്റ് പ്രയോജനമൊന്നുമില്ല. ഇതു മുഖേന ആത്മീയത വർധിക്കുമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അതൊരിക്കലും സംഭാവ്യമല്ല. ഞാൻ സ്വയവും ഇത് ഇഷ്ടപ്പെടുന്നില്ല. 2006-ൽ ഓസ്ട്രേലിയായിൽ പോയപ്പോൾ അവിടുത്തെ ജമാഅത്ത് അവിടുത്തെ പോസ്റ്റൽ വിഭാഗവുമായി ബന്ധപ്പെട്ട് എന്റെ ഫോട്ടോയോടൊപ്പം ഒരു സ്റ്റാമ്പ് പുറത്തിറക്കിയിരുന്നു. എനിക്കറിയാൻ കഴിഞ്ഞപ്പോൾ ഞാനതെല്ലാം നശിപ്പിക്കാൻ പറഞ്ഞിരുന്നു.

മറ്റൊരു സംഘാംഗം: ആദ്യത്തെ ഖലീഫയെ കൂടാതെ ബാക്കിയുള്ളവരെല്ലാം ഒരേ കുടുംബത്തിലെ അംഗങ്ങൾ എങ്ങനെയായിത്തീർന്നു?

ഹുദൂർ അൻവർ: ഇത് അല്ലാഹുവിന്റെ തീരുമാനമാണ്. ഇത് അല്ലാഹുവിന്റെ തൃപ്തിയാണ്. അല്ലാഹു ഇച്ഛിക്കുന്നതുപോലെ അവൻ ചെയ്യുന്നു. ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ തലമുറയിൽനിന്ന് വളരെയധികം നബിമാർ എങ്ങനെ ഉണ്ടായി? ആരെ തിരഞ്ഞെടുക്കണമെന്നത് അല്ലാഹുവിന്റെ ഇഷ്ടമാണ്. ഒരു ഇലക്ട്രൽ കോളേജ് മുഖേനയാണ് ഖലീഫയുടെ തിരഞ്ഞെടുപ്പ് നടക്കുന്നത്. അല്ലാഹു തന്നെയാണ് പ്രസ്തുത അംഗങ്ങളുടെ ഹൃദയങ്ങളിൽ ഇട്ടു കൊടുക്കുന്നതും അതേ വ്യക്തിയെതന്നെ തിരഞ്ഞെടുക്കുന്നതും. ആരാണ് തിരഞ്ഞെടുക്കപ്പെടുന്നതെന്നും ആർക്കും അറിയില്ല.

ചോദ്യകർത്താവ്: അങ്ങയ്ക്കും ഖലീഫയാകാൻ കഴിയുമെന്ന് എപ്പോഴെങ്കിലും വിചാരിച്ചിരുന്നോ?

ഹുദൂർ അൻവർ: തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഞാൻ ഇലക്ട്രൽ കോളേജിന്റെ അധ്യക്ഷനോട് ചോദിച്ചു: ഒഴികഴിവ് പറയാനുള്ള എന്തെങ്കിലും സാധ്യതയുണ്ടോ? എന്ന്. രണ്ടാമത്തെ ഖലീഫയുടെ തിരഞ്ഞെടുപ്പ് സമയത്ത്, എന്നല്ല, മുമ്പേതന്നെ, ജമാഅത്തിൽ ഭിന്നത ഉണ്ടായിരുന്നു. ഒരു പക്ഷേ, അങ്ങയ്ക്ക് അറിയാമായിരിക്കും ജമാഅത്തിൽ രണ്ടു ഗ്രൂപ്പുകളുണ്ടെന്ന്. ഒന്ന് വളരെ ചെറിയൊരു ഗ്രൂപ്പാണ്. ഖിലാഫത്തിൽ ദൃഢവിശ്വാസമുള്ള ഒരു വലിയ ഗ്രൂപ്പുമുണ്ട്. ഈ ഭിന്നതയുണ്ടായപ്പോൾ പ്രസ്തുത അവസരത്തിലും രണ്ടാം ഖലീഫയായ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എതിരാളികളോട് പറഞ്ഞു: നിങ്ങൾ ആരെ ഖലീഫയായി തിരഞ്ഞെടുത്താലും ഞാൻ അദ്ദേഹത്തെ സ്വീകരിക്കും, എനിക്ക് ഖലീഫയാകാൻ ഒരു മോഹവുമില്ല.

ഒരു സംഘാംഗം: നിങ്ങൾക്കും മറ്റു മതങ്ങൾക്കുമിടയിൽ ഡയലോഗ് നടത്താറുണ്ടോ? ഉദാഹരണമായി നിങ്ങൾ പോപ്പുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ. ഉണ്ടെങ്കിൽ നടന്ന സംഭാഷണം എന്താണ്?

ഹുദൂർ അൻവർ: ഞാൻ ഒരിക്കലും പോപ്പിനെ കാണാൻ ശ്രമിച്ചിട്ടില്ല. എന്നാൽ, ഞങ്ങളുടെ രണ്ടാം ഖലീഫ 1924-ൽ ഒരു പ്രാവശ്യം ശ്രമിച്ചിരുന്നു. പക്ഷേ, അദ്ദേഹം കൂടിക്കാഴ്ച നടത്താൻ തയ്യാറായില്ല. തന്റെ കൊട്ടാരപ്പണി നടക്കുന്നതുകൊണ്ട് സ്വാഗതം ചെയ്യൽ സാധ്യമാകില്ലെന്നൊക്കെ അദ്ദേഹം ഒഴികഴിവ് പറഞ്ഞു. അക്കാലഘട്ടത്തിൽ ഇറ്റാലിയൻ പത്രങ്ങളും ഈ വാർത്ത നല്കിയിരുന്നു. തന്റെ കൊട്ടാരപ്പണി നടക്കുന്നതിനാൽ കൂടിക്കാഴ്ച നടത്തുന്നതിന് പോപ്പ് വിസമ്മതിച്ചു. പോപ്പ് അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ച നടത്താൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ കൊട്ടാരപ്പണി ഒരിക്കലും പൂർത്തിയാകുക സാധ്യമാകില്ല.

ഒരു സംഘാംഗം: അങ്ങ് ഇതര മതങ്ങളുടെ നേതാക്കളുമായി സംസാരിക്കാറുണ്ടോ?

ഹുദൂർ അൻവർ: നമ്മുടെ ഭാഗത്തുനിന്ന് തടസ്സമൊന്നുമില്ല. ഞങ്ങൾ തുറന്ന മനസ്ഥിതിക്കാരാണ്. കൂടിക്കാഴ്ച നടത്താനാഗ്രഹിക്കുന്നു. നമ്മുടെ ഹൃദയം തുറന്നു കിടക്കുന്നു. കഴിഞ്ഞ വർഷം ദൈവം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ എന്ന പേരിൽ ലണ്ടനിലെ ഗിൽഡ് ഹാളിൽ ഞങ്ങൾ ഒരു ഇന്റർഫെയ്ത്ത് സെമിനാർ നടത്തിയിരുന്നു. ഇസ്രയേലിൽനിന്നു യഹൂദരുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. ചർച്ചിന്റെ പ്രതിനിധികളും സന്നിഹിതരായിരുന്നു. ദുറൂസികളുടേയും ഹിന്ദുക്കളുടേയും ഇതര മതങ്ങളുടേയും പ്രതിനിധികളും വന്നിരുന്നു.

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin